# മഹാത്മാഗാന്ധി സർവ്വകലാശാല

## 2024 നവംബർ 14, വ്യാഴാഴ്ച രാവിലെ 10.30–ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (24.07) നടപടിക്കുറിപ്പുകൾ

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സി. ടി. അരവിന്ദകുമാർ | വൈസ് ചാൻസലർ (അദ്ധ്യക്ഷൻ) |
| 2. | ശ്രീ. ഹരികൃഷ്ണൻ പി. | സിൻഡിക്കേറ്റംഗം |
| 3. | ഡോ. സുരേഷ് എ എസ് | സിൻഡിക്കേറ്റംഗം |
| 4. | ഡോ. സുജ ടി വി | സിൻഡിക്കേറ്റംഗം |
| 5. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 6. | ശ്രീ. അമൽ എബ്രഹാം | സിൻഡിക്കേറ്റംഗം |
| 7. | അഡ്വ. പി. ബി. സതീഷ് കുമാർ | സിൻഡിക്കേറ്റംഗം |
| 8. | അഡ്വ. റെജി സഖറിയ | സിൻഡിക്കേറ്റംഗം |
| 9. | ഡോ. സെനോ ജോസ് | സിൻഡിക്കേറ്റംഗം |
| 10. | ശ്രീ. അരുൺ കെ ശശീന്ദ്രൻ | സിൻഡിക്കേറ്റംഗം |
| 11. | ഡോ. പി. എസ്. രാധാകൃഷ്ണൻ | സിൻഡിക്കേറ്റംഗം |
| 12. | ഡോ. ബീന മാത്യു | സിൻഡിക്കേറ്റംഗം |
| 13. | ഡോ. ബൈജു കെ. ആർ. | സിൻഡിക്കേറ്റംഗം |
| 14. | ഡോ. ബാബു മൈക്കിൾ | സിൻഡിക്കേറ്റംഗം |
| 15. | അഡ്വ. ജോബ് മൈക്കിൾ എം എൽ എ | സിൻഡിക്കേറ്റംഗം |

സിൻഡിക്കേറ്റ് അംഗമായ ശ്രീമതി. സിനി ജെ. ഷുക്കൂർ (അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്) ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു.

രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും സന്നിഹിതയായിരുന്നു.

**<u>അനുശോചന പ്രമേയം</u>**

മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായ എം. ടി. പത്മ, ചലച്ചിത്ര നടൻ ഡൽഹി ഗണേഷ്, നാടക–ചലച്ചിത്ര ഗായികയും നടിയുമായ മച്ചാട്ട് വാസന്തി, ചലച്ചിത്ര– നാടക നടൻ ടി. പി. കുഞ്ഞിക്കണ്ണൻ, പൂഞ്ഞാർ രാജകുടുംബത്തിലെ വലിയ തമ്പുരാട്ടി അത്തം തിരുനാൾ അംബിക തമ്പുരാട്ടി, പ്രമുഖ വിവർത്തകനും സാഹിത്യകാരനും നിരൂപകനുമായ എം. പി. സദാശിവൻ നായർ, മൃദംഗ വിദ്വാൻ വി. കമലാകർ റാവു എന്നിവരുടെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**<u>അനുമോദന പ്രമേയം</u>**

ടൈംസ് ഹയർ എജ്യുക്കേഷന്റെ 2025–ലേക്കുള്ള വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ മഹാത്മാഗാന്ധി സർവകലാശാല 401 മുതൽ 500 വരെയുള്ള റാങ്ക് വിഭാഗത്തിൽ ഇടം നേടി. കഴിഞ്ഞ വർഷത്തെ 501–600 റാങ്ക് വിഭാഗത്തിൽ നിന്നാണ് ഈ മുന്നേറ്റം. അധ്യാപനം, ഗവേഷണ മികവ് തുടങ്ങി 18 സൂചകങ്ങളെ അടിസ്ഥാനമാക്കിയുള്ള റാങ്കിംഗിൽ ശ്രദ്ധേയമായ ഈ നേട്ടം കൈവരിക്കാനായതിൽ വൈസ് ചാൻസലർ പ്രഫ(ഡോ.) സി. ടി. അരവിന്ദകുമാർ ഉൾപ്പടെയുള്ള സർവകലാശാലാ സമൂഹത്തെ സിൻഡിക്കേറ്റ് യോഗം അഭിനന്ദിക്കുന്നു.

സംസ്ഥാന സർക്കാരിന്റെ നാലാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 2.74 കോടി രൂപ ചെലവിട്ട് മഹാത്മാഗാന്ധി സർവകലാശാലാ സ്റ്റേഡിയത്തിൽ ഫിഫ നിലവാരത്തിൽ നിർമിച്ച നാചറൽ ടർഫ് ഫ്ളഡ്‌ലിറ്റ് ഫുട്ബോൾ കോർട്ട് ഒക്ടോബർ 22–ന് ബഹു. ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുകയുണ്ടായി. സർവകലാശാലയുടെയും കോട്ടയം ജില്ലയുടെയും കായിക വളർച്ചയ്ക്ക് ഊർജ്ജം പകരുന്ന പദ്ധതിക്ക് തുക അനുവദിച്ചതിൽ സംസ്ഥാന സർക്കാരിന് ഈ സിൻഡിക്കേറ്റ് യോഗം നന്ദി അറിയിക്കുന്നു. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നേതൃത്വം നൽകിയ സിൻഡിക്കേറ്റ്, വൈസ് ചാൻസലർ, പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി പ്രഫ. (ഡോ.) ബിനു ജോർജ് വർഗീസ്, എന്നിങ്ങനെ പങ്കാളികളായ എല്ലാവരെയും അഭിനന്ദിക്കുന്നു.

മഹാത്മാഗാന്ധി സർവകലാശാലയുടെ പുതിയ രജിസ്ട്രാറായി പ്രഫ. (ഡോ.) ബിസ്മി ഗോപാലകൃഷ്ണൻ ഒക്ടോബർ മൂന്നാം തീയതി ചുമതലയേൽക്കുകയുണ്ടായി. സർവകലാശാലയുടെ സിൻഡിക്കേറ്റ് അംഗം,

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ എിവയുടെ ഡയറക്ടർ, സർവകലാശാലാ റിസർച്ച് ഡയറക്ടർ തുടങ്ങിയ നിലകളിൽ ശ്രദ്ധേയമായ സേവനം കാഴ്ചവച്ചിട്ടുള്ള പ്രഫ. ബിസ്മിക്ക് സർവകലാശാലാ സിൻഡിക്കേറ്റിന്റെ അനുമോദനങ്ങൾ. സർവകലാശാലയുടെ ആദ്യ വനിതാ രജിസ്ട്രാറായ പ്രഫ. ബിസ്മിക്ക് പുതിയ ചുമതലയും മികവോടെ നിർവഹിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

അമേരിക്കയിലെ സ്റ്റാൻഫഡ് സർവകലാശാലയും നെതർലാൻഡ്സിലെ പ്രമുഖ പ്രസിദ്ധീകരണ കമ്പനിയായ എൽസെവിയറും ചേർന്ന് തയ്യാറാക്കിയ ലോകത്തിലെ മികച്ച രണ്ടു ശതമാനം ശാസ്ത്രജ്ഞരുടെ 2024-ലെ പട്ടികയിൽ സർവകലാശാലാ മുൻ വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, സ്കൂൾ ഓഫ് പോളിമർ സയൻസ് ആന്റ് ടെക്നോളജി ഡയറക്ടർ ഡോ. എം. എസ്. ശ്രീകല, ബിസിനസ് ഇവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ (ബി.ഐ.ഐ.സി) ഡയറക്ടറായ ഡോ. ഇ. കെ. രാധാകൃഷ്ണൻ എിന്നിവർ ഇടം നിലനിർത്തി. മൂവരെയും സർവകലാശാലാ സിൻഡിക്കേറ്റ് യോഗം അഭിനന്ദിച്ചുകൊള്ളുന്നു.

കാർഷിക മേഖലയിൽ ഡ്രോൺ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുതിനായി കുടുംബശ്രീ വനിതകൾക്കായുള്ള പരിശീലനത്തിന് മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് തുടക്കം കുറിച്ചു. സംസ്ഥാനത്ത് ആദ്യമായി ഡ്രോൺ പരിശീലനത്തിന് തുടക്കം കുറിക്കുകയും പ്രസ്തുത പരിശീലനത്തിന്റെ പുതു സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന സ്കൂൾ ഓഫ് എൻവയോമെൻൽ സയൻസസ് മേധാവി മഹേഷ് മോഹനും സഹപ്രവർത്തകർക്കും സിൻഡിക്കേറ്റിന്റെ അനുമോദനങ്ങൾ.

റഗുലർ ബിരുദത്തിന് തുല്യമായ ഓൺലൈൻ എം.ബി.എ, എംകോം പ്രോഗ്രാമുകൾക്ക് ഏറെ സ്വീകാര്യത ലഭിച്ചതിനു പിന്നാലെ സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എജ്യുക്കേഷൻ കൂടുതൽ ഓൺലൈൻ പ്രോഗ്രാമുകൾക്ക് തുടക്കം കുറിക്കുകയാണ്. ബി.കോം ഓണേഴ്സ്, എം.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പ്രോഗ്രാമുകളിൽ പ്രവേശനം ആരംഭിച്ചു. അനുമതി ലഭിച്ചിട്ടുള്ള മറ്റു പ്രോഗ്രാമുകൾ ഉടൻ ആരംഭിക്കും. ഇതിനുള്ള പ്രവർത്തനങ്ങൾ ചിട്ടയായി നിർവഹിക്കു സി.ഡി.ഒ.ഇ ഡയറക്ടർ പ്രഫ.(ഡോ.) പി. പി. നൗഷാദിനെയും സഹപ്രവർത്തകരെയും അഭിനന്ദിക്കുന്നു.

പഴവർഗ്ഗങ്ങൾ കേട്ടുകൂടാതെ ദീർഘനാൾ സൂക്ഷിക്കുതിന് സഹായകമായ സാങ്കേതിക വിദ്യയിൽ തുടർപഠനത്തിന് യഥേഷ്ട് അഡ്വാൻസ്ഡ് ടെക്നോളജിസ് പ്രൈവറ്റ് ലിമിറ്റഡും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ ധാരണയായി. യഥേഷ്ട് കമ്പനി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ കർഷകർക്ക് ഏറെ പ്രയോജനകരമാകുന്ന രീതിയിൽ വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുതിനു മുന്നോടിയായാണ് സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിന്റെ (ബിഐഐസി) പിന്തുണയോടെ തുടർപഠനം നടത്തുന്നത്. ബിഐഐസി-ക്ക് അഭിനന്ദനങ്ങൾ. തുടർപ്രവർത്തനങ്ങൾക്ക് വിജയാശംസകൾ നേരുന്നു.

മൈക്രോ ബയോളജിസ്റ്റ്സ് സൊസൈറ്റി ഇന്ത്യയുടെ 2024-ലെ സീനിയർ സയന്റിസ്റ്റ് അവാർഡിന് മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻറ് ടെക്നോളജി മേധാവി പ്രഫ. എം. സ്. ജിഷയ്ക്ക് സിൻഡിക്കേറ്റ് യോഗത്തിന്റെ അഭിനനങ്ങൾ അറിയിക്കുന്നു. മഹാത്മാഗാന്ധി സർവകലാശാലയും കോയമ്പത്തൂരിലെ തമിഴ്നാട് അഗ്രിക്കൾച്ചറൽ സർവകലാശാലയും (ടി.എൻ.എ.യു) തമ്മിൽ വിവിധ മേഖലകളിൽ സഹകരണത്തിന് ധാരണയുണ്ടാക്കുതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതിനും ഡോ. ജിഷയെ അഭിനന്ദിച്ചുകൊള്ളുന്നു.

**(I) നിയമ പ്രാധാന്യമുള്ള പരിഗണന ഇനം**

**ഇനംനമ്പർ 01/24.07/240002**

**30.08.2024-നു കൂടിയ അക്കാദമിക് കൗൺസിൽ യോഗ നടപടിക്രമങ്ങൾ - സിൻഡിക്കേറ്റ് മുൻപാകെ വെയ്ക്കുന്നത് - സംബന്ധിച്ച്**

30.09.2024-ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗ നടപടിക്രമങ്ങൾ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് അദ്ധ്യായം V, സെക്ഷൻ 40(1) പ്രകാരവും 1997-ലെ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് - 39-ാം അദ്ധ്യായം - സ്റ്റാറ്റ്യൂട്ട് 3 പ്രകാരവും സിൻഡിക്കേറ്റിന് മുൻപാകെ സമർപ്പിച്ചു. **(അനുബന്ധം-1)**

(II) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:

**ഇനംനമ്പർ 02/24.07/28335/P&D 1-1/2022**

**മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറി റീ മോഡലിംഗ് & ഫർണിഷിങ് ചെയ്യുന്ന പ്രവൃത്തിയുടെ സെക്കന്റ് & ഫൈനൽ ബിൽ തുകയായ 69,20,053/- രൂപ കരാറുകാരന് അനുവദിച്ചുകൊണ്ടു ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം ഉത്തരവായതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും ടി ഉത്തരവിനെ പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച് :-**

സർവ്വകലാശാല ലൈബ്രറി റീ മോഡലിംഗ് & ഫർണിഷിങ് ചെയ്യുന്ന പ്രവൃത്തിയുടെ സെക്കന്റ് & ഫൈനൽ ബിൽ തുകയായ 69,20,053/- രൂപ കരാറുകാരന് നൽകുന്നതിനായി സർവ്വകലാശാല എൻജിനീയർ അപേക്ഷ സമർപ്പിച്ചിരിന്നു.

മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തി ധനകാര്യ വിഭാഗം പരിശോധിക്കുകയും പ്രസ്തുത പ്രവർത്തിയുടെ സെക്കന്റ് & ഫൈനൽ ബിൽ തുകയായ 69,20,053/- രൂപ അനുവദിക്കാവുന്നതാണെന്നും മേൽ തുകയിൽ നിന്നും നിയമാനുസൃതമായ കിഴിവുകൾ [IT(1%)- Rs.58,644/-, WWF (1%)-Rs.58,644/-[(Amount of cess to the Board (KCWWF))-57,838/-+(Cost of collection charge remitted to FO's account(1% of WWF)- Rs.806/-)], GST (2%)- Rs.1,17,289/-, Fine for delay in execution of agreement-Rs.25,000/-].വകയിരുത്തേണ്ടതാണെന്നും ആദ്യ & പാർട്ട് ബില്ലിൽ Retention ഇനത്തിൽ കുറവ് ചെയ്ത ₹54,795/- (അന്പത്തിനാലായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റഞ്ച് രൂപ മാത്രം) രൂപ കരാറുകാരന് അനുവദിക്കാവുന്നതാണെന്നും ശുപാർശ ചെയ്തു. ടി ശുപാർശ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിക്കുകയും തദനുസരണം സർവ്വകലാശാല ഉത്തരവ് നമ്പർ: 8294/പി&ഡി 1/2024/എം.ജി.യു, തീയതി:11.09.2024 പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ടി ഉത്തരവിൽ M/s. Ajith Interiors-ന് അനുവദിക്കേണ്ട സെക്കൻഡ് & ഫൈനൽ ബിൽ തുക തുകയോടൊപ്പം ആദ്യ & പാർട്ട് ബില്ലിൽ Retention ഇനത്തിൽ കുറവ് ചെയ്ത ഫിനാൻസ് ഓഫിസറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 54,795/- (അന്പത്തിനാലായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റഞ്ച് രൂപ മാത്രം) രൂപ കരാറുകാരന് പ്രത്യേകം തിരികെ നൽകാവുന്നതാണ് എന്ന് രേഖപ്പെടുത്തിയിരുന്നു എങ്കിലും കിഴിവിന് ശേഷം കൊടുക്കേണ്ട തുകയിൽ (the amount payable to the contractor) retention amount ചേർത്ത് എഴുതിയിരുന്നില്ല. ആയതിനാൽ ഈ ഉത്തരവ് പരിഷ്കരിക്കാൻ വൈസ് ചാൻസലർ അനുമതി നൽകുകയും തദനുസരണം ഉത്തരവ് നമ്പർ :8546/P&D1/2024/MGU Dated 23.09.2024 പുറപ്പെടുവിക്കുകയും ചെയ്തു
ബഹു. വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട മേല്പറഞ്ഞ പ്രകാരമുള്ള നടപടിയും തദനുസരണം പുറപ്പെടുവിച്ച, 11.09.2024-ലെ 8294/പി & ഡി 1/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 03/24.07/25684/AD A3/4/2019**

**സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ സർക്കാർ ഉത്തരവ് പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

വയനാട് ദുരന്തം - ജില്ലയുടെ പുനഃനിർമാണ പ്രവർത്തങ്ങളുടെ ഭാഗമായി സംസ്ഥാന പെൻഷൻകാരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്നത് സംബന്ധിച്ച മാർഗനിർദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച കത്ത് നമ്പർ. 2881217/ഫണ്ട്സ്/4/66/2024-ധന, തീയതി 29/08/2024, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 13.09.2024-ലെ 98903/AD A3-4/2024/AD A3 നമ്പർ പുറത്തെഴുത്തും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 04/24.07/101226/AD B4-1/2023** **സർവ്വകലാശാലയിൽ NAAC Accreditation process - ന്റെ ഭാഗമായി സർവ്വകലാശാലയുടെ entrance-ൽ Video Wall സ്ഥാപിച്ച വകയിൽ, Hawaii sign and Led LLP (Cochin), Ernakulam എന്ന സ്ഥാപനത്തിന് തുക അനുവദിച്ച്കൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10 (17) ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനം - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

NAAC Accreditation process-ന്റെ ഭാഗമായി സർവ്വകലാശാലയിൽ ഒരു Video Wall സ്ഥാപിച്ച വകയിൽ M/s. Hawaii sign and Led LLP (Cochin), Ernakulam എന്ന സ്ഥാപനത്തിന് 5,86,824/- രൂപ (അഞ്ചു ലക്ഷത്തി എൺപത്തി ആറായിരത്തി എണ്ണൂറ്റി ഇരുപത്തിനാല് രൂപ മാത്രം) അനുവദിച്ച് കൊണ്ട് മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.09.2024 തീയതിയിലെ 8400/ADB4/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 05/24.07/132217/AC A3-1/2023** **ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വൈവ പരീക്ഷയിൽ ആനുകൂല്യം അനുവദിച്ചുകൊണ്ടുള്ള 15.06.2024 തീയതിയിലെ നം.5312/AC A3/2024/എം.ജി.യു ഉത്തരവ് പരിഷ്കരിക്കണമെന്നുള്ള പരീക്ഷാ കൺട്രോളറുടെ ശിപാർശ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്:-**

ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വൈവ പരീക്ഷയിൽ ആനുകൂല്യം അനുവദിച്ചുകൊണ്ട് 15.06.2024 തീയതിയിൽ സർവകലാശാലാ ഉത്തരവ് നം.5312/ACA3/2024/എം.ജി.യു പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഭിന്നശേഷി വിഭാഗത്തിലെ വിദ്യാർത്ഥികളെ വൈവ പരീക്ഷയിൽ നിന്ന് ഒഴിവാക്കിയിരുന്നു. ടി വിദ്യാർത്ഥികളുടെ പ്രസ്തുത പരീക്ഷയുടെ മാർക്ക് ആ സെമസ്റ്ററിലെ പ്രൊജക്ടിന്റെ മാർക്ക്/ഗ്രേഡ് - ന് ആനുപാതികമായി കണക്കാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. സർവകലാശാലയിൽ വിവിധ പ്രോഗ്രാമുകൾക്ക് സെമസ്റ്റർ പരീക്ഷകളിൽ വൈവ ഉൾപ്പെടുകയും എന്നാൽ പ്രൊജക്ട് ഇല്ലാതിരിക്കുകയുമായ സാഹചര്യം നിലനിൽക്കുന്നതിനാൽ പ്രൊജക്ട് ഇല്ലാത്ത മറ്റ പ്രോഗ്രാമുകൾക്കും ബാധകമാക്കി മേൽ ഉത്തരവ് ഭേദഗതി ചെയുന്നതിന് പരീക്ഷാ കൺട്രോളർ ശിപാർശ ചെയ്തിരുന്നു.

പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ, മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവ് ഭേദഗതി ചെയ്ത് "പ്രൊജക്ട് ഉള്ള സെമസ്റ്ററുകളിൽ പ്രോജക്ടിന്റെ മാർക്കിന് ആനുപാതികമായും, പ്രൊജക്ട് ഇല്ലാത്ത സെമസ്റ്ററുകളിൽ ആ സെമസ്റ്ററിലെ തിയറി പേപ്പറുകളുടെ മാർക്ക്/ഗ്രേഡ് - ന് ആനുപാതികമായും വൈവ പരീക്ഷയുടെ മാർക്ക് കണക്കാക്കണം" എന്ന് മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 09.09.2024-ലെ 8189/AC A3/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 06/24.07/98759/PR 1-3/2024** **കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഓപ്പൺ ലിബറലൈസ്ഡ് സ്കീം മുഖാന്തിരം ബി.എ. ഇംഗ്ലീഷ് ബിരുദം നേടി, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2011-2013 കാലയളവിൽ പ്രൈവറ്റ് രജിസ്ട്രേഷൻ വഴി എം.എ അറബിക് പഠനം പൂർത്തീകരിച്ച് , പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ലഭിച്ച മുഹമ്മദ് റെഷീൻ എ വി.എന്ന വിദ്യാർത്ഥിയുടെ പി.ജി. ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സിൻഡിക്കേറ്റ് അംഗം ഡോ. ജോജി അലക്സിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള വൈസ് ചാൻസിലറുടെ ഉത്തരവ് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഓപ്പൺ ലിബറലൈസ്ഡ് സ്കീം വഴി ബി.എ. ഇംഗ്ലീഷ് ഡിഗ്രി കരസ്ഥമാക്കി, 2011-ൽ പ്രൈവറ്റ് രജിസ്ട്രേഷൻ വഴി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഡ്മിഷൻ എടുത്ത് എം.എ. അറബിക് ബിരുദാനന്തരബിരുദം വിജയിച്ച മുഹമ്മദ് റെഷിൻ എം. വി. എന്ന

വിദ്യാർത്ഥിയുടെ പി. ജി. ഡിഗ്രി സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയിന്മേൽ 29.06.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗമായ ഡോ. സിനി കുര്യനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിരുന്നു. എന്നാൽ, മുൻ സിൻഡിക്കേറ്റിന്റെ കാലാവധി അവസാനിച്ചതിനാൽ, നിലവിലെ സിൻഡിക്കേറ്റ് അംഗം ഡോ. ജോജി അലക്സിനെ ടി വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 25.08.2024-ലെ 7755/PR 1/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 07/24.07/39690/DSS 2/2023**

**ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ് - 2024 - '25 വർഷത്തേക്കുള്ള ആക്സിഡന്റ് / ഡെത്ത് ഇൻഷ്വറൻസ് പോളിസിയുടെ ആദ്യ ഗഡുവായി 13,60,514/- രൂപ (പതിമൂന്ന് ലക്ഷത്തി അറുപതിനായിരത്തി അഞ്ഞൂറ്റി പതിനാല് രൂപ മാത്രം) പ്രീമിയം തുകയായി നൽകുന്നതിന് ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായതിനെ തുടർന്നു പുറപ്പെടുവിച്ച സർവകലാശാല ഉത്തരവ് - സിന്റിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് .-**

മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നിന്നും വ്യത്യസ്ത പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി സർവകലാശാല ഏർപ്പെടുത്തിയിട്ടുള്ള ആക്സിഡന്റ് / ഡെത്ത് ഇൻഷ്വറൻസ് സ്കീം 2023-'24 അധ്യയന വർഷം ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി ഉണ്ടാക്കിയ ഇൻഷ്വറൻസ് പോളിസിയുടെ കരാർ 14.07.2024-ന് അവസാനിക്കുന്ന സാഹചര്യമായതിനാലും, നിലവിലെ ഇൻഷ്വറൻസ് പുതുക്കേണ്ട സാഹചര്യം കണക്കിലെടുത്തും ടി വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം പരിഗണിച്ചും, വിവരങ്ങൾ ലഭ്യമായ 71,606 വിദ്യാർത്ഥികൾക്ക് താമസം വിനാ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് ചുവടെ പറയുന്നവ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി:

1.ഒരു കുട്ടിക്ക് 19 രൂപ നിരക്കിൽ നിലവിൽ വിവരങ്ങൾ ലഭ്യമായ 71,606 കുട്ടികൾക്ക് (71606 X19= 13,60,514 only) ₹13,60,514/- (പതിമൂന്ന് ലക്ഷത്തി അറുപതിനായിരത്തി അഞ്ഞൂറ്റി പതിനാല് രൂപ മാത്രം) ഇൻഷ്വറൻസ് പ്രീമിയം തുകയായി THE NEW INDIA ASSURANCE COMPANY LTD. IRINJALAKKUDA BO-760304, NAKKARA COMPLEX, OPPO. TOWN HALL-680121 യുടെ പേരിൽ നൽകുന്നതിനുള്ള ഡി എസ് എസ് വകുപ്പ് മേധാവിയുടെ ശിപാർശ അംഗീകരിക്കുന്നതിനുള്ള അനുമതി .

2.പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തിലെ സർവ്വകലാശാല ബജറ്റിലെ 22 402 62 (a) - Group Insurance Scheme എന്ന ശീർഷകത്തിൽ വകയിരുത്തി ഡി.എസ്.എസ് ന്റെ പി.ഡി അക്കൗണ്ടായ 57004095420 ൽ നിന്നും പിൻവലിക്കാവുന്നതാണ് .

3.വിവരങ്ങൾ ലഭ്യമായ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുന്നതിനുള്ള അനുമതി.

മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ മേൽ ശിപാർശകൾ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 12.07.2024-ലെ 6347/DSS/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 08/24.07/AD AII /2/169/2018**

**സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് -ലെ പ്രൊഫസർ ആയ ഡോ. ബിസ്മി ഗോപാലകൃഷ്ണന് അന്യത്ര സേവനവ്യവസ്ഥയിൽ സർവകലാശാല രജിസ്ട്രാറായി നിയമനം നൽകിയത് - സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് -ലെ വകുപ്പധ്യക്ഷ സ്ഥാനത്തു നിന്നും വിടുതൽ ചെയ്യുന്നത് സംബന്ധിച്ച് - മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായത് - സിന്റിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് -സംബന്ധിച്ച് .**

സർവകലാശാല ഉത്തരവ് നമ്പർ. 4235/AII/2/2018/Admn തീയതി, 25.05.2018 പ്രകാരം ഡോ. ബിസ്മി ഗോപാലകൃഷ്ണൻ-നെ 03.05.2018 FN തീയതി പ്രാബല്യത്തിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് -ൽ പ്രൊഫസർ തസ്തികയിൽ നിയമിച്ചിരുന്നു. സർവകലാശാല ഉത്തരവ് നമ്പർ. 4282/AD A2/2024/MGU തീയതി, 24.05.2024 പ്രകാരം 25.06.2024 തീയതി മുതൽ ടിയാളെ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്-ലെ വകുപ്പ് മേധാവിയായി നിയമിച്ചിരുന്നു. ഡോ. ബിസ്മി ഗോപാലകൃഷ്ണന് അന്യത്ര സേവന വ്യവസ്ഥയിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ രജിസ്ട്രാർ തസ്തികയിലേക്ക് സർവകലാശാല ഉത്തരവ് നമ്പർ. 8781/AD A2/2024/MGU തീയതി 30.09.2024 പ്രകാരം നിയമനം നൽകി ഉത്തരവായി.

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 05.10.2024-ലെ 8954/ADA2/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

1. ഡോ. ബിസ്മി ഗോപാലകൃഷ്ണൻ രജിസ്ട്രാറായി ചുമതലയേൽക്കുന്ന സാഹചര്യത്തിൽ, ടിയാളെ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് -ലെ വകുപ്പധ്യക്ഷ സ്ഥാനത്ത് നിന്നും 03.10.2024 പൂർവാഹ്നം മുതൽ വിടുതൽ ചെയ്യുന്നു. ഡോ. ബിസ്മി ഗോപാലകൃഷ്ണൻ ഇനിയൊരുത്തരവുണ്ടാകുന്നത് വരെ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് - ന്റെ വകുപ്പധ്യക്ഷയുടെ ചുമതല വഹിക്കേണ്ടതാണ്.
2. ഡിപ്പാർട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് -ന്റെ പഠന വകുപ്പ് മേധാവിയുടെ ചുമതല ഡോ. ബിസ്മി ഗോപാലകൃഷ്ണൻ തുടർന്നും വഹിക്കേണ്ടതാണ്.
3. ഡോ. ബിസ്മി ഗോപാലകൃഷ്ണന് തന്റെ സൗകര്യാർത്ഥം സർവകലാശാലയിൽ അധ്യാപനവും ഗവേഷണ മേൽനോട്ടവും നിർവഹിക്കാവുന്നതാണ്.

**ഇനംനമ്പർ 09/24.07/14593/EN 8-1/2024**

**മൂല്യനിർണ്ണയം മുതലുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കി പരീക്ഷാ ഫലം വേഗത്തിൽ പ്രഖ്യാപിക്കുന്നതിന് മൊബൈൽ ആപ്പ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് മൂന്നാർ ഗവൺമെന്റ് കോളേജിലെ കോമേഴ്സ് വിഭാഗം അധ്യാപകനും അടിമാലി മൂല്യനിർണ്ണയ ക്യാമ്പിലെ കോമേഴ്സ് വിഭാഗം ഡെപ്യൂട്ടി ചെയർമാനുമായ ഡോ. മനേഷ് എൻ.എ സമർപ്പിച്ചിരിക്കുന്ന നിർദ്ദേശം സംബന്ധിച്ച് - സിൻഡിക്കേറ്റ് തീരുമാന പ്രകാരം രൂപീകൃതമായ കമ്മീഷൻ പുനഃസംഘടിപ്പിച്ച് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം iii വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടി - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാല നടത്തുന്ന പരീക്ഷകളുടെ മൂല്യനിർണ്ണയം മുതലുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കി പരീക്ഷാഫലം വേഗത്തിൽ പ്രഖ്യാപിക്കുന്നതിന് ഒരു മൊബൈൽ ആപ്പ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് മൂന്നാർ ഗവൺമെന്റ് കോളേജിലെ കോമേഴ്സ് വിഭാഗം അധ്യാപകനും അടിമാലി മൂല്യനിർണ്ണയ ക്യാമ്പിലെ കോമേഴ്സ് വിഭാഗം ഡെപ്യൂട്ടി ചെയർമാനുമായ ഡോ. മനേഷ് എൻ.എ ബഹു. വൈസ് ചാൻസലർ/ പരീക്ഷാ കൺട്രോളർ മുൻപാകെ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ വിശദമായി പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ.ഷജില ബീവി. എസ്, ശ്രീ. ഹരികൃഷ്ണൻ പി എന്നിവരെ നിയോഗിക്കുന്നതിനും IT Cell 2, IT Cell ഡയറക്ടർ എന്നിവരുടെ സേവനം കമ്മീഷന് ലഭ്യമാക്കുന്നതിനും 29.06.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം തീരുമാനിക്കുകയും അതിൻപ്രകാരം നമ്പർ 7038/EN 8/2024/എം.ജി.യു തീയതി 31.07.2024 സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി ഉത്തരവ് പ്രകാരം ചുമതല നൽകിയിരുന്ന സിൻഡിക്കേറ്റ് അംഗങ്ങളുടെ കാലാവധി അവസാനിക്കുകയും പുതിയ സിൻഡിക്കേറ്റ് നിലവിൽ വരികയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത കമ്മീഷനിൽ ഉൾപ്പെട്ടിരുന്ന ഡോ. ഷജില ബീവി എസ്. ന് പകരം ഡോ. ജോജി അലക്സിനെ നാമനിർദ്ദേശം ചെയ്യുകയും കമ്മീഷനിൽ അംഗമായിരുന്ന ശ്രീ. ഹരികൃഷ്ണൻ പി. യെ തുടരാൻ അനുമതി നൽകുകയും ചെയ്തു കമ്മീഷൻ പുനഃ സംഘടിപ്പിച്ച് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 01.10.2024-ലെ 8849/EN 8/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 10/24.07/131750/CBCSS 17-3/2023**

**എടത്വ സെൻറ് അലോഷ്യസ് കോളേജിലെ സി.ബി.സി.എസ്. ബിഎസ് സി. മാത്തമാറ്റിക്സ് മോഡൽ 1 വിദ്യാർത്ഥി SREEJITH SUBASH (PRN: 210021032565) ഉടനെ പരീക്ഷ ഇല്ലാത്ത സാഹചര്യത്തിൽ 5, 6 സെമസ്റ്ററുകളിലെ ഇന്റേണൽ പരീക്ഷകളും, പ്രോജക്ട് വൈവ എന്നിവ പ്രത്യേകമായി എഴുതാൻ അനുമതി ലഭിക്കുന്നതിനായി സർവ്വകലാശാലയിൽ സമർപ്പിച്ച അപേക്ഷയിന്മേലുള്ള സിൻഡിക്കേറ്റ് യോഗ തീരുമാനത്തിൽ കോളേജ് തലത്തിൽ നടപടികൾ സ്വീകരിക്കാത്തത് - സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി സ്റ്റുഡന്റ്സ് വെൽഫെയർ ആന്റ് ഗ്രിവൻസ് യോഗത്തിന്റെ ശുപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 അനുച്ഛേദം 10 (17) ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് വൈസ് ചാൻസർ അംഗീകരിച്ചത് - സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

എടത്വ സെൻറ് അലോഷ്യസ് കോളേജിലെ സി.ബി.സി.എസ്. ബിഎസ് സി. മാത്തമാറ്റിക്സ് മോഡൽ 1 വിദ്യാർത്ഥി SREEJITH SUBASH (PRN: 210021032565) ഉടനെ പരീക്ഷ ഇല്ലാത്ത സാഹചര്യത്തിൽ 5, 6 സെമസ്റ്ററുകളിലെ ഇന്റേണൽ പരീക്ഷകളും, പ്രോജക്ട് വൈവ എന്നിവ പ്രത്യേകമായി എഴുതാൻ അനുമതി ലഭിക്കുന്നതിനായി സർവ്വകലാശാലയിൽ സമർപ്പിച്ച അപേക്ഷയിന്മേലുള്ള സിൻഡിക്കേറ്റ് യോഗ തീരുമാനത്തിൽ കോളേജ് തലത്തിൽ നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച വിഷയത്തിൽ, 02.09.2024-ന് കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി സ്റ്റുഡന്റ്സ് വെൽഫെയർ & ഗ്രീവൻസസ് യോഗത്തിന്റെ നടപടിക്രമങ്ങളുടെ ചുരുക്കം ഇനം നമ്പർ 131750/CBCSS 17-3/2023 പ്രകാരം പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, ശ്രീ. അമൽ എബ്രഹാം എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു.

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി സ്റ്റുഡന്റ്സ് വെൽഫെയർ ആന്റ് ഗ്രിവൻസ് യോഗത്തിന്റെ മേൽ ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 13.09.2024 ലെ 8362/CBCSS 17/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 11/24.07/25684/AD A3/4/2019**

**2023-2024-ലെ ബോണസ്/പ്രത്യേക ഉത്സവ ബത്ത, ഓണം അഡ്വാൻസ് അനുവദിച്ച സർക്കാർ ഉത്തരവുകൾ - ഓണം അഡ്വാൻസ് പത്ത് മാസ തുല്യ ഗഡുക്കളായി ശമ്പളത്തിൽ നിന്നും തിരികെ ഈടാക്കുന്നത് സംബന്ധിച്ച് - സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ നടപ്പിലാക്കിയത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

1. സംസ്ഥാന സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും 2023-2024-ലെ ബോണസ്/പ്രത്യേക ഉത്സവ ബത്ത അനുവദിച്ചുകൊണ്ട് സർക്കാർ 06/09/2024 തീയതിയിലെ സ.ഉ.(അച്ചടി) നം.78/2024/ധന, പുറത്തെഴുത്ത് നം.32053/AD A3/4/2019/ADMIN, തീയതി.07.09.2024 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയത് .

2.സംസ്ഥാന സർക്കാർ ജീവനക്കാർക്കും പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ്, എൻ.എം.ആർ./സി.എൽ.ആർ. ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും 2024-ലെ ഓണം അഡ്വാൻസ് അനുവദിച്ചുകൊണ്ടുള്ള 06/09/2024 തീയതിയിലെ സ.ഉ.(അച്ചടി) നം. 77/2024/ധന, ഉത്തരവ്, പുറത്തെഴുത്ത് നം.31799/AD A 3/4/2019/ADMIN തീയതി. 07.09.2024 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയത് .

3.2024-ലെ ഓണം അഡ്വാൻസ് പത്ത് മാസ തുല്യഗഡുക്കളായി ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും തിരികെ ഈടാക്കുന്നതിന് അനുമതി നൽകുകയും 11.09.2024-ലെ ഉത്തരവ് 8276/ADA3/2024/MGU പുറപ്പെടുവിക്കുകയും ചെയ്തത്.

വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയ മേൽപ്പറഞ്ഞ നടപടികളും തദനുസരണം പുറപ്പെടുവിച്ച പുറത്തെഴുത്തുകളും/ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 12/24.07/115598/AD A3-4/2024** **സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ സർക്കാർ ഉത്തരവ് പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

"സംവരണാനുസൃതം പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലോ മറ്റ് പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ വിഭാഗങ്ങൾക്ക് (Economically Weaker Sections)" 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തിക്കൊണ്ടു ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പുറപ്പെടുവിച്ച 12/02/2020 ലെ സ. ഉ.(എംഎസ്)നം.2/2020/ഉ.ഭ.പ.വ, സർക്കാർ ഉത്തരവിലെ കുടുംബ വാർഷിക വരുമാനം കണക്കാക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളിൽ നിലവിൽ ഒഴിവാക്കിയിട്ടുള്ള 7 വരുമാന ഇനങ്ങൾക്ക് താഴെ, എട്ടാമതായി വിദ്യാഭ്യാസ ആവശ്യത്തിനായി ലഭിക്കുന്ന സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഭേദഗതി വരുത്തി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് സ. ഉ.(കൈ) നം. 14/2024/P&ARD, തീയതി 05/08/2024, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.10.2024-ലെ 115598/AD A3-4/2024/AD A 3 നമ്പർ പുറത്തെഴുത്തും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 13/24.07/9372/AC B2-2/2023** **സ്വകാര്യ എയ്ഡഡ് കോളേജുകൾ – കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് പ്രിൻസിപ്പലായി ഡോ. മഞ്ജു കുര്യന്റെ നിയമനം ബഹു.വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം താൽക്കാലികമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്:**

കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് പ്രിൻസിപ്പൽ ആയി നേരിട്ടുള്ള നിയമനം വഴി ഡോ.ലീന ജോർജ് 31.05.2015 അപരാഹ്നത്തിൽ വിരമിച്ച ഒഴിവിൽ, 01.09.2023 പൂർവാഹ്നം മുതൽ നിയമിതയായ ഡോ. മഞ്ജു കുര്യന്റെ നിയമനം അംഗീകരിക്കുന്നതിനുള്ള ശിപാർശ കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് അസോസിയേഷൻ സെക്രട്ടറി 09.01.2023 തീയതിയിൽ സർവകലാശാലയിൽ സമർപ്പിച്ചിരുന്നു. കോളേജ് മാനേജ്മെന്റ്, ഡോ. മഞ്ജു കുര്യൻ എന്നിവർ പരാതിക്കാരായി ബഹു. ഹൈക്കോടതി മുൻപാകെ WP(C)21801 of 2023 റിട്ട് പെറ്റീഷൻ സമർപ്പിക്കുകയും, വിഷയത്തിൽ ആറാഴ്ചക്കകം തീരുമാനമെടുക്കണമെന്ന് ബഹു: ഹൈക്കോടതി 17.07.2024 തീയതിയിൽ വിധി പുറപ്പെടുവിക്കുകയും ചെയ്തുപ്രസ്തുത വിഷയത്തിൽ 09.09.2024 തീയതിയിൽ ബഹു വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985. അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം താഴെപ്പറയുന്ന ഉത്തരവ് നൽകി .

Provisionally granted approval of appointment of Dr.Manju Kurian , subject to the outcome of Writ Appeal 188/2020 and connected cases. Further, obtain an undertaking from the First petitioner (College Management) that the order of approval is provisional and the same is subject to the judgment in WA 188/2020.

മേൽപ്പറഞ്ഞ പ്രകാരമുള്ള undertaking ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ വിഷയത്തിൽ നിയമോപദേശം തേടുകയും ആയതിന്റെ അടിസ്ഥാനത്തിൽ, വൈസ് ചാൻസലറുടെ മേൽ ഉത്തരവ് പ്രകാരം ഡോ മഞ്ജു കുര്യന്റെ നിയമനം writ Appeal 188/2020-ഉം അനുബന്ധ കേസുകൾക്കും വിധേയമായിരിക്കും എന്ന നിബന്ധനയോടെ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം താത്കാലികമായി അംഗീകരിച്ചു കൊണ്ട് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.10.2024 തീയ്യതിയിലെ 8981/ACB2/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 14/24.07/119497/AC A5-1/2024** **സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് – മാസ്റ്റേഴ്സ് പ്രോഗ്രാം – കോഴ്സ് കോഡുകൾ തിരുത്തിയത് അംഗീകരിച്ച – മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985 അധ്യായം III. വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് .**

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ജോയിന്റ് ഡയറക്ടർ പ്രസ്തുത പഠന വകുപ്പിലെ മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ ചില കോഴ്സുകളുടെ കോഴ്സ് കോഡുകൾ തിരുത്തിയത് മഹാത്മാഗാന്ധി സർവകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

പ്രസ്തുത കോഴ്സുകളുടെ കോഴ്സ് കോഡുകൾ പരിഷ്കരിച്ചത് മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 17.10.2024-ലെ 9394/ACA5/2024/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം-V 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 15/24.07/116005/AD A2-3/2023**

**ഡോ. ബിസ്മി ഗോപാലകൃഷ്ണനെ സർവ്വകലാശാലാ രജിസ്ട്രാർ ആയി നിയമിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 ഉപവകുപ്പ് 17 പ്രകാരമുള്ള അധികാരമുപയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട നടപടി സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:**

16.11.2023 തീയതിയിലെ വിജ്ഞാപനം നം.116005/AD A 2-3/2023/AD A2 പ്രകാരം രജിസ്ട്രാർ തസ്തികയിലേക്ക് നിയമനത്തിനായുള്ള അപേക്ഷ ക്ഷണിച്ചിരുന്നു.പ്രസ്തുത വിജ്ഞാപനത്തിലെ സ്കെയിൽ ഓഫ് പേ, പ്രായപരിധി എന്നിവയിൽ പരിഷ്കാരം വരുത്തി 04.12.2023 തീയതിയിലെ വിജ്ഞാപനം നമ്പർ 116005 / AD A2-3/ 2023/AD A2 പ്രകാരം പുനർവിജ്ഞാപനം ചെയ്തിരുന്നു. പ്രസ്തുത വിജ്ഞാപനപ്രകാരം 24.06.2024 തീയതിയിൽ രജിസ്ട്രാർ തസ്തികയിലേക്ക് നിയമനത്തിനായുള്ള ഇന്റർവ്യൂ നടത്തുകയും, ഇന്റർവ്യൂവിൽ പങ്കെടുത്ത രണ്ടു വ്യക്തികളുടെയും പേരുകൾ ഉൾപ്പെടുത്തി പാനൽ സർക്കാരിലേക്ക് അയച്ചുനൽകുകയും ചെയ്തിരുന്നു. എന്നാൽ 09.08.2024 തീയതിയിൽ ഉന്നതവിദ്യാഭ്യാസവകുപ്പിൽ നിന്നും ലഭിച്ച B4/164/2024-HEDN നമ്പർ കത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 12 ഉപവകുപ്പ് 1 പ്രകാരം സർവ്വകലാശാല സിൻഡിക്കേറ്റ് നിയമിച്ചിട്ടുള്ള രജിസ്ട്രാർ നിയമനത്തിനുള്ള തിരഞ്ഞെടുപ്പ് സമിതി മൂന്ന് പേരുകൾ അടങ്ങുന്ന പാനൽ ആകണം രജിസ്ട്രാർ നിയമനത്തിനായി സർക്കാരിന് ശിപാർശ ചെയ്യേണ്ടത് എന്നുള്ളതിനാൽ ടി വ്യവസ്ഥകൾക്ക് അനുസൃതമായി മൂന്ന് പേരുകൾ അടങ്ങുന്ന പാനൽ സമർപ്പിക്കുന്നതിന് സർവ്വകലാശാലയോട് നിർദ്ദേശിച്ചു. തുടർന്ന് സർവ്വകലാശാല നിയമോപദേശകനിൽ നിന്നും ലഭിച്ച ഉപദേശപ്രകാരം രജിസ്ട്രാർ നിയമത്തിനായുള്ള ഇന്റർവ്യൂ വീണ്ടും നടത്തുന്നതിന് ബഹു.വൈസ് ചാൻസലർ ഉത്തരവായി. ആയതു പ്രകാരം 13.09.2024 തീയതിയിൽ രജിസ്ട്രാർ തസ്തികയിലേക്ക് നിയമനത്തിനായുള്ള ഇന്റർവ്യൂ വീണ്ടും നടത്തുകയും മൂന്ന് വ്യക്തികളുടെ പേരുകൾ ഉൾപ്പെടുത്തി പാനൽ സർക്കാരിലേക്ക് അയച്ചുനൽകുകയും ചെയ്തു. 27.09.2024 തീയതിയിൽ ഉന്നതവിദ്യാഭ്യാസവകുപ്പിൽ നിന്നും ലഭിച്ച B4/164/2024-HEDN നമ്പർ കത്തിൽ മഹാത്മാ ഗാന്ധി സർവ്വകലാശാല രജിസ്ട്രാർ തസ്തികയിലേക്ക് നിയമിക്കുന്നതിന് സെലക്ഷൻ കമ്മിറ്റി ലഭ്യമാക്കിയ പാനലിൽ നിന്നും ഡോ. ബിസ്മി ഗോപാലകൃഷ്ണന്റെ പേര് അംഗീകരിച്ചതായി അറിയിക്കുകയും ചെയ്തു.പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ ഡോ. ബിസ്മി ഗോപാലകൃഷ്ണനെ സർവകലാശാല രജിസ്ട്രാർ ആയി നിയമിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവാകുകയും ചെയ്തു.

മേൽ പരാമർശിച്ചിട്ടുള്ള വൈസ്ചാൻസലറുടെ ഉത്തരവിനനുസൃതമായി സർവ്വകലാശാല രജിസ്ട്രാർ ആയി ഡോ. ബിസ്മി ഗോപാലകൃഷ്ണനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് നമ്പർ 8781/ AD A2/ 2024/MGU തീയതി 30.09.2024 പുറപ്പെടുവിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ്ചാൻസലർ കൈക്കൊണ്ട മേൽ പരാമർശിച്ചിട്ടുള്ള നടപടിയും, തദനുസരണം പുറപ്പെടുവിച്ച 30.09.2024-ലെ 8781/AD A2/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 16/24.07/105893/ACA8-4/2024**

**SCMS School of Management & Technology, ആലുവ - മതിയായ ഹാജർ ഇല്ലാത്തതിനാൽ ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബി കോം രണ്ടാം സെമസ്റ്റർ പരീക്ഷ പ്രൊവിഷണലായി എഴുതിയ വിദ്യാർത്ഥി ശ്രീ.ബാസിർ ഹസ്സൻ, തനിക്ക് മൂന്നാം സെമസ്റ്ററിൽ തുടർപഠനം സാധ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സമർപ്പിച്ച WP(C) No.27989/ 2024 ഹർജിയിന്മേൽ ബഹു.കേരളാ ഹൈക്കോടതി പുറപ്പെടുവിച്ച 23.08.2024 തീയതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ ബി.എ.എസ്.ജി. ഹിയറിങ്ങ് - ബി.എ.എസ്.ജി - ശുപാർശകൾ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലർ കൈകൊണ്ട തീരുമാനം സംബന്ധിച്ച് :-**

SCMS School of Management & Technology, ആലുവ - മതിയായ ഹാജർ ഇല്ലാത്തതിനാൽ ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബി കോം രണ്ടാം സെമസ്റ്റർ പരീക്ഷ പ്രൊവിഷണലായി എഴുതിയ വിദ്യാർത്ഥി ശ്രീ.ബാസിർ ഹസ്സൻ, തനിക്ക് മൂന്നാം സെമസ്റ്ററിൽ തുടർപഠനം സാധ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സമർപ്പിച്ച WP(C) No.27989/ 2024 ഹർജിയിന്മേൽ ബഹു.കേരളാ ഹൈക്കോടതി പുറപ്പെടുവിച്ച 23.08.2024 തീയതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ ബി.എ.എസ്.ജി. ഹിയറിംഗിന്റെ താഴെ പറയും പ്രകാരമുള്ള ശിപാർശകൾ, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച്

ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 04.10.2024-ലെ 8933/ACA 8/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

'രണ്ടാം സെമസ്റ്റർ പരീക്ഷാ എഴുതുന്നതുമായി ബന്ധപ്പെട്ട് ശ്രീ. ബാസിർ ഹസ്സൻ ഇ.എ ബഹു.കേരള ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) 21843/2024 നമ്പർ ഹർജിയിന്മേൽ ഇനിയൊരു ഉത്തരവുണ്ടാകുംവരെ ടി വിദ്യാർത്ഥിയെ മൂന്നാം സെമസ്റ്ററിൽ പ്രൊവിഷണലായി തുടരാൻ അനുവദിക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്യുന്നു.'

**ഇനംനമ്പർ 17/24.07/118983/Ac A1 /2/2024**

**MGU UGP (Honours)/AICTE അംഗീകൃത പ്രോഗ്രാമുകളിലെ വിദ്യാർത്ഥികളുടെ ഹാജർ കുറവ് പരിഹരിക്കുന്നതിനുള്ള (Condonation of shortage of attendance) ഫീ ഘടന അംഗീകരിച്ച് മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം ബഹു.വൈസ് ചാൻസലർ ഉത്തരവാകുകയും തുടർന്ന് സർവകലാശാല പുറത്തിറക്കിയ നമ്പർ. 9216 /Ac A1/2024/എം.ജി.യു തീയതി 15.10.2024 എന്ന സർവകലാശാല ഉത്തരവും സിന്റിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

MGU UGP (Honours)/AICTE അംഗീകൃത പ്രോഗ്രാമുകളിലെ വിദ്യാർത്ഥികളുടെ ഹാജർ കുറവ് പരിഹരിക്കുന്നതിനുള്ള ഫീ ഘടന ചുവടെ പട്ടികയിൽ പറയും പ്രകാരം, നിശ്ചയിച്ച് കൊണ്ട് മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 15.10.2024-ലെ 9216/Ac A1/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| Fee for condonation of shortage of attendance of students (upto 10 days to a maximum of 2 times during a period of study irrespective of semester / course attendance | Rs = 615 |

**ഇനംനമ്പർ 18/24.07/82972/El 8-2/2024**

**Bachelor of Physiotherapy - നാലാം വർഷ പരീക്ഷ, July, 2024 - കോട്ടയം, ഗാന്ധിനഗർ, സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിലെ വിദ്യാർത്ഥിനികളായിരുന്ന ശ്രീമതി HARITHA RAJU, ശ്രീമതി REEBA BENJAMIN, ശ്രീമതി JYOTHIKA S എന്നീ വിദ്യാർഥിനികൾക്ക് സർവ്വകലാശാല വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ട് Internal re-do ചെയ്യുന്നതിനുള്ള അനുമതി - സംബന്ധിച്ച്.**

കോട്ടയം, ഗാന്ധിനഗർ, സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിലെ വിദ്യാർത്ഥിനികളായിരുന്ന ശ്രീമതി. HARITHA RAJU, ശ്രീമതി. REEBA BENJAMIN, ശ്രീമതി. JYOTHIKA S എന്നിവർക്ക് Bachelor of Physiotherapy - 2008 Admission Onwards Regulations -ലെ "The marks of Internal Assessment should be submitted to the University endorsed by the Head of the Institution prior to the commencement of the theory examination" എന്ന വ്യവസ്ഥയ്ക്ക് ഇളവ് നൽകി, നാലാം വർഷ Bachelor of Physiotherapy പരീക്ഷ, July, 2024-ൽ തന്നെ Internal re-do അനുവദിക്കുന്നതിന് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 15.10.2024-ലെ 9249/El 8/2024/എം.ജി.യൂ. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 19/24.07/88114/CBCSS 4-1/2024**

**പിറവം ബസേലിയോസ് പൗലോസ് II കാതോലിക്കോസ് കോളേജിലെ സി.ബി.സി.എസ് . ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ മോഡൽ II ജേർണലിസം വിദ്യാർത്ഥിയായ MUHAMMED SAHIR S നു നോഷണൽ രജിസ്ട്രേഷൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അനുമതി നൽകിയതും, ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ കോളേജിന് താക്കീത് നൽകിയതും - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

പിറവം ബസേലിയോസ് പൗലോസ് II കാതോലിക്കോസ് കോളേജിലെ സി.ബി.സി.എസ് ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ മോഡൽ II ജേർണലിസം വിദ്യാർത്ഥിയായ MUHAMMED SAHIR S (PRN : 220021004019) മൂന്നു, നാലു സെമസ്റ്റർ റഗുലർ പരീക്ഷകൾക്ക് രജിസ്ട്രേഷന് ആവശ്യമായ ഹാജർ നേടിയിട്ടും പരീക്ഷാ രജിസ്ട്രേഷൻ നേടിയിരുന്നില്ല.

വിദ്യാർത്ഥി മേൽപ്പറഞ്ഞ സെമെസ്റ്ററുകൾക്ക് മതിയായ ഹാജർ നേടിയിരുന്നതിനാലും, അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ആരോഗ്യപരമായ ബുദ്ധിമുട്ടുകളും പരിഗണിച്ച് ഇതൊരു പ്രത്യേക വിഷയമായി പരിഗണിച്ച്

വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വിദ്യാർത്ഥിക്ക് സൂപ്പർ ഫൈൻ ഉൾപ്പടെയുള്ള ഫീസ് ഒടുക്കി മൂന്നു, നാലു സെമെസ്റ്ററുകൾക്ക് നോഷണൽ രജിസ്ട്രേഷന് അപേക്ഷിക്കുന്നതിനുള്ള അനുമതി നൽകുകയും സി.ബി.സി.എസ്. റഗുലേഷന് വിരുദ്ധമായി മൂന്നാം സെമെസ്റ്ററിൽ പരീക്ഷ രജിസ്ട്രേഷൻ, നോഷണൽ എന്നിവ ലഭിക്കാതെ നാലാം സെമെസ്റ്ററിൽ പഠനം തുടരാൻ അനുവദിച്ചതു പോലെയുള്ള നടപടികൾ മേലിൽ ആവർത്തിക്കരുതെന്ന് കോളേജിന് താക്കീതു ചെയ്തു ഉത്തരവാകുകയും ചെയ്ത നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.10.2024 തീയതിയിലെ 8987/CBCSS4/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 20/24.07/117244/Ac A1 /2/2024**

**MGU UGP (Honours) ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷാ ഫീസ് പരിഷ്‌ക്കരിക്കുന്നത് അംഗീകരിച്ച് മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം ബഹു.വൈസ് ചാൻസലർ ഉത്തരവാകുകയും തുടർന്ന് സർവകലാശാല പുറത്തിറക്കിയ നമ്പർ. 9046/Ac A1/2024/എം.ജി.യു തീയതി 09.10.2024 എന്ന സർവകലാശാല ഉത്തരവും സിന്റിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

MGU UGP (Honours) ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷാ ഫീസ് ചുവടെ പട്ടികയിൽ പറയും പ്രകാരം പരിഷ്ക്കരിക്കുന്നതിന് ഡോ .ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം) ബഹു: വൈസ് – ചാൻസിലർക്ക് 07.10.2024 തീയതിയിൽ സമർപ്പിച്ച ശുപാർശ, വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 09.10.2024 തീയതിയിലെ 9046/Ac A1/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

FEES RELATED TO EXAMINATIONS

| Sl. No. | Item | Revised Fees (Rs.) |
|---|---|---|
| *Examination Fee for the Under Graduate Programmes MGU UGP (Honours) First and Second Semester* | | |
| 1 | Examination Application form fees | 45 |
| 2 | Online Question Paper Printing Charge per semester | 35 |
| *Fee for Each Theory paper* | | |
| 3 | First appearance | 70 |
| 4 | Supplementary | 70 |
| 5 | Improvement | 95 |
| *Each practical* | | |
| 6 | First appearance | 70 |
| 7 | Supplementary (Minor/MDC) | 190 |
| 8 | Supplementary (Major) | 495 |
| 9 | Project/Dissertation evaluation | 95 |
| 10 | Viva Voce | 60 |
| *Evaluation Monitoring and Processing Fees* | | |
| 11 | First appearance(per paper subject to a maximum of 300) | 50 |
| 12 | Supplementary/improvement candidates(per paper subject to a maximum of 300) | 50 |
| 13 | MarkList Fee per Semester | 190 |

**ഇനംനമ്പർ 21/24.07/153533/AD A3-3/2021**

**സ്കൂൾ ഓഫ് ബയോസയൻസസിലെ വെറ്ററിനേറിയൻ തസ്തികയിൽ വെറ്ററിനേറിയനെ കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നത് – സെലക്ഷൻ കമ്മിറ്റി യോഗ നടപടിക്രമങ്ങൾ – മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, സെക്ഷൻ 3.10 (17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം ഉത്തരവ് പുറപ്പെടുവിച്ചതും – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

സ്കൂൾ ഓഫ് ബയോസയൻസസിലെ വെറ്ററിനേറിയൻ തസ്തികയിൽ കരാറടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും, 16.10.2024–ൽ വാക്-ഇൻ-ഇന്റർവ്യൂ നടത്തുകയും ചെയ്തിരുന്നു. ടി നിയമനവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമങ്ങൾ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 23.10.2024–ലെ 9639/ADA3/2024/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നു.

**ഇനംനമ്പർ 22/24.07/71024/AC A16-1/2024**

Bachelor of Arts (Honours) Political Science **പ്രോഗ്രാമിന്റെ** End Semester Evaluation–**ന്റെ ചോദ്യ പേപ്പർ പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU – UGP (Honours) Regulations, 2024–ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ മാസം തുടങ്ങാനിരിക്കെ ചോദ്യ പേപ്പർ തയ്യാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതി, പൊളിറ്റിക്കൽ സയൻസ് (യു.ജി.) ഓൺലൈൻ ആയി ചേർന്ന യോഗത്തിൽ Bachelor of Arts (Honours) Political Science പ്രോഗ്രാമിന്റെ സിലബസിൽ MDC/SEC/VAC/DSC/DSE/DCC/DCE വിഭാഗങ്ങളിലായി നൽകിയിരിക്കുന്ന കോഴ്സുകളുടെ End Semester Evaluation–ന് വേണ്ടി ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യപേപ്പർ പാറ്റേൺ പരിഷ്കരിക്കുന്നതിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാ ഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 22.10.2024 തീയതിയിലെ 9582/ACA 16/2024/MGU നമ്പർ സർവകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നു.

**ഇനംനമ്പർ 23/24.07/41024/AC A16-1/2024**

Bachelor of Science (Honours) Fashion Designing **പ്രോഗ്രാമിന്റെ** End Semester Evaluation–**ന്റെ ചോദ്യ പേപ്പർ പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU-UGP (Honours) Regulations, 2024–ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ മാസം തുടങ്ങാനിരിക്കെ ചോദ്യ പേപ്പർ തയ്യാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതി, ഫാഷൻ ടെക്നോളജി (യു.ജി.) ഓൺലൈൻ ആയി ചേർന്ന യോഗത്തിൽ Bachelor of Science (Honours) Fashion Designing പ്രോഗ്രാമിന്റെ സിലബസിൽ End Semester Evaluation–ന് വേണ്ടി ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യ പേപ്പർ പാറ്റേൺ പരിഷ്കരിക്കുന്നതിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.10.2024 തീയതിയിലെ 9553/ACA 16/2024/MGU നമ്പർ സർവകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നു.

**ഇനംനമ്പർ 24/24.07/1047/AD B4/1/2020**

**സർവ്വകലാശാലയിലെ നിലവിലെ ബിരുദ ചോദ്യബാങ്ക് സോഫ്റ്റ്‌വെയർ പുതിയ Version-ലേയ്ക്ക് Upgrade ചെയ്യുന്നതുമായി ബന്ധപ്പെട്ട്, M/s IPSR Solutions, Kottayam എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള 14,75,000/- (including GST) രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് കൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10 (17)-ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനം - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

2024 അക്കാദമിക വർഷം മുതൽ ആരംഭിച്ചിട്ടുള്ള നാലു വർഷ ബിരുദ പ്രോഗ്രാമുകൾ, Outcome Based Evaluation (OBE) മാതൃകയിൽ പരിഷ്കരിക്കേണ്ടതിനാൽ, മൂല്യനിർണ്ണയം, മാർക്ക് എൻട്രി എന്നിവയിൽ നിലവിലെ രീതിയിൽ മാറ്റം വരുത്തേണ്ടതാണ്. പ്രസ്തുത സാഹചര്യം പരിഗണിച്ച്, സർവ്വകലാശാലയിൽ ഉപയോഗത്തിലുള്ള "Online Generation and Transmission of Questions Generated from Question Bank" എന്ന സോഫ്റ്റ്‌വെയർ നിർമാതാക്കളായ M/s IPSR Solutions, Kottayam എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള 14,75,000/- (including GST) രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് കൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 21.10.2024-ലെ 9524/AdB4/2024/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 25/24.07/117001/CS S1SO/2024**

**സി.എസ്.എസ് - സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് - എം ടി ടി എം പ്രോഗ്രാം (2022-2024 ബാച്ച്) ഡിഗ്രി പരീക്ഷ വിജയിച്ച വിദേശ വിദ്യാർത്ഥിയായ Farhang Mohseni (Reg.No. 142213)-യ്ക്ക് ബിരുദ സർട്ടിഫിക്കറ്റ് നൽകുന്നതിന് ബഹു: വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10 (17) പ്രകാരം നൽകിയ ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് 2024 ജൂലൈ മാസത്തിൽ നടത്തിയതും, 07.10.2024 തീയതിയിൽ ഫലം പ്രസിദ്ധീകരിച്ചതുമായ നാലാം സെമസ്റ്റർ Master of Tourism and Travel Management പരീക്ഷ വിജയിച്ച Farhang Mohseni (Reg.No.142213)-യ്ക്ക് ടിയാന്റെ വിസ കാലാവധി അവസാനിക്കാറായതിനാൽ അടിയന്തിരമായി ഡിഗ്രി സർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകുന്നതിന് 08.10.2024 തീയതിയിൽ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 23.10.2024-ലെ 9612/CSS1/2024/എം.ജി.യു. നമ്പർ സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 26/24.07/112916/AC A1-3/2024**

**സർവകലാശാലയുടെ കീഴിലുള്ള വിവിധ ട്രെയിനിങ് കോളേജുകൾ NCTEയിൽ സമർപ്പിക്കേണ്ട Performance Appraisal Report ന്റെ അനുബന്ധമായി സർവകലാശാല രജിസ്ട്രാർ സാക്ഷ്യപ്പെടുത്തി നൽകേണ്ട "Certificate for compliance of NCTE Regulations 2014" നൽകുന്നതിനായി മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

സർവകലാശാലയുടെ കീഴിലുള്ള വിവിധ ട്രെയിനിങ് കോളേജുകൾ NCTEയിൽ സമർപ്പിക്കേണ്ട Performance Appraisal Report ന്റെ അനുബന്ധമായി സർവകലാശാല രജിസ്ട്രാർ സാക്ഷ്യപ്പെടുത്തി നൽകേണ്ട "Certificate for compliance of NCTE Regulations 2014" നൽകുന്നതിന് ഫീസ് ഈടാക്കുവാനും ഇത് സംബന്ധിച്ച് കോളേജ് പ്രിൻസിപ്പൽമാരിൽനിന്നും സത്യവാങ്മൂലം വാങ്ങുന്നതിനും തീരുമാനിച്ചുകൊണ്ട് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.10.2024-ലെ 9506/ACA1/2024/MGU നമ്പർ സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 27/24.07/116495/ACA16-2/2024**

**Bachelor of Arts (Honours) Journalism and Mass Communication പ്രോഗ്രാമിന്റെ End Semester Evaluation ചോദ്യ പേപ്പർ പാറ്റേൺ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU-UGP (Honours) Regulations, 2024 -ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ മാസം തുടങ്ങാനിരിക്കെ ചോദ്യ പേപ്പർ തയ്യാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ സമിതി, ജേർണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ (യു.ജി) ഓൺലൈൻ ആയി ചേർന്ന യോഗത്തിൽ Bachelor of Arts (Honours) Journalism and Mass Communication പ്രോഗ്രാമിന്റെ സിലബസിൽ DSC/DSE/DCC/DCE കോഴ്സുകളുടെ End Semester Evaluation -ന് വേണ്ടി ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യ പേപ്പർ പാറ്റേണുകൾ പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.10.2024 തീയതിയിലെ 9650/ACA 16/2024/MGU നമ്പർ സർവകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 28/24.07/116789/ACA16-2/2024**

**Bachelor of Arts (Honours) Political Science with Journalism and Mass Communication (Double Major) പ്രോഗ്രാമിന്റെ End Semester Evaluation -ന്റെ ചോദ്യ പേപ്പർ പാറ്റേൺ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU-UGP (Honours) Regulations, 2024-ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ മാസം തുടങ്ങാനിരിക്കെ ചോദ്യപേപ്പർ തയ്യാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൂടിയ ജേർണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ (യു ജി), പൊളിറ്റിക്കൽ സയൻസ് (യു ജി) എന്നിവയുടെ വിദഗ്ദ്ധ സമിതികളുടെ സംയുക്ത യോഗത്തിൽ Bachelor of Arts (Honours) Political Science with Journalism and Mass Communication (Double Major) പ്രോഗ്രാമിന്റെ സിലബസിൽ Political Science നൽകുന്ന MDC/SEC/VAC/DSC/DSE/DCC/DCE കോഴ്സുകളുടെയും Journalism and Mass Communication നൽകുന്ന DSC/DSE/DCC/DCE കോഴ്സുകളുടെയും End Semester Evaluation -ന് വേണ്ടി ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യ പേപ്പർ പാറ്റേണുകൾ പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.10.2024 തീയതിയിലെ 9651/ACA 16/2024/MGU നമ്പർ സർവകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 29/24.07/116929/ACA16-2/2024**

**Bachelor of Science (Honours) Physics പ്രോഗ്രാമിന്റെ സിലബസിൽ Course Outcome Number, Units Number എന്നിവ രേഖപ്പെടുത്തിയതിലുണ്ടായ ടൈപ്പിംഗ് പിഴവുകൾ തിരുത്തുന്നതിനും, നൽകിയിരിക്കുന്ന Expected Course Outcome പരിഷ്ക്കരിക്കുന്നതിനുമുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU-UGP (Honours) Regulations, 2024 -ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 05.10.2024 തീയതിയിൽ കൂടിയ ഫിസിക്സ് (യു ജി) വിദഗ്ദ്ധ സമിതി യോഗം, Bachelor of Science (Honours) Physics പ്രോഗ്രാമിന്റെ സിലബസിൽ Course Outcome Number, Units Number എന്നിവ

രേഖപ്പെടുത്തിയതിലുണ്ടായ ടൈപ്പിംഗ് പിഴവുകൾ ചൂണ്ടിക്കാണിക്കുകയും MG1DSCPHY100 Foundation of Physics –ന്റെ Course Outcome Number 1 –ൽ നൽകിയിരിക്കുന്ന Expected Course Outcome പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.10.2024 തീയതിയിലെ 9649/ACA 16/2024/MGU നമ്പർ സർവകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 30/24.07/118412/ACA16-2/2024**

**Bachelor of Science (Honours) Psychology പ്രോഗ്രാമിന്റെ സിലബസിൽ നൽകിയിരിക്കുന്ന Course Outcome Numbers, Expected Course Outcome, Practical പരീക്ഷയുടെ സമയക്രമം എന്നിവ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ- സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU-UGP (Honours) Regulations, 2024 –ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 10.10.2024 തീയതിയിൽ കൂടിയ സൈക്കോളജി (യു ജി) വിദഗ്ദ്ധ സമിതി യോഗം, Bachelor of Science (Honours) Psychology പ്രോഗ്രാമിന്റെ സിലബസിൽ നൽകിയിരിക്കുന്ന Course Outcome Numbers പരിഷ്ക്കരിക്കുന്നതിനും ആറാം സെമസ്റ്റർ കോഴ്സായ MG6DSEPSY303: Psychopathology: Beyond the Fundamentals –ന്റെ Course Outcome Numbers 5, 6 എന്നിവയിൽ നൽകിയിരിക്കുന്ന Expected Course Outcomes നീക്കം ചെയ്യുന്നതിനും ഒന്നാം സെമസ്റ്റർ കോഴ്സായ MG1DSCPSY100: Psychology for Personal Growth–ന്റെ Practical പരീക്ഷയുടെ സമയക്രമത്തിൽ മാറ്റം വരുത്തുന്നതിനും ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 26.10.2024 തീയതിയിലെ 9718/ACA 16/2024/MGU നമ്പർ സർവകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 31/24.07/59996/P&D 2-1/2024**

**Ghent University, ബെൽജിയവും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക - ഗവേഷണ സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് - സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

Ghent University, ബെൽജിയവും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക- ഗവേഷണ സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പവയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 28.10.2024 തീയതിയിലെ 9755/P&D 2/2024/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 32/24.07/57701/AC A5-2/2023**

**School of Polymer Science and Technology (SPST) - M.Sc. Industrial Polymer Science and Technology പ്രോഗ്രാമിന്റെ OBE പ്രകാരം തയ്യാറാക്കിയ സിലബസ് അംഗീകരിച്ച് ഉത്തരവായത് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പഠന വകുപ്പായ School of Polymer Science and Technology - യിൽ പുതുതായി ആരംഭിച്ച M.Sc. Industrial Polymer Science and Technology എന്ന പ്രോഗ്രാമിന്റെ സിലബസ് 30.05.2023-ലെ സർവ്വകലാശാല ഉത്തരവ് നമ്പർ 6089/AC A5/2023/MGU പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത സിലബസിൽ കോഴ്സ് കോഡ്, മറ്റ് വിശദാംശങ്ങൾ എന്നിവ ചേർത്ത് OBE പ്രകാരം പരിഷ്ക്കരിച്ച സിലബസ്, അംഗീകരിക്കുന്നതിനായി വകുപ്പ് മേധാവി അപേക്ഷ സമർപ്പിച്ചിരുന്നു.
School of Polymer Science and Technology പഠനവകുപ്പിലെ M.Sc. Industrial Polymer Science and Technology എന്ന കോഴ്സിന്റെ OBE പ്രകാരം തയ്യാറാക്കിയ സിലബസ് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും

തദനുസരണം പുറപ്പെടുവിച്ച 25.10.2024-ലെ 9704/AC A5/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 33/24.07/87416/AD A9-2/2024**

**2024 – 2025 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പ് ചെലവിലേയ്ക്കായി ഒന്നാം ഗഡു തുക ₹ 30,00,000/- രൂപ താൽക്കാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചത് – സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

2024-25 ലെ അന്തർ കലാലയ/അന്തർ സർവ്വകലാശാലാ കായികമത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഒന്നാം ഗഡു തുക ₹30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ, സർവകലാശാലാ ആക്ട് 1985 ലെ അദ്ധ്യായം III 10 (17) വകുപ്പ് അനുശാസിക്കുന്ന അധികാരം വിനിയോഗിച്ച് താൽക്കാലിക മുൻകൂർ തുകയായി അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.10.2024-ലെ 9556/AD A 9/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 34/24.07/36945/SC-ST CELL – 2/2022**

**ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം (FFMS) – M/S Ospyn Technologies Pvt. Ltd, Thiruvananthapuram എന്ന സ്ഥാപനവുമായി 2024 – 2025 വർഷത്തേയ്ക്ക് കരാറിൽ ഒപ്പ് വെയ്ക്കുന്നതിന് മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10 (17) അനുസരിച്ചുള്ള സവിശേഷ അധികാരം ഉപയോഗിച്ച് ബഹു: വൈസ് ചാൻസലർ അനുമതി നൽകി ഉത്തരവായതും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

M/S Ospyn Technologies Pvt. Ltd സമർപ്പിച്ച പ്രൊപ്പോസലിലെ വ്യവസ്ഥകൾ പ്രകാരം ഫയൽ ഫ്ലോ മാനേജ്മന്റ് സിസ്റ്റത്തിന്റെ 01.06.2024 മുതൽ 31.05.2025 വരെ കാലയളവിലേക്കുള്ള വാർഷിക പരിപാലനത്തിനും സെർവർ ഹോസ്റ്റിങ് & മെയിന്റനൻസിനുമായി (₹ 19,09,396/- + GST) രൂപ രണ്ട് ഗഡുക്കളായി (₹ 9,54,698/- + GST വീതം) നൽകികൊണ്ട് പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 29.10.2024 തീയതിയിലെ 9820/SC/ST Cell/2024/എം ജി യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 35/24.07/AcB1/1/5001/2019**

**സ്വകാര്യ എയ്ഡഡ് കോളേജുകളിലെ ഗവേണിംഗ് ബോഡി/മാനേജിംഗ് കൗൺസിൽ -ലേക്ക് സർവ്വകലാശാല പ്രതിനിധിയെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള പട്ടിക – അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് -സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം-VIII, സെക്ഷൻ-54(സി) പ്രകാരം യൂണിറ്ററി മാനേജ്മെന്റിന്റെ കീഴിലുള്ള സ്വകാര്യ എയ്ഡഡ് കോളേജുകളിലെ ഗവേണിംഗ് ബോഡിയിലേക്കും, സെക്ഷൻ-55(സി) പ്രകാരം കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്വകാര്യ എയ്ഡഡ് കോളേജുകളിലെ മാനേജിംഗ് കൗൺസിലിലേക്കും, ഇത് സംബന്ധിച്ച് പരാമർശിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ട്സിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു സർവ്വകലാശാല പ്രതിനിധിയെ നാമനിർദ്ദേശം ചെയ്യേണ്ടതുണ്ട്.

ബഹു: വൈസ് ചാൻസലറുടെ 26.10.2024 തീയതിയിലെ ഉത്തരവ് പ്രകാരം, മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള, യൂണിറ്ററി മാനേജ്മെന്റിന്റെ കീഴിലുള്ള 37 എയ്ഡഡ് കോളേജുകളിലെ ഗവേണിംഗ് ബോഡിയിലേക്കും, 8 കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ മാനേജിംഗ് കൗൺസിലിലേക്കും, സിൻഡിക്കേറ്റ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള പട്ടിക, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം-III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.10.2024 തീയതിയിലെ 9852/ACB1/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| ഇനംനമ്പർ 36/24.07/120943/DSS 2/2024 | **ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡൻറ് സർവീസസ് – 2024–'25 അധ്യയന വർഷം – മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുളള കോളേജുകളിൽ നിന്നും വ്യത്യസ്ത പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി സർവകലാശാല ഏർപ്പെടുത്തിയിട്ടുള്ള ആക്സിഡന്റ്/ഡെത്ത് ഇൻഷ്വറൻസ് സ്കീം – മൂന്നാം ഗഡുവായി 7,69,500 /– രൂപ (ഏഴ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) പ്രീമിയം തുകയും, വിദ്യാർത്ഥികളുടെ വിവരങ്ങളും ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയിക്ക് നൽകുന്നതിന് വൈസ് ചാൻസലർ മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം (III) വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ചതും, ഇതിനെ തുടർന്ന പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും – സിന്റിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് .–** |
|---|---|

09.07.2024 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 6154/DSS/2024/എം.ജി.യു, പ്രകാരം 2024–'25 അധ്യയന വർഷം മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയംഭരണ കോളേജുകൾ ഉൾപ്പെടെയുള്ള അഫിലിയേറ്റഡ് കോളേജുകളിലെയും, സർവകലാശാല പഠന വകുപ്പുകളിലെയും, പി.എച്ച്.ഡി (ഫുൾ ടൈം) [രജിസ്ട്രേഷൻ മുതൽ പരമാവധി 5 വർഷം വരെ], ബിരുദ/ബിരുദാനന്തര ഗവേഷക വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി ആക്സിഡന്റ് / ഡെത്ത് ഇൻഷ്വറൻസ് പോളിസി നിലവിൽ ഒരു കുട്ടിക്ക് ഏർപ്പെടുത്തിയിട്ടുള്ള പ്രീമിയം തുകയായ ജി.എസ്.ടി ഉൾപ്പടെ 19/– രൂപ നിരക്കിൽ, THE NEW INDIA ASSURANCE COMPANY LTD–ന് പുതുക്കി നൽകുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി കമ്പനിയുമായുള്ള ഉടമ്പടിയിൽ സർവകലാശാല രജിസ്ട്രാർ 12.07. 2024–ൽ ഒപ്പു വച്ചു.

സർവകലാശാല ഉത്തരവ് നമ്പർ. 6347/DSS/2024/എം.ജി.യു, തീയതി 12.07.2024 പ്രകാരം ഒന്നാം ഘട്ടത്തിൽ (Phase I) 2024–'25 അധ്യയന വർഷത്തെ ആദ്യ ഗഡുവായി 13,60,514/– (പതിമൂന്ന ലക്ഷത്തി അറുപത്തിനായിരത്തി അഞ്ഞൂറ്റി പതിനാല് രൂപ മാത്രം) രൂപയും, ആദ്യ ഗഡുവിൽപെട്ട വിദ്യാർത്ഥികളുടെ ലഭ്യമായ വിവരങ്ങളും THE NEW INDIA ASSURANCE COMPANY LTD–ന് കൈമാറിയിരുന്നു.

2024–'25 അധ്യയന വർഷത്തെ രണ്ടാം ഘട്ടത്തിൽ (Phase II) 22,467 വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമായതിന്റെയും ഓഡിറ്റ് വിഭാഗത്തിന്റെ ശിപാർശയുടെയും അടിസ്ഥാനത്തിൽ ഒരു കുട്ടിക്ക് 19 രൂപ നിരക്കിൽ വിവരങ്ങൾ ലഭ്യമായ 22,467 കുട്ടികൾക്ക് (22467 X Rs.19 = ₹ 4,26873/– only) 4,26,873/– രൂപ (നാലുലക്ഷത്തി ഇരുപത്തി ആറായിരത്തി എണ്ണൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) ഇൻഷ്വറൻസ് പ്രീമിയം തുകയായി അടച്ച് ടി വിദ്യാർത്ഥികളെ കൂടി ഇൻഷ്വറൻസ് കവറേജിൽ ഉൾപ്പെടുത്തുന്നതിന് സർവകലാശാല ഉത്തരവ് നമ്പർ.8749/DSS/2024/എം.ജി.യു, തീയതി 28.09.2024 ഉത്തരവായിരുന്നു.

നിലവിൽ മൂന്നാം ഘട്ടത്തിൽ (Phase III) 2024– '25 അധ്യയന വർഷം ഒന്നാം വർഷം അഡ്മിഷൻ പൂർത്തീകരിച്ച സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വിദ്യാർത്ഥികളുടേതുൾപ്പടെയുള്ള 40,071 വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡി.എസ് എസ് –നു ലഭിക്കുകയുണ്ടായി. ആയത് ചുവടെ ചേർക്കുന്നു.:

| ക്രമ നമ്പർ | കോഴ്സ് | കുട്ടികളുടെ എണ്ണം |
|---|---|---|
| 1. | Affiliated Colleges – UG (ഒന്നാം വർഷം ) | 25292 |
| 2. | Departments/Schools/Centres (M.G University) (ഒന്നാം വർഷം ) | 720 |
| 3. | Autonomous Colleges (ഒന്നാം വർഷം ) | 14050 |
| 4. | Graduate School – 2024–'25 Remaining / New Admission Students | 9 |
| Total = 40,071 (Forty Thousand and Seventy One only) | | |

ആയതിനാൽ മേൽ പരാമർശങ്ങൾ ഓഡിറ്റ് വിഭാഗത്തിൽ സമർപ്പിച്ചതിൻ പ്രകാരമുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത ഒന്നാം വർഷം അഡ്മിഷൻ പൂർത്തീകരിച്ച വിദ്യാർത്ഥികളുടേതുൾപ്പടെയുള്ളതും നിലവിൽ വിവരങ്ങൾ ലഭ്യമായ 40,071 വിദ്യാർത്ഥികളോടൊപ്പം 429 കുട്ടികളെ കൂടി ഉൾപ്പെടുത്തി ആകെ 40,500 വിദ്യാർത്ഥികൾക്ക് ഒരു കുട്ടിക്ക് 19 രൂപ നിരക്കിൽ ആകെ തുകയായ (40,500 X Rs.19= ₹7,69,500/– (ഏഴ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) ഇൻഷ്വറൻസ് പ്രീമിയം തുകയായി അടക്കുന്നതിനുള്ള അനുമതി.
- ടി തുക 22 402 62 (a) – Group Insurance Scheme എന്ന ശീർഷകത്തിൽ വകയിരുത്തി ഡി.എസ്.എസിന്റെ അക്കൗണ്ടായ SBI AC. NO. 57004095420 –ൽ നിന്നും പിൻവലിക്കുന്നതിനുള്ള അനുമതി.
- ലഭ്യമായ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുന്നതിനുള്ള അനുമതി.

മേൽ പരാമർശ നിർദ്ദേശങ്ങൾ ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം-III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 29.10.2024-ലെ 9826/DSS/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 37/24.07/25684/ADA3/4/2019/ADMIN (PART-II)** **സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ സർക്കാർ ഉത്തരവുകൾ പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

- UGC/AICTE/MEDICAL EDUCATION SCHEMES-എന്നിവയിൽ ഉൾപ്പെടുന്ന അധ്യാപകർ/പെൻഷൻകാർ എന്നിവർക്ക് നല്കിവന്നിരുന്ന Dearness Allowance/ Dearness Relief എന്നിവ 31% ൽ നിന്നും 34% ആയി വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് G.O(P) No.92/2024/FIN, Dated 26/10/2024 , പരാമർശം 1 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയത്
- പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ജീവനക്കാർക്ക നല്കിവന്നിരുന്ന Dearness Allowance, പെൻഷൻകാർക്ക് നൽകി വരുന്ന Dearness Relief എന്നിവ 9% ൽ നിന്നും 12% ആയി വർധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് G.O(P) No.91/2024/FIN, Dated 26/10/2024, പരാമർശം 2 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയത്.

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ മേൽ സർക്കാർ ഉത്തരവുകൾ പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച 28.10.2024-ലെ 35241/AD A3-4/2024/AD A 3, 28.10.2024-ലെ 53716/AD A3-4/2021/ADMIN നമ്പർ പുറത്തെഴുത്തുകളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 38/24.07/108942/EH 13-3/2024** **ആർ. എൽ. വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ -ശ്രീ. മഹേഷ് കുമാർ കെ. എസ്, എം. എ മൃദംഗം (2000-2002 കാലയളവ്) എന്ന വിദ്യാർത്ഥിയ്ക്ക് പ്രോഗ്രാം പൂർത്തികരിയ്ക്കുന്നതിനായി വൈവ പരീക്ഷ നടത്തുവാൻ തീരുമാനിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III വകുപ്പ് 10(17) പ്രകാരം ബഹു.വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച് :-**

2000-2002 കാലയളവിൽ, തൃപ്പൂണിത്തുറ, ആർ എൽ വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിലെ എം എ മൃദംഗം പ്രോഗ്രാം വിദ്യാർത്ഥിയായിരുന്ന, ശ്രീ. മഹേഷ് കുമാർ കെ എസ് (രജി.നം :70811), പ്രസ്തുത പ്രോഗ്രാം പൂർത്തിയാക്കുന്നതിനായി, രണ്ടാം വർഷ സിലബസ്സിൽ പ്രതിപാദിച്ചിട്ടുള്ളതും എന്നാൽ ടിയാൻ ഹാജരാകാതിരുന്നതുമായ വൈവ കോഴ്സിന്റെ പരീക്ഷ നടത്തിത്തരണം എന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പരീക്ഷ നടത്തുന്നതിനാവശ്യമായ ചെലവ് വഹിക്കുവാൻ തയ്യാറാണ് എന്നും വിദ്യാർത്ഥി അപേക്ഷയിൽ രേഖപ്പെടുത്തിയിരുന്നു.
മേൽ അപേക്ഷ പരിഗണിച്ച് പ്രസ്തുത വിദ്യാർത്ഥിക്ക് ടി വൈവ കോഴ്സിന്റെ എക്സ്റ്റേണൽ പരീക്ഷ(100 മാർക്ക്) നടത്തുന്നതിനും പ്രസ്തുത കോഴ്സിന്റെ ഇന്റേണൽ ഘടങ്ങളായ ഇന്റേണൽ അസ്സെസ്മെന്റ്(30 മാർക്ക്), അറ്റന്റൻസ് (20 മാർക്ക്) എന്നീ ഘടകങ്ങൾക്ക് പ്രസ്തുത വിദ്യാർത്ഥിയ്ക്ക് കോളേജിൽ നിന്നും നൽകിയിരുന്ന മാർക്ക് സർവ്വകലാശാലയിൽ ലഭ്യമാക്കുവാൻ ടി കോളേജ് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 26.10.2024-ലെ 9743/EXAM/2024/എം ജി യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 39/24.07/121768/AD A4-1/2024**

**ഭരണകാര്യം – അഡ്വ. പി എൻ മിശ്രക്ക് ലീഗൽ ഫീസ് അനുവദിച്ച് – സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ബഹു. വൈസ് ചാൻസലർ ഉത്തരവായത്, ആയതിൻ പ്രകാരം സ്വീകരിച്ച മേൽനടപടികൾ എന്നിവ – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

ബഹു. സുപ്രീം കോടതി മുൻപാകെയുള്ള Contempt Petition (C) No. 631-665 of 2022 in SLP(C) No.30160-30194 titled as Anil Kumar N & Ors. Vs Dr. Sabu Thomas & Ors എന്ന കേസിൽ സർവകലാശാലക്ക് വേണ്ടി 01.10.2024 തീയതിയിൽ സുപ്രീം കോടതിയിൽ ഹാജരായതിന് 5,50,000/- രൂപാ ആവശ്യപ്പെട്ട് അഡ്വ. പി എൻ മിശ്ര സമർപ്പിച്ചിരുന്ന 01.10.2024 തിയ്യതിയായുള്ള 36/2024 നമ്പർ ബില്ല്, പ്രസ്തുത കേസുകളുടെ അടിയന്തിര സ്വഭാവവും പ്രാധാന്യവും പരിഗണിച്ച്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം 19.10.2024 തീയതിയിൽ ബഹു. വൈസ് ചാൻസലർ അനുവദിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 26.10.2024-ലെ 9714/AD A 4/2024/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 40/24.07/12907/AC A2-1/2024**

**ഗവേഷണം – ഇംഗ്ലീഷ് വിഷയം – 2019 അഡ്മിഷൻ – ശ്രീ. അഭിജിത് പി – ഗവേഷണ മാർഗദർശി മാറ്റം അനുവദിച്ചത് സിന്റിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയുന്നത് സംബന്ധിച്ച**

ശ്രീ അഭിജിത് പി – ക്ക് ഇംഗ്ലീഷ് വിഷയമായി ഡോ. സാലിയ റെക്സിന്റെ മാർഗദർശിത്വത്തിൽ മഹാരാജാസ് കോളേജ് എറണാകുളം ഗവേഷണ കേന്ദ്രമായി പൂർണ സമയ വ്യവസ്ഥയിൽ ഗവേഷണം നടത്തുന്നതിന് സ.ഉ.നം. 6792/AC A2/2019/MGU തീയതി 31.12.2019 പ്രകാരം അനുമതി നൽകുകയും 01.01.2020 തീയതിയായി നിജപ്പെടുത്തി കൊണ്ട് തീയതി 16.02.2024 ലെ സ.ഉ.നം. 1478/AC A2/2024/MGU പ്രകാരം ഗവേഷണ രെജിസ്ട്രേഷൻ സ്ഥിരീകരിച്ചു നൽകുകയും തീയതി 09.04.2024 ലെ സ.ഉ.നം.3229/AC A2/2024/MGU പ്രകാരം ഗവേഷണ ശീർഷകം പരിവർത്തനം ചെയ്തു അനുവദിക്കുകയും ചെയ്തിരുന്നു.
ഗവേഷകന്റെ അപേക്ഷ പരിഗണിച്ച വൈസ് ചാൻസലർ, 22.10.2024 തീയതിയിൽ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം, ശ്രീ അഭിജിത് പി-യുടെ ഗവേഷണ മാർഗദർശിത്വം ഡോ. സാലിയ റെക്സിൽ നിന്നും ഡോ. സ്മിത എം – ലേക്ക് മാറ്റി അനുവദിക്കാനും ഗവേഷകന് അനുവദിച്ചിരുന്ന അക്കാദമിക് പരിശോധനാ റിപ്പോർട്ട് പരിഷ്കരിക്കാനും ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.10.2024 തീയതിയായ 9662/AC A2/2024/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 41/24.07/281024/AC A16-1/2024**

**Bachelor of Science (Honours) Chemistry, Industrial Chemistry, Petroleum Engineering ഇവയുടെ സിലബസിലെ End Semester Evaluation (Practical) -ന്റെ ചോദ്യ പേപ്പർ പാറ്റേണുകൾ പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവുകളും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU - UGP (Honours) Regulations, 2024-ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ മാസം തുടങ്ങാനിരിക്കെ ചോദ്യ പേപ്പർ തയ്യാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതി, കെമിസ്ട്രി (യു.ജി.) ഓൺലൈൻ ആയി ചേർന്ന യോഗത്തിൽ Bachelor of Science (Honours) Chemistry പ്രോഗ്രാമിന്റെ സിലബസിൽ ഒന്നും രണ്ടും സെമസ്റ്ററുകളിലായി ഉൾപ്പെടുത്തിയിരിക്കുന്ന DSC, MDC വിഭാഗത്തിലെ കോഴ്സുകളുടെയും, Industrial Chemistry, Petroleum Engineering എന്നീ മൈനർ കോഴ്സ് സിലബസിലെ ഒന്നും രണ്ടും സെമസ്റ്ററുകളിലെ DSC വിഭാഗത്തിലെ കോഴ്സുകളുടെയും End Semester Evaluation (Practical) -ന് ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യ പേപ്പർ പാറ്റേണുകൾ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയും ആയത് പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച സ.ഉ.നം. 10012/ACA 16/2024/MGU, തീയതി 05.11.2024 ; സ.ഉ.നം. 10013/ACA 16/2024/MGU, തീയതി 05.11.2024 ; സ.ഉ.നം. 10014/ACA 16/2024/MGU, തീയതി 05.11.2024 എന്നീ സർവ്വകലാശാലാ ഉത്തരവുകളും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 42/24.07/11124/AC A16-1/2024**

**Bachelor of Science (Honours) Mathematics പ്രോഗ്രാമിന്റെ End Semester Evaluation-ന്റെ ചോദ്യ പേപ്പർ പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU - UGP (Honours) Regulations, 2024 - ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ മാസം തുടങ്ങാനിരിക്കെ ചോദ്യ പേപ്പർ തയ്യാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതി, മാത്തമാറ്റിക്സ് (യു.ജി.) ഓൺലൈൻ ആയി ചേർന്ന യോഗത്തിൽ Bachelor of Science (Honours) Mathematics പ്രോഗ്രാമിന്റെ സിലബസിൽ ഒന്നാം സെമസ്റ്ററിൽ MDC വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോഴ്സിന്റെ End Semester Evaluation-ന് ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യ പേപ്പർ പാറ്റേൺ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയും ആയത് പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാ ഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 05.11.2024-ലെ 10033/ACA 16/2024/MGU നമ്പർ സർവകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 43/24.07/261024/AC A16-1/2024**

**Bachelor of Science (Honours) Aquaculture പ്രോഗ്രാമിന്റെ End Semester Evaluation -ന്റെ ചോദ്യ പേപ്പർ പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU - UGP (Honours) Regulations, 2024-ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ മാസം തുടങ്ങാനിരിക്കെ ചോദ്യ പേപ്പർ തയ്യാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതി, അക്വാകൾച്ചർ (യു.ജി.) ഓൺലൈൻ ആയി ചേർന്ന യോഗത്തിൽ **Bachelor of Science (Honours) Aquaculture** പ്രോഗ്രാമിന്റെ സിലബസിൽ ഒന്നാം സെമസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന DSC, MDC വിഭാഗത്തിൽ വരുന്ന കോഴ്സുകളുടെ End Semester Evaluation-ന് ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യ പേപ്പർ പാറ്റേൺ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയും ആയത് പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാ ഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 02.11.2024-ലെ 9953/ACA 16/2024/MGU നമ്പർ സർവകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 44/24.07/119518/AC A16-1/2024**

**Bachelor of Arts (Honours) Hindi, Functional Hindi, Linguistics ഇവയുടെ സിലബസിലെ End Semester Evaluation-ന്റെ ചോദ്യ പേപ്പർ പാറ്റേണുകൾ പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവുകളും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU - UGP (Honours) Regulations, 2024 - ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ മാസം തുടങ്ങാനിരിക്കെ ചോദ്യ പേപ്പർ തയ്യാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതി, ഹിന്ദി (യു.ജി.) ഓൺലൈൻ ആയി ചേർന്ന യോഗത്തിൽ Bachelor of Arts (Honours) Hindi പ്രോഗ്രാമിന്റെ സിലബസിൽ ഒന്നും രണ്ടും സെമസ്റ്ററുകളിലായി ഉൾപ്പെടുത്തിയിരിക്കുന്ന DSC, MDC, AEC (for Commerce) കോഴ്സുകളുടെയും,

Functional Hindi, Linguistics ഇവയുടെ സിലബസിൽ നിന്നും ഹിന്ദിയുടെ മൈനർ കോഴ്സായി രണ്ടാം സെമസ്റ്ററിൽ ഓഫർ ചെയ്തിരിക്കുന്ന DSC കോഴ്സുകളുടെയും End Semester Evaluation–ന് ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യ പേപ്പർ പാറ്റേണുകൾ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയും ആയത് പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച സ.ഉ.നം. 9895/ACA 16/2024/MGU, തീയതി 01.11.2024 ; സ.ഉ.നം. 9898/ACA 16/2024/MGU, തീയതി 01.11.2024 : സ.ഉ.നം. 9899/ACA 16/2024/MGU, തീയതി 01.11.2024 എന്നീ സർവകലാശാല ഉത്തരവുകളും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 45/24.07/124752/ACA16-2/2024**

**Bachelor of Tourism and Travel Management (Honours) പ്രോഗ്രാമിന്റെ End Semester Evaluation ചോദ്യ പേപ്പർ പാറ്റേൺ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :**

MGU-UGP (Honours) Regulations, 2024 –ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 23.10.2024 തീയതിയിൽ കൂടിയ ടൂറിസം (യു ജി & പി ജി) വിദഗ്ദ്ധ സമിതി യോഗം Bachelor of Tourism and Travel Management (Honours) പ്രോഗ്രാമിന്റെ സിലബസിൽ ഒന്നാം സെമസ്റ്റർ DSC & MDC ടൈപ്പ് കോഴ്സുകളുടെ End Semester Evaluation –ന് വേണ്ടി ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യ പേപ്പർ പാറ്റേണുകൾ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയും ആയത് പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാ ഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 04.11.2024–ലെ 9975/ACA 16/2024/MGU നമ്പർ സർവകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 46/24.07/124627/ACA16-2/2024**

**Bachelor of Science (Honours) Electronics with Computer Technology പ്രോഗ്രാമിന്റെ End Semester Evaluation –ന്റെ സമയക്രമം പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU-UGP (Honours) Regulations, 2024 –ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 28.09.2024 തീയതിയിൽ കൂടിയ ഇലക്ട്രോണിക്സ് (യു.ജി.) വിദഗ്ദ്ധ സമിതി യോഗം, Bachelor of Science (Honours) Electronics with Computer Technology പ്രോഗ്രാമിന്റെ സിലബസിലെ ഒന്നാം സെമസ്റ്റർ MDC വിഭാഗത്തിലെ MG1MDCECT100: Home Appliances and Troubleshooting, MG1MDCECT101: Foundation of AI Automation, MG1MDCECT102: Data Analytics, MG1MDCECT103: Audio Electronics & MG1MDCECT104: Creative Robotics എന്നിവയുടെ End Semester Evaluation (എഴുത്ത് പരീക്ഷ) –ന്റെ സമയക്രമം പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയും ആയത് പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 02.11.2024–ലെ 9952/ACA 16/2024/MGU നമ്പർ സർവകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 47/24.07/125631/ACA16-2/2024**

**THE MAHATMA GANDHI UNIVERSITY UNDER GRADUATE PROGRAMMES (HONOURS) REGULATIONS, 2024 (MGU-UGP(Honours)) ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾക്കായുള്ള THE MAHATMA GANDHI UNIVERSITY UNDER GRADUATE PROGRAMMES (HONOURS) REGULATIONS, 2024 (MGU-UGP(Honours)) അക്കാദമിക് കൗൺസിൽ അംഗീകരിക്കുകയും സർവ്വകലാശാലാ ഉത്തരവ് നം.1933/LEGN/2024/MGU, തീയതി.29.02.2024 പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.
25.10.2024 തീയതിയിൽ കൂടിയ MGU-UGP Monitoring Committee യോഗം വിശദമായ ചർച്ചയ്ക്ക് ശേഷം MGU - UGP (Honours) Regulations, 2024 -ൽ ചില ഭേദഗതികൾ ആവശ്യമായി വരുന്നത് ചൂണ്ടിക്കാണിക്കുകയും ആയതിനുള്ള ശിപാർശകൾ നൽകുകയും ചെയ്തിരുന്നു. ടി ശിപാർശകൾ സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 02.11.2024-ലെ 9941/AC A 16/2024/MGU നമ്പർ സർവകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 48/24.07/65469/EI 35-3/2024**

**തിരുവല്ല MACFAST കോളേജിലെ 2018 - 2020 അഡ്മിഷൻ MBA വിദ്യാർഥിനിയായിരുന്ന AJINA AHAMMAD-ന്റെ രണ്ടാം സെമസ്റ്ററിലെ റെഗുലർ പരീക്ഷയിൽ പുനർമൂല്യനിർണയഫലം ക്രമീകരിച്ചപ്പോൾ Management Information Systems & Cyber Security എന്ന വിഷയത്തിന് സെമസ്റ്റർ മോഡറേഷൻ വഴി നേടിയ 30 മാർക്കിന് പകരം സപ്ലിമെന്ററി പരീക്ഷയിൽ നേടിയ 48 മാർക്ക് ചേർത്ത് പരീക്ഷാഫലം കൺസോളിഡേറ്റ് ചെയ്തു നൽകണമെന്ന വിദ്യാർഥിനിയുടെ അപേക്ഷ - മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10(17) പ്രകാരമുള്ള അധികാരം വിനിയോഗിച്ച ബഹു: വൈസ് ചാൻസലർ നൽകിയ ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്-**

തിരുവല്ല MACFAST കോളേജിലെ 2018-2020 അഡ്മിഷൻ MBA വിദ്യാർഥിനിയായിരുന്ന AJINA AHAMMAD - ൻറെ രണ്ടാം സെമസ്റ്ററിലെ റെഗുലർ പരീക്ഷയിലെ Entrepreneurship and Project Management എന്ന വിഷയത്തിൻറെ പുനർമൂല്യനിർണയഫലം ക്രമീകരിച്ചപ്പോൾ Management Information Systems & Cyber Security എന്ന വിഷയത്തിന് സെമസ്റ്റർ മോഡറേഷനിലൂടെ ലഭിച്ച 30 മാർക്കിന് പകരം, സപ്പ്ളിമെൻററി പരീക്ഷയിലൂടെ നേടിയ 48 മാർക്ക് കൺസോളിഡേഷനു പരിഗണിക്കണമെന്നു വിദ്യാർത്ഥിനി അപേക്ഷ സമർപ്പിച്ചിരുന്നു. വിദ്യാർത്ഥിനിക്ക് ബാധകമായിട്ടുള്ള MBA 2017 REGULATIONS ൽ പരാമർശിച്ചിരിക്കുന്ന 'Candidates shall be allowed to improve the result of any course /subject along with the examinations of their immediate junior batch. There will be no supplementary examination.' എന്ന ചട്ടം 2019 അഡ്മിഷൻ മുതൽ റെഗുലേഷൻ പരിഷ്കരിച്ചിട്ടുള്ളതിനാൽ, 2018 അഡ്മിഷൻ (2017 റെഗുലേഷൻ )വിദ്യാർത്ഥിനിയായ ടിയാൾക്ക് മേൽചട്ട പ്രകാരമുള്ള ഇമ്പ്രൂവ്മെന്റ് സാധ്യത (ജൂനിയർ ബാച്ചിനൊപ്പം) ലഭ്യമല്ലാത്തതിനാൽ, ടിയാരിയുടെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് രണ്ടാം സെമസ്റ്റർ NOVEMBER 2020 സപ്ലിമെന്ററി പരീക്ഷ ഇമ്പ്രൂവ്മെന്റ് ചാൻസായി കണക്കാക്കി, ടി പരീക്ഷയിൽ Management Information Systems & Cyber Security എന്ന വിഷയത്തിന് ലഭിച്ച 48 മാർക്ക് ചേർത്ത് റിസൾട്ട് കണ്സോളിഡേറ്റ് ചെയ്തു നൽകുന്ന വിഷയം മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 09.10.2024 തീയതിയിലെ 9054/EI35/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

(b) സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട് (മറ്റിനം)

**ഇനംനമ്പർ 49/24.07/61508/AC B2-1/2024**

**സ്വകാര്യ എയ്ഡഡ് കോളേജുകൾ – യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ – മാനേജരുടെ ചുമതല കൈമാറ്റം – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് മാനേജർ ഡോ.കെ.പി.ഔസേഫ്, ഐ.എഫ്.എസ് (റിട്ടയേർഡ്) ടിയാന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്കായി 25.07.2024 മുതൽ 10.10.2024 വരെ വിദേശത്തായിരിക്കും എന്നതിനാൽ തൽസ്ഥാനത്തേക്ക് കോളേജ് സ്റ്റാന്റിംഗ് കൗൺസിൽ അംഗമായ ഡോ.പി.എം.കുര്യാച്ചൻ (പുത്തുര് വീട്, ആരക്കുന്നം പി.ഒ, എറണാകുളം, പിൻ – 682313) നെ മേൽ കാലയളവിലേക്ക് മാനേജരുടെ ഉത്തരവാദിത്വത്തിൽപെട്ട എല്ലാ ചുമതലകളും നിർവഹിക്കുന്നതിനായി താൽകാലിക ചുമതല നൽകിയിട്ടുള്ള വിവരം സിന്റിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്തുകൊണ്ട്, 16.10.2024 തീയതിയിൽ 9329/ACB2/2024/എം.ജി.യു നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ കാലയളവ് അവസാനിക്കുന്നതിനു മുൻപ് ടിയാൻ വിദേശത്തു നിന്നും തിരികെ എത്തിയ സാഹചര്യത്തിൽ 02.09.2024 പൂർവാഹ്നം മുതൽ പ്രസ്തുത കോളേജിന്റെ മാനേജർ ചുമതല തിരികെ ഏറ്റെടുത്ത വിവരം ഡോ.കെ.പി.ഔസേഫ്, ഐ.എഫ്.എസ് (റിട്ടയേർഡ്) (കോമയിൽ വീട്, വീട് നമ്പർ 54/3340, റോയൽ ലൈൻ കടവന്ത്ര പി.ഒ കൊച്ചി – 20) സർവ്വകലാശാലയിൽ അറിയിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട് 19(2) പ്രകാരം പ്രസ്തുത വിവരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**(III) ക്രമ ഇനങ്ങൾ**

**(i) നടപ്പ് ഇനങ്ങൾ**

**ഇനംനമ്പർ 50/24.07/91083/AC B7-1/2021**

**കുട്ടിക്കാനം മരിയൻ കോളേജിലെ ബോർഡ് ഓഫ് സ്റ്റഡീസുകളിലേക്ക് സർവകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസുകളിൽ നിന്ന് പ്രതിനിധികളെ നാമനിർദ്ദേശം ചെയ്ത് നൽകുന്നത് സംബന്ധിച്ച് –**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 51/24.07/108999/AC B7-2/2021**

**സ്വയംഭരണ കോളേജായ തേവര എസ്.എച്ച്. കോളേജിലെ വിവിധ ബോർഡ് ഓഫ് സ്റ്റഡീസുകളിലേക്ക് സർവ്വകലാശാല പ്രതിനിധികളെ സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്തു നൽകുന്നത് സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 52/24.07/123289/AC B7-2/2021**

**സ്വയംഭരണ കോളേജായ എറണാകുളം സെന്റ്.തെരേസാസ് കോളേജിലെ വിവിധ ബോർഡ് ഓഫ് സ്റ്റഡീസുകളിലേക്ക് സർവ്വകലാശാല പ്രതിനിധികളെ സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്തു നൽകുന്നത് സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 53/24.07/119715/AC B7-1/2021**

**ചങ്ങനാശ്ശേരി എസ് ബി കോളേജിലെ ബോർഡ് ഓഫ് സ്റ്റഡീസുകളിലേക്ക് സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസിൽ നിന്ന് പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച് –**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 54/24.07/164893/AC B7-2/2021** **സ്വയംഭരണ കോളേജായ എറണാകുളം സെന്റ്.ആൽബർട്സ് കോളേജിലെ വിവിധ ബോർഡ് ഓഫ് സ്റ്റഡീസുകളിലേക്ക് സർവ്വകലാശാല പ്രതിനിധികളെ സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്തു നൽകുന്നത് – സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 55/24.07/33937/AC B7/1/2019** **ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ ബോർഡ് ഓഫ് സ്റ്റഡീസുകളിലേക്ക് സർവകലാശാലയുടെ ബന്ധപ്പെട്ട BOS ൽ നിന്നും ഒരാളെ വീതം സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച് –**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 56/24.07/71637/AC A1-1/2022** M.Sc. Health Economics and Technology Assessment **(M.Sc.HETA) എന്ന പ്രോഗ്രാം ആരംഭിക്കുന്നത് സംബന്ധിച്ച് യു.ജി.സി. യിൽ നിന്നും ലഭിച്ച നിർദ്ദേശത്തിൽ അക്കാദമിക് കൗൺസിലിന്റെ തീരുമാനം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

സർവ്വകലാശാല ക്യാമ്പസിൽ M.Sc. Health Economics and Technology Assessment (M.Sc. HETA) എന്ന പ്രോഗ്രാം തുടങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. കെ. എൻ. രാജ് സ്റ്റഡി സെന്ററിന്റെ ഡയറക്ടറിനെ ചുമതലപ്പെടുത്തുന്നതിനും, അഫിലിയേറ്റഡ് കോളേജുകളിൽ ടി പ്രോഗ്രാം ആരംഭിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമായതിനാൽ ഉന്നത വിദ്യാഭ്യാസ വകുപ്പിലേക്ക് കത്ത് അയക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 57/24.07/133497/AC A8-1/2022** Jain University, Kochi Campus-ൽ **നിന്നുമുള്ള ബിരുദങ്ങളുടെ അംഗീകാരം സംബന്ധിച്ച്.**

ബാംഗ്ലൂർ ആസ്ഥാനമായിട്ടുള്ള Jain University (Deemed University)-യുടെ യുജിസി അംഗീകാരമില്ലാത്ത Kochi Campus-ൽ നിന്നും കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾ സർവ്വകലാശാലയിൽ ഇക്വലൻസി/എലിജിബിലിറ്റി സർട്ടിഫിക്കറ്റിനായി സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതില്ലായെന്നും, കൊച്ചി ക്യാമ്പസിൽ പഠിച്ച് ബാംഗ്ലൂർ ക്യാമ്പസിൽ നിന്നുമുള്ളതാണെന്ന വ്യാജേന സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നവരുടെ മേൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 58/24.07/173525/AC B7-1/2022** **സ്വയംഭരണ കോളേജായ കുട്ടിക്കാനം മരിയൻ കോളേജിലെ ബോർഡ് ഓഫ് സ്റ്റഡീസുകളിലേക്ക് സർവകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസുകളിൽ നിന്ന് പ്രതിനിധികളെ നാമനിർദ്ദേശം ചെയ്ത് നൽകുന്നത് സംബന്ധിച്ച് –**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 59/24.07/58900/NSS SO/2023/NSS** **നാഷണൽ സർവീസ് സ്കീം – നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഗ്രേസ്മാർക്ക് -അപാകത – സംബന്ധിച്ച് :-**

സർവ്വകലാശാലയിലെ നാഷണൽ സർവീസ് സ്കീം-ന്റെ നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഗ്രേസ്മാർക്കിലെ അപാകത സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു തോമസ്, ഡോ. സെനോ ജോസ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 60/24.07/71993/AC A3-3/2023/ACAD** NCC (Navy Wing), Training Curriculum-ൽ **പുതിയതായി ഉൾപ്പെടുത്തിയ നാല് ക്യാമ്പുകൾക്ക് കൂടി 6% വീതം ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച്:-**

NCC (Navy Wing), Training Curriculum-ൽ പുതിയതായി ഉൾപ്പെടുത്തിയ നാല് ക്യാമ്പുകൾക്ക് കൂടി 6 % വീതം ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, ശ്രീ. അമൽ എബ്രഹാം എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 61/24.07/126909/AC A1-1/2023** **13/09/2023-ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിൽ പാസാക്കിയ പ്രമേയം -കോളേജുകളിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അക്കാദമിക് സെമിനാറുകളും വർക്ഷോപ്പുകളും സംഘടിപ്പിക്കുന്നതിനും യോഗങ്ങൾ ചേരുന്നതിനും മാനേജ്മെന്റിന്റെ മുൻകൂർ അനുവാദം വാങ്ങുന്നത് - വിഷയം സിന്റിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്നതിനും യോഗങ്ങൾ ചേരുന്നതിനും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അനുവാദം നൽകേണ്ടത് പ്രിൻസിപ്പലിന്റെ കർത്തവ്യമാണെന്ന് എല്ലാ കോളേജുകളെയും അറിയിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 62/24.07/94045/AD A7 – 3/2023** **സെന്റർ ഫോർ യോഗ & നാച്യുറോപതി -പിജി ഡിപ്ലോമ ഇൻ യോഗ, M.Sc Yoga & Geriatric Counselling , Diploma in Naturopathy എന്നീ പ്രോഗ്രാമുകളുടെ നടത്തിപ്പിന് e-Learning സെന്റർ അനുവദിക്കുന്നത്, ടി പ്രോഗ്രാമുകൾ ഓൺ ലൈൻ ആയി നടത്തുന്നതിൽ വ്യക്തത വരുത്തുന്നത് – എന്നിവ സംബന്ധിച്ച്.**

സെന്റർ ഫോർ യോഗ & നാച്യുറോപതിയിൽ പി.ജി. ഡിപ്ലോമ ഇൻ യോഗ, M.Sc Yoga & Geriatric Counselling, Diploma in Naturopathy എന്നീ പ്രോഗ്രാമുകളുടെ നടത്തിപ്പിന് e-Learning സെന്റർ അനുവദിക്കുന്നതും, ടി പ്രോഗ്രാമുകൾ ഓൺ ലൈൻ ആയി നടത്തുന്നതും സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ. എസ് സുമേഷ്, ശ്രീ. അരുൺ കെ. ശശീന്ദ്രൻ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 63/24.07/146452/AC A1-1/2023** **30/10/2023-ന് കൂടിയ സെനറ്റ് യോഗത്തിൽ പാസാക്കിയ പ്രമേയം -കോളേജുകളിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അക്കാദമിക് സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുന്നതിനും യോഗങ്ങൾ ചേരുന്നതിനും മാനേജ്മെന്റിന്റെ മുൻകൂർ അനുവാദം വാങ്ങുന്നത് - വിഷയം സിന്റിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്നതിനും യോഗങ്ങൾ ചേരുന്നതിനും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അനുവാദം നൽകേണ്ടത് പ്രിൻസിപ്പലിന്റെ കർത്തവ്യമാണെന്ന് എല്ലാ കോളേജുകളെയും അറിയിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 64/24.07/38077/AC A12-1/2023** **CPAS-ൽ നടത്തി വരുന്ന വിവിധ പി ജി പ്രോഗ്രാമ്മുകളുടെ സിലബസ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് ഉത്തരവായ വിദഗ്ധസമിതി കൺവീനർമാരുടെ യോഗത്തിൽ ബന്ധപ്പെട്ട അഞ്ച് വിദഗ്ധസമിതി കൺവീനർമാരും പങ്കെടുത്തില്ല എന്ന വിഷയം – സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച്**

CPAS -ൽ നടത്തി വരുന്ന വിവിധ പി ജി പ്രോഗ്രാമുകളുടെ സിലബസ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് ഉത്തരവായ വിദഗ്ധസമിതി കൺവീനർമാരുടെ 10.01.2024 തീയതിയിൽ കൂടുവാൻ നിശ്ചയിച്ചിരുന്ന യോഗത്തിൽ പങ്കെടുക്കാതിരുന്നതിന് വിദഗ്ധ സമിതി കൺവീനർമാരോട് വിശദീകരണം തേടുന്നതിനും, ടി വിഷയം വീണ്ടും CPAS ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 65/24.07/44810/AD A2-2/2024** **വെക്കേഷൻ കാലയളവ് ഒഴിവാക്കി നോൺ വെക്കേഷൻ സ്കൂൾ/സെന്ററുകളായി പരിഗണിക്കുന്നതിന് സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്.**

സർവ്വകലാശാലയിലെ സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റുകളെ നോൺ വെക്കേഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ, വെക്കേഷൻ കാലയളവ് ഒഴിവാക്കി നോൺ വെക്കേഷൻ

സ്കൂൾ/സെന്ററുകളായി പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 66/24.07/41673/AC A3-1/2023**

**ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക്, സർവകലാശാലയിലെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് യോഗ്യതാ പരീക്ഷയുടെ മാർക്കിലും പ്രായപരിധിയിലും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് സമാനമായ ആനുകൂല്യം അനുവദിക്കുന്നത് - സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

സ.ഉ.നം.8295/ACA3/2023/എംജിയു തീയതി 31.07.2023 പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച്, ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് സർവകലാശാലയിലെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് യോഗ്യതാ പരീക്ഷയുടെ മാർക്കിലും പ്രായപരിധിയിലും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് സമാനമായ ആനുകൂല്യം അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 67/24.07/47527/AC A12-3/2024**

**നാല് വർഷ യു.ജി. പ്രോഗ്രാമുമായി ബന്ധപെട്ട ബി.എഡ്. മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച സെനറ്റ് പ്രമേയം - നാല് വർഷ യു.ജി. പ്രോഗ്രാമുമായി ബന്ധപ്പെട്ട റെഗുലേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനുള്ള സിൻഡിക്കേറ്റ് തീരുമാനം സംബന്ധിച്ച്.**

സർക്കാരിൽ നിന്നും എൻ.സി.റ്റി.ഇ. -യിൽ നിന്നും നിർദ്ദേശങ്ങൾ വരുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 68/24.07/99381/AC A5-2/2024**

**സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി - 2024-2025 അധ്യയനവർഷം മുതൽ Executive M.Tech in Polymer Engineering and Nanotechnology എന്ന പ്രോഗ്രാം Evening Programme ആയി ആരംഭിക്കുന്നതിനു ഡയറക്ടർ സമർപ്പിച്ച അപേക്ഷ - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ചു:-**

സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജിയിൽ 2024-2025 അധ്യയനവർഷം മുതൽ Executive M.Tech in Polymer Engineering and Nanotechnology എന്ന പ്രോഗ്രാം Evening Programme ആയി ആരംഭിക്കുന്നതിനു ഡയറക്ടർ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുജ റ്റി. വി., ഡോ. ബീനാ മാത്യു എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 69/24.07/9616/P&D 2-1/2024**

International Skill Development Corporation (ISDC) - **യും മഹാത്മാഗാന്ധി സർവ്വകലാശാലയും - യും തമ്മിൽ അക്കാദമിക സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നത് - 29.06.2024 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗ തീരുമാന പ്രകാരം ഫയൽ - പുനഃസമർപ്പിക്കുന്നത് -സംബന്ധിച്ച്.**

സർവ്വകലാശാലക്ക് ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 70/24.07/50798/EH 13-3/2023**

**ആർ എൽ വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ - 2020, 2021 അഡ്മിഷൻ MFA വിദ്യാർത്ഥികളുടെ പ്രൊഫൈൽ ഫോട്ടോ പി.ജി പോർട്ടലിൽ അപ്‌ലോഡ് ചെയ്യാതിരുന്ന വിഷയം - പിഴ ഒഴിവാക്കുന്നത് സംബന്ധിച്ച് കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നത് - സംബന്ധിച്ചു:-**

തൃപ്പൂണിത്തുറ, ആർ എൽ വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സ് - ലെ, 2020 അഡ്മിഷൻ 18 വിദ്യാർത്ഥികളുടെയും 2021 അഡ്മിഷൻ 3 വിദ്യാർത്ഥികളുടെയും പ്രൊഫൈൽ ഫോട്ടോ പി.ജി പോർട്ടലിൽ

അപ്‌ലോഡ് ചെയ്യാതിരുന്നതിന്മേൽ പ്രിൻസിപ്പൽ സമർപ്പിച്ച വിശദീകരണം പരിഗണിച്ച് കോളേജിന്റെ പിഴ Rs. 15435/- ന്റെ 50% ആയി നിജപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 71/24.07/96780/DSS 1/2024/DSS** **മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ - കോളേജിയേറ്റ് കലോത്സവത്തിൽ സംസ്കൃത ഇനങ്ങൾ കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ-കോളേജിയേറ്റ് കലോത്സവത്തിൽ ആദ്യ ഘട്ടമായി സംസ്കൃത ഇനങ്ങളിൽ ഉപന്യാസ രചന, ചെറു കഥ രചന, പദ്യ രചന, എന്നിവ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 72/24.07/36998/ACA16-2/2024** **കേരളത്തിൽ നടന്ന രാജ്യാന്തര ശ്രദ്ധനേടിയ കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ എപ്രകാരമായിരുന്നു എന്ന് പൂർണ്ണമായി പ്രതിപാദിക്കുന്ന Holding Hands in Peril (Kerala Model) എന്ന പുസ്തകം ബിരുദ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് :-**

സർവ്വകലാശാലയിൽ നിലവിൽ പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയായതിനാൽ അപേക്ഷ തത്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 73/24.07/83448/AC A12-3/2024** **സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയിൽ (CYN) ആഡ് ഓൺ കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപെട്ടു :**

സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയിൽ (CYN) Yoga For Stress Management (Under Credit System) എന്ന ആഡ് ഓൺ കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ.എസ് സുമേഷ്, ശ്രീ. അരുൺ കെ. ശശീന്ദ്രൻ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 74/24.07/9284/AC A6-3/2024** **ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിന് സൈക്കോളജി വിഭാഗവുമായി ചേർന്ന് ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രമായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ - ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്**

ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തെ സൈക്കോളജി വിഭാഗവുമായി ചേർന്ന് ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, ടി കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. ബിന്ദു എം, അങ്കമാലി മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. മെറ്റിൽഡ തോമസ്, എന്നിവരെ ടി കേന്ദ്രത്തിൽ ഗവേഷക മാർഗ്ഗദർശികളായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 75/24.07/73014/AC A10-4/2024** **23.05.2024 തീയതിയിൽ ചേർന്ന അക്കാദമിക് കൗൺസിൽ യോഗത്തിൽ ഡോ. ശ്രീജ എസ്. അവതരിപ്പിച്ച പ്രമേയത്തിലെ (ഇനം നമ്പർ 04) ആവശ്യങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണന യ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഗവേഷണത്തിന് രജിസ്റ്റർ ചെയ്ത്, കോഴ്സ് വർക്കിനു ശേഷം രജിസ്ട്രേഷൻ ക്യാൻസൽ ആയവർ, തുടർന്ന് ഗവേഷണം നടത്താൻ സാധിക്കാത്ത അധ്യാപകർ, സമയപരിധി കഴിഞ്ഞു പലവിധ കാരണങ്ങളാൽ പ്രബന്ധം സമർപ്പിക്കാൻ സാധിക്കാത്ത അധ്യാപകർ എന്നിവർ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മതിയായ ഫീസ് ഈടാക്കിക്കൊണ്ട് (പിഴ ഉൾപ്പെടെ) പ്രബന്ധ സമർപ്പണത്തിനുള്ള കാലാവധി 2025 ജൂൺ 30 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 76/24.07/94417/AC A6-1/2024

തലയോലപ്പറമ്പ്, ദേവസ്വം ബോർഡ് കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ജയശ്രീ എസ്.കെ. (Dr. Jayasree S.K.) മഹാത്മാഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിനു സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്

Resolved to approve Dr. Jayasree S.K., Assistant Professor in Commerce, D.B. College, Thalayolaparambu as Research Guide in Commerce at the Post Graduate/Research Department of Commerce, Govt. College, Kottayam.

ഇനംനമ്പർ 77/24.07/78691/AC A6-3/2024

തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിന് ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാന് നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്

Resolved to appoint an Inspection Commission comprising Dr. A.S. Sumesh, Member Syndicate as convenor, Prof. (Dr.) Jyothimol P., Baselius College, Kottayam as Subject Expert to inspect the Center and submit the report.

ഇനംനമ്പർ 78/24.07/94666/AC A6-1/2024

മൂവാറ്റുപുഴ, നിർമല കോളേജിൽ ഹിന്ദി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അഞ്ജലി ജോസഫ് (Dr. Anjaly Joseph) മഹാത്മാഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്

Resolved to approve Dr. Anjaly Joseph, Assistant Professor in Hindi, Nirmala College, Muvattupuzha as Research Guide in Hindi at the Post Graduate/Research Department of Hindi, Nirmala College, Muvattupuzha.

ഇനംനമ്പർ 79/24.07/97188/AC A6-1/2024

എടത്തല, അൽ-അമീൻ കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. നിഷ ജോസഫ് (Dr. Nisha Joseph) മഹാത്മാഗാന്ധി സർവ്വകലാശാലാ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്

Resolved to approve Dr. Nisha Joseph, Assistant Professor in Commerce, Al Ameen College, Edathala as Research Guide in Commerce at the Research Centre in Commerce and Allied areas in Social Sciences, Al Ameen College, Edathala.

ഇനംനമ്പർ 80/24.07/93394/AC A6-1/2024

എറണാകുളം, സെന്റ് ആൽബെർട്ട്സ് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സ്വീത സജി (Dr.Sweetha Saji) മഹാത്മാഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്

Resolved to approve Dr. Sweetha Saji, Assistant Professor in English, St. Alberts College, Ernakulam as Research Guide in English at the Post Graduate/ Research Department of English, St. Teresa's College, Ernakulam.

ഇനംനമ്പർ 81/24.07/97733/AC A6-1/2024

കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ സോഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ഡയാനാ മാത്യൂസ് (Dr.Diana Mathews) റിസർച്ച് ഗൈഡായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to approve Dr. Diana Mathews, Assistant Professor in Sociology, Mar Athanasius College, Kothamangalam as Research Guide in Sociology at the Post Graduate/Research Department of Sociology, CMS College, Kottayam.

**ഇനംനമ്പർ 82/24.07/101299/AC A6-1/2024**

**ചങ്ങനാശ്ശേരി, എൻ.എസ്.എസ് ഹിന്ദു കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ജയപ്രഭ കെ. എൻ (Dr.Jayaprabha K.N) റിസർച്ച് ഗൈഡായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Jayaprabha K.N, Assistant Professor in Chemistry, NSS Hindu College, Changanassery as Research Guide in Chemistry at the Post Graduate/ Research Department of Chemistry, NSS Hindu College, Changanassery.

**ഇനംനമ്പർ 83/24.07/101517/AC A6-1/2024**

**വാഴൂർ, ശ്രീ വിദ്യാധിരാജ എൻ.എസ്.എസ് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ധന്യ എസ്. (Dr. Dhanya S) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Dhanya S, Assistant Professor in Chemistry, Sree Vidhyadiraja NSS College, Vazhoor as Research Guide in Chemistry at the Post Graduate/ Research Department of Chemistry, NSS Hindu College, Changanassery.

**ഇനംനമ്പർ 84/24.07/161401/AC A2-3/2023**

**സസ്യശാസ്ത്ര ഗവേഷണം – 2017 പ്രവേശനം – ശ്രീമതി എയ്ഞ്ചലിൻ സിറിയക്-ഗവേഷണ മാർഗദർശി, ഗവേഷണ കേന്ദ്രം എന്നിവ മാറ്റി അനുവദിക്കുന്നത് സംബന്ധിച്ച് –**

ശ്രീമതി. എയ്ഞ്ചലിൻ സിറിയക്-ന്റെ ഗവേഷണ കേന്ദ്രം സെന്റ് തോമസ് കോളേജ്, പാലായിൽ നിന്നും യൂ സി കോളേജ് ആലുവയിലേക്കും, ഗവേഷണ മാർഗദർശിത്വം ഡോ. ടോജി തോമസ്-ൽ നിന്നും ഡോ. അനിൽകുമാർ എം. (പ്രൊഫസർ & പ്രിൻസിപ്പൽ, ശ്രീ ശങ്കര കോളേജ്, കാലടി) ലേക്കുമായി മാറ്റി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 85/24.07/106332/AC A11-1/2024**

**പി എച്ച് ഡി പ്രോഗ്രാം –ഫിസിക്സ് – ശ്രീമതി. സുവർണ ഗണേഷ് (2023 അഡ്മിഷൻ) – നിലവിലെ ഗവേഷണ മാർഗദർശ്ശിയെ സഹ മാർഗദർശ്ശിയായും, നിലവിലെ സഹ മാർഗദർശ്ശിയെ ഗവേഷണ മാർഗദർശ്ശിയായും മാറ്റി നൽകുന്നത് സംബന്ധിച്ച :-**

യൂണിയൻ ക്രിസ്ത്യൻ കോളേജ് ആലുവയിൽ ഫിസിക്സ് വിഷയത്തിൽ പൂർണ്ണ സമയരീതിയിൽ ഗവേഷണം നടത്തുന്ന ശ്രീമതി. സുവർണ ഗണേഷിന്റെ ഗവേഷണ മാർഗദർശിത്വം ഡോ. അലക്സ് മാത്യുവിൽ നിന്നും ഡോ. രശ്മി ആർ.-ലേക്കും സഹ ഗവേഷണ മാർഗദർശ്ശിത്വം ഡോ. രശ്മി ആർ-ൽ നിന്നും ഡോ. അലക്സ് മാത്യുവിലേക്കും മാറ്റി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 86/24.07/107821/AC A6-1/2024**

**തേവര, സേക്രഡ് ഹാർട്ട് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അമ്മു റോസിൻ ജോസ് (Dr. Ammu Rosin Jose) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Ammu Rosin Jose, Assistant Professor in Chemistry, Sacred Heart College, Thevara as Research Guide in Chemistry at the Post Graduate/ Research Department of Chemistry, Sacred Heart College, Thevara.

**ഇനംനമ്പർ 87/24.07/98264/AC A6-1/2024** **മാല്യങ്കര, എസ്.എൻ.എം കോളേജിലെ കെമിസ്ട്രി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ഗായത്രി ടി.എച്ച് (Dr.Gayathri T.H) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Gayathri T.H, Assistant Professor in Chemistry, SNM College, Maliankara as Research Guide in Chemistry at the Post Graduate/ Research Department of Chemistry, SNM College, Maliankara.

**ഇനംനമ്പർ 88/24.07/98697/AC A6-1/2024** **എറണാകുളം മഹാരാജാസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.മഞ്ജുഷ കെ.ജി (Dr.Manjusha K.G) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr.Manjusha K.G, Associate Professor in English, Maharajas College, Ernakulam as Research Guide in English at the Post Graduate/ Research Department of English, Maharajas College, Ernakulam.

**ഇനംനമ്പർ 89/24.07/108032/AC A6-1/2024** **ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ ഹിസ്റ്ററി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ജെനി പീറ്റർ (Dr. Jenee Peter) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Jenee Peter, Assistant Professor in History, Union Christian College, Aluva as Research Guide in History at the Post Graduate/ Research Department of History, Union Christian College, Aluva.

**ഇനംനമ്പർ 90/24.07/84623/AC A6-3/2024** **കോട്ടയം BCM കോളേജിലെ ബിരുദാനന്തര ബിരുദ കൊമേഴ്സ് (സെൽഫ് ഫിനാൻസിംഗ്) വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നത് സംബന്ധിച്ച്.**

Resolved to appoint an Inspection Commission comprising Dr. Babu Micheal, Member Syndicate as convenor, Dr. Wilson T. Thomas, KG College, Pampady (Subject Expert) to inspect the Center and submit the report.

**ഇനംനമ്പർ 91/24.07/Ac AVI/1/RG/79/2023** **എറണാകുളം, സെൻറ് തെരേസാസ് കോളേജിലെ ഫിസിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. മറിയം തോമസ് (Dr. Mariyam Thomas) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

Resolved to approve Dr. Mariyam Thomas, Assistant Professor in Physics, St. Theresa's College, Ernakulam as Research Guide in Physics at the Post Graduate/ Research Department of Physics, St. Theresa's College, Ernakulam.

**ഇനംനമ്പർ 92/24.07/41793/AC A6-1/2023** **എറണാകുളം മഹാരാജാസ് കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.സന്ധ്യ പി വി എം.ജി സർവകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

Resolved to approve Dr. Sandhya P.V., Associate Professor in Chemistry, Maharajas College, Ernakulam as Research Guide in Chemistry at the Post Graduate/ Research Department of Chemistry, Maharajas College, Ernakulam.

**ഇനംനമ്പർ 93/24.07/72396/AC A6-1/2023**

**തേവര,സേക്രഡ് ഹാർട്ട് കോളേജിലെ സുവോളജി വിഭാഗത്തിലെ ഗവേഷണകേന്ദ്രത്തിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി എറണാകുളം സെൻറ് തെരേസാസ് കോളേജിലെ സുവോളജി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ഹെൽവിൻ വിൻസൻറ് (Dr. Helvin Vincent) സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Helvin Vincent, Assistant Professor in Zoology, St. Theresas College, Ernakulam as Research Guide in Zoology at the Post Graduate/ Research Department of Zoology, Sacred Heart College, Thevara.

**ഇനംനമ്പർ 94/24.07/80566/AC A6-1/2023**

**എറണാകുളം, സെൻറ് തെരേസാസ് കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ Dr. Jency Treesa ,തേവര, സേക്രഡ് ഹാർട്ട് കോളേജിലെ ബിരുദാനന്തര ബിരുദ കോമേഴ്സ് വിഭാഗം ഗവേഷണകേന്ദ്രത്തിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

Resolved to approve Dr. Jency Treesa, Assistant Professor in Commerce, St. Theresas College, Ernakulam as Research Guide in Commerce at the Post Graduate/ Research Department of Commerce, Sacred Heart College, Thevara.

**ഇനംനമ്പർ 95/24.07/76320/AC A6-1/2023**

**തൃക്കാക്കര ഭാരത മാതാ കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. പ്രസ്റ്റീന ജെസ്ന എം. ജോസ് (Dr. Prestina Jesna M. Jose) റിസർച്ച് ഗൈഡായി എം. ജി. സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Prestina Jesna M. Jose, Assistant Professor in Commerce, Bharat Mata College, Thrikkakara as Research Guide in Commerce at the Post Graduate/ Research Department of Commerce, Bharat Mata College, Thrikkakara.

**ഇനംനമ്പർ 96/24.07/111961/ACA6 SO/2023 (AcAVI/1/RG/677/2023)**

**ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഹിന്ദു കോളേജിലെ ഹിന്ദി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. രേണു എസ്. (Dr. Renu S.) റിസർച്ച് ഗൈഡായി എം. ജി. സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Renu S., Assistant Professor in Hindi, NSS Hindu College, Changanassery as Research Guide in Hindi at the Post Graduate/ Research Department of Hindi, NSS Hindu College, Changanassery.

**ഇനംനമ്പർ 97/24.07/145994/AC A6-1/2023**

**പെരുമ്പാവൂർ, മാർതോമാ കോളേജ് ഫോർ വിമെനിലെ ഫിസിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. പൗലോസ് തോമസ് (Dr. Paulose Thomas) റിസർച്ച് ഗൈഡായി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Paulose Thomas, Assistant Professor in Physics, Marthoma College For women, Perumbavoor as Research Guide in Physics at the Post Graduate/ Research Department of Physics, Marthoma College, Thiruvalla.

**ഇനംനമ്പർ 98/24.07/157042/AC A1-2/2023** **Ph.D Course work - ഹാജർ നിലയിലുണ്ടാകുന്ന കുറവ് മാപ്പാക്കി നൽകുന്നതിലേക്കായി സമർപ്പിക്കുന്ന അപേക്ഷയിൽമേൽ ഫീസ് (condonation fee) നിശ്ചയിക്കുന്നത് സംബന്ധിച്ച് :-**

Ph. D Course work പരീക്ഷകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന condonation അപേക്ഷകളിന്മേൽ ചുവടെ ചേർക്കും വിധം ഫീസ് (condonation fee) നിശ്ചയിക്കുന്നതിന് തീരുമാനിച്ചു.

Fee Related to Research

| | | 2. BCA (Hons) (40) | |
| 8 | College of Applied Sciences, IHRD, Nedumkandam, Idukki. | 1. BSc (Hons)Computer Science (40) | Data Science and Analytics & Web and Mobile Technologies |
| | | 2. BCom (Hons) (40) | Finance and Taxation & Logistics Management |
| 9 | College of Applied Science, Payyappady P.O., Puthuppally, Kottayam | 1. BSc (Hons) Computer Science (40) | Data Science and Analytics & Web and Mobile Technologies |
| | | 2. BCom (Hons) (40) | Finance and Taxation & Financial Markets |
| | | 3. BCom (Hons) (40) | Logistics Management & Marketing |
| | | 4. BBA (Hons) (40) | |
| | | 5. BCA (Hons) (40) | |
| | | 6. M.Sc.Computer Science (30) | |
| | | 7. M.Com. Finance & Taxation (20) | |
| 10 | College of Applied Sciences, PWD Rest House Campus, Kuttikkanam, Peerumedu. | 1. BSc (Hons) Computer Science (40) | Data Science and Analytics & Web and Mobile Technologies |
| | | 2. BCom (Hons) (60) | Finance and Taxation & Financial Markets |
| | | 3. BCom (Hons) (40) | Co-Operation & Logistics Management |
| | | 4. BCA (Hons) (40) | |
| | | 5. M.Sc. Computer Science (20) | |
| 11 | College of Applied Sciences, IHRD, North Paravur, Puthenvelikkara | 1. BCom (Hons) | Finance and Taxation & Co-Operation |
| | | 2. BSc (Hons) Computer Science | Data Science and Analytics & Web and Mobile Technologies |
| 12 | College of Applied Sciences, IHRD, Muttom P.O., Thodupuzha, Idukki. | 1. BSc (Hons) Computer Science | Data Science and Analytics & Web and Mobile Technologies |
| | | 2. BCom.(Hons) (60) | Co-Operation & Logistics Management |
| | | 3. M.Com Finance and Taxation (20 | |
| | | 4. M.Sc. Computer Science (30) | |

**ഇനംനമ്പർ 142/24.07/14750/EG 1-3/2024**

**ബി. കോം. (പ്രൈവറ്റ്) സി. ബി. സി.എസ്. അഞ്ചാം സെമസ്റ്റർ പരീക്ഷ , ഒക്ടോബർ 2023 -Aby Thomas K A, PRN :210050026621-Reported case of Malpractice- അന്വേഷണ റിപ്പോർട്ട് - സംബന്ധിച്ച്**

പ്രസ്തുത വിഷയത്തിന്മേൽ നിയമിതമായ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, ശ്രീ. എബി തോമസ് കെ. എ. (PRN:210050026621) എന്ന വിദ്യാർത്ഥിയുടെ കോഴ്സ് രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 143/24.07/93371/CBCSS 16-2/2024** **കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട - സിബിസിഎസ് ബിഎസ്‌സി. സൂവോളജി മോഡൽ I വിദ്യാർത്ഥി ANSIM S SALIH, PRN: 220021036488 രണ്ടാം സെമസ്റ്റർ, മെയ് 2024 പരീക്ഷയിൽ ക്രമക്കേട് നടത്തിയെന്ന ആരോപണം സംബന്ധിച്ച്:**

പ്രസ്തുത വിഷയത്തിൽ അന്വേഷണ കമ്മീഷൻ ആയി ഡോ.ബാബു മൈക്കിൾ (സിൻഡിക്കേറ്റ് അംഗം), ശ്രീ.അമൽ എബ്രഹാം(സിൻഡിക്കേറ്റ് അംഗം) എന്നിവരെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 144/24.07/80998/CBCSS9-3/2024** **ആലുവ കെ.എം.ഇ.എ കോളേജ് ഓഫ് ആർട്സ് & സയൻസ് കോളേജിലെ ബി ബി എ വിദ്യാർത്ഥിയായ KIRAN MS (PRN 220021080860) നാലാം സെമസ്റ്റർ സി ബി സി എസ് ഏപ്രിൽ 2024 (Regular)പരീക്ഷയിൽ ക്രമക്കേട് നടത്തിയത് സംബന്ധിച്ച്.**

പ്രസ്തുത വിഷയത്തിൽ ആലുവ, കെ.എം.ഇ.എ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് പ്രിൻസിപ്പലിനെ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി- സ്റ്റുഡന്റ്സ് ഡിസിപ്ലിൻ മുൻപാകെ ഹിയറിംഗിന് ഹാജരാകാൻ നിർദ്ദേശം നല്കാൻ തീരുമാനിച്ചു.

**ഇനംനമ്പർ 145/24.07/87765/FO SECTION-ASSISTANT2/2024** **മഹാത്മാഗാന്ധി സർവകലാശാല - KSAD AUDIT REPORT 2020-21 - അതിന്മേലുള്ള മറുപടികൾ - സിൻഡിക്കേറ്റിന്റെ മുൻപാകെ പരിശോധനയ്ക്കും അംഗീകാരത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്മേൽ തയ്യാറാക്കിയ മറുപടികൾ അംഗീകരിക്കുന്നതിനും, മുൻ വർഷങ്ങളിലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു Standard Operating Procedure (SOP) തയ്യാറാക്കി സമർപ്പിക്കുന്നതിന് രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 146/24.07/120496/FO SECTION-ASSISTANT1/2024** **2024 -25 സാമ്പത്തിക വർഷ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന " 23 703 34 - Post Doctoral Fellowship from External agencies " എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന അടങ്കൽ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്:**

2024-25 സാമ്പത്തിക വർഷത്തെ Earmarked Funds - "13 703 34 - Post Doctoral Fellowship from external agencies" (Receipt), "23 703 34 - Post Doctoral Fellowship from External agencies" (Expenditure) എന്നീ ശീർഷകങ്ങളിൽ അധിക തുകയായി ₹25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വീതം വകയിരുത്തി അടങ്കൽ തുക ₹50,00,000/-(അമ്പതു ലക്ഷം മാത്രം) രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 147/24.07/120401/P&D 1-2/2024** **സർവകലാശാലയിൽ sewage treatment plant ന്റെ നിർമ്മാണം - E-tender വിളിക്കുന്നത് - സംബന്ധിച്ച്:-**

സർവ്വകലാശാലയിൽ ഒരു Sewage Treatment Plant സ്ഥാപിക്കുന്നതിനായുള്ള ഡിസൈൻ, നിർമ്മാണം, ഒരു വർഷത്തെ പരിപാലനം എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലേക്കായി ഇ-ടെൻഡർ വിളിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 148/24.07/108286/AC A8-3/2024** **UGC (Redressal of Grievances of Students) Regulations 2023 പ്രകാരം നിയമിതനായ ഓംബുഡ്സ്പേർസന്റെ സിറ്റിംഗ് ഫീ കൺവേയൻസ് അലവൻസ് എന്നിവ നിശ്ചയിച്ചുനൽകുന്നത് സംബന്ധിച്ച് .**

UGC (Redressal of Grievances of Students) Regulations 2023 പ്രകാരം നിയമിതനായ ഓംബുഡ്സ് പേഴ്സൺ-ന് സിറ്റിംഗ് ഫീയായി Rs. 3000/- (മൂവ്വായിരം രൂപ) രൂപയും നിലവിലെ സർവ്വകലാശാല ഉത്തരവ് പ്രകാരമുള്ള യാത്രാ ബത്തയും അനുവദിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 149/24.07/75521/AD B2-2/2024** | **സർവകലാശാലയിൽ പുതുതായി ആരംഭിച്ചിട്ടുള്ള ഗ്രാജ്വേറ്റ് സ്കൂളിനായി അനുവദിച്ചിട്ടുള്ള ഹോസ്റ്റലുകളിലേക്ക് ടേബിളുകളും ചെയറുകളും ഡബിൾ ഡെക്കർ കട്ടിലുകളും വിതരണം ചെയ്ത വകയിൽ M/s. ARTCO Ltd., AK റോഡ്, മലപ്പുറം എന്ന സ്ഥാപനത്തിന് നികുതിയുൾപ്പെടെ മൊത്തം 6,21,523/- രൂപ അനുവദിക്കുന്നത് സംബന്ധിച്ച്.** |

സർവകലാശാലയിൽ 4+1 യു.ജി. പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ഗ്രാജ്വേറ്റ് സ്കൂളിനായി അനുവദിച്ചിട്ടുള്ള ഹോസ്റ്റലുകളിലേക്ക് 40 എണ്ണം ടേബിളുകളും 50 എണ്ണം കസേരകളും 25 എണ്ണം ഡബിൾ ഡെക്കർ കട്ടിലുകളും വിതരണം ചെയ്ത വകയിൽ M/s. ARTCO Ltd., AK റോഡ്, മലപ്പുറം എന്ന സ്ഥാപനത്തിന് വിതരണത്തിൽ ഉണ്ടായ കാലതാമസത്തിന് കണക്കാക്കിയ പിഴത്തുകയായ 20,167/- രൂപ പിഴപ്പലിശ ഇനത്തിൽ കുറവ് ചെയ്തതിനു ശേഷം ബാക്കിയുള്ള 6,21,523/- രൂപ (ആറ് ലക്ഷത്തി ഇരുപത്തൊന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം) അനുവദിക്കുന്നതിനും, പ്രസ്തുത ചെലവ് സർവകലാശാലയുടെ 2024-2025 സാമ്പത്തിക വർഷ ബജറ്റിലെ "25 101 06 - Modernisation of the University Administration, Academic Departments & Examination Infrastructure" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 150/24.07/111591/AD A3-3/2024** | **ഡെപ്യൂട്ടി രജിസ്ട്രാർ 1 (ഭരണവിഭാഗം) ശ്രീ ബിജു എം എസ്, എ ഡി എ 4 സെക്ഷൻ ഓഫീസർ ആയിരുന്ന സമയത്ത് വിവിധ ഇന്റർവ്യൂകൾ നടത്തുന്നതിനായി നാല് ഉത്തരവുകൾ പ്രകാരം അനുവദിച്ച താത്കാലിക മുൻകൂർ തുകകൾ ക്രമപ്പെടുത്തുന്നത് സംബന്ധിച്ച്-** |

2016, 2017 വർഷങ്ങളിൽ അനുവദിച്ച മുൻകൂർതുകകൾ നാളിതുവരെ ക്രമീകരിക്കാതിരുന്നതിന് ശ്രീ. ബിജു എം എസ്., ഡെപ്യൂട്ടി രജിസ്ട്രാർ 1 (ഭരണവിഭാഗം)- നോട് വിശദീകരണം ചോദിക്കുന്നതിനും മുൻകൂറായി അനുവദിച്ച തുകകളിൽ യഥാർത്ഥത്തിൽ ചെലവായ തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഫയൽ പുനഃസമർപ്പിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 151/24.07/111645/FO SECTION-ASSISTANT1/2024** | **2024-25 സാമ്പത്തിക വർഷത്തെ സർവകലാശാലയുടെ നോൺ പ്ലാൻ ഇനത്തിലെ " 22 501 99 a - Amazone Web Services " എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തൽ സംബന്ധിച്ച് :-** |

2024 -25 സാമ്പത്തിക വർഷത്തിലെ സർവ്വകലാശാലയുടെ "22 501 99 a - Amazone Web Services" എന്ന ശീർഷകത്തിൽ അധിക തുകയായി ₹40,00,000/- (നാൽപതു ലക്ഷം രൂപ) രൂപ അനുവദിച്ച് അടങ്കൽ തുക ₹70,00,000 (എഴുപത് ലക്ഷം രൂപ) രൂപ ആയി വർദ്ധിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 152/24.07/58150/P&D 1-1/2023** | **സർവകലാശാല ക്യാമ്പസിലെ നിള ഹോസ്റ്റലിലെ രണ്ടാം നിലയിൽ ഡോർമിറ്ററി നിർമ്മിക്കുന്ന പ്രവർത്തികൾകായി ചെലവായ ഫസ്റ്റ് ആൻഡ് പാർട് ബിൽ തുക 15,47,427/- രൂപ കരാർ എടുത്തിട്ടുള്ള CATT CONSTRUCTIONS, അമ്പലനിരപ്പേൽ പി ഓ , കോട്ടയം നു അനുവദിക്കുന്നത് - സംബന്ധിച്ച് :-** |

സർവകലാശാല ക്യാമ്പസിലെ നിള ഹോസ്റ്റലിലെ രണ്ടാം നിലയിൽ ഡോർമിറ്ററി നിർമ്മിക്കുന്ന പ്രവർത്തികൾകായി ചെലവായ ഫസ്റ്റ് ആൻഡ് പാർട് ബില്ല് തുകയായ ₹15,47,427/- രൂപ കരാർ എടുത്തിട്ടുള്ള CATT CONSTRUCTIONS,അമ്പാറനിരപ്പേൽ പി ഓ, കോട്ടയം എന്ന സ്ഥാപനത്തിനു അനുവദിക്കുന്നതിനും, മേൽ തുകയിൽ നിന്ന് താഴെ പറയുന്ന പ്രകാരം കിഴിവുകൾ വകയിരുത്തുന്നതിനും [IT(2%)- ₹26,228/-, WWF (1%)-₹13,114/- (Amount of cess to the Board (KCWWF) - ₹12,983/- + Cost of collection charge to be remitted to FO's account(1% of KCWWF)- ₹131/-), GST (2%)- ₹26,228/-, Retention amount (2.5% of BV) - ₹32,784/-], മേൽ കിഴിവുകൾ വകയിരുത്തി കോൺട്രാക്ടർ statutory GST Invoice Contract certificate bill നൊപ്പം സമർപ്പിക്കുന്ന പക്ഷം ₹14,49,073/- (പതിന്നാല് ലക്ഷത്തി നാല്പത്തൊൻപതിനായിരത്തി എഴുപത്തിമൂന്ന് രൂപ മാത്രം) രൂപ കരാറുകാരന് നൽകുന്നതിനും, മേൽച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ " 25 330 01 - School of Mathematics and Statistics/ Artificial Intelligence/Seminar Hall for Schools/ Infrastructure development " (സ്റ്റേറ്റ് പ്ലാൻ) എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 153/24.07/101958/FO SECTION-ASSISTANT1/2024** **സർവകലാശാലയുടെ 2024 - 25 ബജറ്റിൽ സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിക്ക് അനുവദിച്ച ബജറ്റ് ശീർഷകമായ " 22 352 31 - Payment to Guest/Visiting Faculty " എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തൽ സംബന്ധിച്ച് :-**

സർവകലാശാലയുടെ 2024 - 25 ബജറ്റിൽ സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിക്ക് അനുവദിച്ച ബജറ്റ് ശീർഷകമായ " 22 352 31 - Payment to Guest/Visiting Faculty " എന്ന ശീർഷകത്തിൽ അധിക തുകയായി ₹5,00,000/- (അഞ്ചു ലക്ഷം രൂപ മാത്രം) രൂപ വകയിരുത്തുന്നതിനും ടി സെന്ററിന്റെ വരവു ചെലവ് കണക്കുകൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതി-യുടെ ഡയറക്ടറിനെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 154/24.07/67140/AD B4-3/2024** **സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജിയിലേയ്ക്ക് ആവശ്യമായ ഒരു UV Visible Spectrophotometer വിതരണം ചെയ്ത വകയിൽ M/s.Scientific Enterprises, Kochi എന്ന സ്ഥാപനത്തിന്റെ പേരിൽ 6,44,486/- രൂപ അനുവദിക്കുന്നത് - സംബന്ധിച്ച്.**

സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജിയിലേയ്ക്ക് ആവശ്യമായ ഒരു UV Visible Spectrophotometer വിതരണം ചെയ്ത വകയിൽ M/s. Scientific Enterprises, Kochi എന്ന സ്ഥാപനത്തിന് 6,44,486/- രൂപ (ആറ് ലക്ഷത്തി നാല്പത്തിനാലായിരത്തി നാന്നൂറ്റി എൺപത്തിയാറ് രൂപ മാത്രം) അനുവദിക്കുന്നതിനും, പ്രസ്തുത വാങ്ങലിന്റെ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ " 25 101 02 - Promotion of Research : Equipment, Chemicals, Consumables & Maintenance for the Statutory Departments of the University " എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 155/24.07/17024/AD A9-2/2024** **സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് - സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് വകുപ്പിലെ വകുപ്പുമേധാവി (i/c) യായ അസ്സോസിയേറ്റ് പ്രൊഫസർ ഡോ. അഭിലാഷ് ബാബു വിന്റെ പേരിൽ NAAC വിസിറ്റിനു മുന്നോടിയായി വകുപ്പിലെ അടിസ്ഥാന വികസനങ്ങളുടെ ചെലവിലേക്കായി അനുവദിച്ച താത്കാലിക മുൻകൂർ തുകയായ ₹5,00,000 രൂപയുടെ ക്രമീകരണം - പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച്.**

NAAC വിസിറ്റിനു മുന്നോടിയായി സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് വകുപ്പിലെ അറ്റകുറ്റ പണികൾക്കും മറ്റ് നവീകരണ പ്രവൃത്തികൾക്കുമായി ചെലവഴിച്ച ₹ 6,47,614 / - (ആറ് ലക്ഷത്തി നാല്പത്തിയേഴായിരത്തി അറുന്നൂറ്റി പതിനാല് രൂപ മാത്രം ) രൂപയുടെ ചെലവ് അംഗീകരിക്കുന്നതിനും,

1. അധികരിച്ച് ചെലവഴിച്ച തുകയായ ₹ 1,47,614 / - (ആറ് ലക്ഷത്തി നാല്പത്തിയേഴായിരത്തി അറുന്നൂറ്റി പതിനാല് രൂപ മാത്രം) ഡോ. അഭിലാഷ് ബാബു വിന്റെ പേരിൽ തിരികെ അനുവദിച്ച് നൽകുന്നതിനും,
2. NAAC വിസിറ്റിനോടനുബന്ധിച്ച് അടിയന്തിര പ്രാധാന്യത്തോടെ ചെയ്ത പ്രവൃത്തി എന്നത് പരിഗണിച്ച്, മുൻകൂർ തുക ക്രമീകരിക്കുന്നതിലുണ്ടായ കാലതാമസത്തിനു കണക്കാക്കിയ പിഴപ്പലിശ ഒഴിവാക്കി നൽകുന്നതിനും,
3. സർവകലാശാല ഉത്തരവ് നമ്പർ 1504/AD A 9/2024/എം ജി യു തീയതി 17.02.2024 പ്രകാരം ,സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് വകുപ്പിലെ വകുപ്പുമേധാവി (i/c) യായ അസ്സോസിയേറ്റ് പ്രൊഫസർ ഡോ. അഭിലാഷ് ബാബു വിന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹.5,00,000 (അഞ്ച് ലക്ഷം രൂപ മാത്രം) ക്രമീകരിക്കുന്നതിനും,
4. മേൽ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ '21 101 69 NAAC VISIT' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 156/24.07/17229/AD A3-3/2024** **NAAC സന്ദർശനവുമായി ബന്ധപ്പെട്ട സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് & പൊളിറ്റിക്സ്-ൽ outdoor badminton court നിർമിക്കുന്നതിന്റെ ചെലവിലേക്ക് അനുവദിച്ച താത്കാലിക മുൻകൂർ തുക ₹2,00,000/- (രണ്ടു ലക്ഷം രൂപ മാത്രം) ശ്രീ.ഹരികുമാർ പി , (PEN:1963), (A.O., SIRP ) പേരിൽ അനുവദിച്ചത് ക്രമപ്പെടുത്തുന്നത് സംബന്ധിച്ച്-**

NAAC സന്ദർശനവുമായി ബന്ധപ്പെട്ട സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് & പൊളിറ്റിക്സ്-ൽ outdoor ബാഡ്മിന്റൺ കോർട്ടിന്റെ നിർമാണ പ്രവർത്തനങ്ങൾക്കായി കേരള ഫിനാൻഷ്യൽ കോഡ് ചാപ്റ്റർ 6 പ്രകാരം ഉള്ള ടെൻഡർ നടപടികൾ ഒഴിവാക്കി ഷോർട് ക്വട്ടേഷൻ വിളിച്ച നടപടി അംഗീകരിക്കുന്നതിന്

തീരുമാനിച്ചു.

**ഇനംനമ്പർ 157/24.07/135240/AD B2-2/2023** **സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ കമ്പ്യൂട്ടർ ലാബിലേക്ക് ഫർണിച്ചർ വിതരണം ചെയ്ത വകയിലും ഒപ്പം ലാബിലെ കമ്പ്യൂട്ടറുകളുടെ ഇലക്ട്രിക്കൽ വയറിങ് ആൻഡ് നെറ്റ്‌വർക്കിങ് ജോലികൾ ചെയ്തു നൽകിയ വകയിലും M/s. Spacex Interio, Kothamangalam എന്ന സ്ഥാപനത്തിന് നികുതിയുൾപ്പെടെ മൊത്തം 5,12,710/- രൂപ അനുവദിക്കുന്നത് സംബന്ധിച്ച്:-**

സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ കമ്പ്യൂട്ടർ ലാബിലേക്ക് ക്ലാസ് റൂം ടേബിൾ, ലെക്ചർഫ്ലാറ്റ് ഫോം, സ്റ്റേജ് ടേബിൾ, ഫ്ലോർ മാറ്റ്, എന്നിവ വിതരണം ചെയ്ത വകയിലും ഒപ്പം ലാബിലെ കമ്പ്യൂട്ടറുകളുടെ ഇലക്ട്രിക്കൽ വയറിങ് ആൻഡ് നെറ്റ്‌വർക്കിങ് ജോലികൾ ചെയ്തു നൽകിയ വകയിലും M/s. Spacex Interio, Kothamangalam എന്ന സ്ഥാപനത്തിന് 5,12,710/- രൂപ (അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുന്നൂറ്റി പത്ത് രൂപ മാത്രം) അനുവദിക്കുന്നതിനും, പ്രസ്തുത ചിലവ് 2024-2025 സാമ്പത്തിക വർഷ ബജറ്റിലെ "25 330 01 - School of Mathematics and Statistics/Artificial Intelligence/Seminar Hall for Schools/Infrastructure Development" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 158/24.07/109169/FO SECTION-ASSISTANT1/2024** **2024 - 25 സാമ്പത്തിക വർഷത്തേക്ക് സംസ്ഥാന സർക്കാരിൽ നിന്നും സർവകലാശാലയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതി ഇനത്തിൽ പെട്ട ചിലവിനങ്ങൾക്കനുസൃതമായി സർവകലാശാല വാർഷിക ബജറ്റിൽ മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച്.**

2024-25 സാമ്പത്തിക വർഷത്തിൽ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ച പദ്ധതി ഇനങ്ങളിൽ, ചെലവിനങ്ങൾക്കനുസൃതമായി സർവ്വകലാശാലയുടെ 2024-25 സാമ്പത്തിക വർഷ ബജറ്റിൽ താഴെപ്പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നത് പ്രകാരം മാറ്റങ്ങൾ വരുത്തുന്നതിന് തീരുമാനിച്ചു.

| ക്രമ നമ്പർ | സ്കീമിന്റെ പേര് | ബജറ്റ് കോഡ് | നിലവിലെ ബജറ്റ് വിഹിതം | പുതുക്കിയ ബജറ്റ് വിഹിതം |
|---|---|---|---|---|
| 1 | School of Tourism Studies Building | 25 322 01 | 5,00,00,000 | 3,00,00,000 |
| 2 | Building for School of Mathematics and Statistics /Artificial Intelligence/Seminar Hall for Schools/Infrastructure Development | 25 330 01 | 2,85,00,000 | 3,12,36,000 |
| 3 | Promotion of Research Activities - Fellowships & Others for Research Students | 25 101 01 | 45000000 | 5,00,00,000 |
| 4 | Promotion of Research Equipment, Chemicals, Consumables & Maintenance for the Statutory Departments of the University | 25 101 02 | 1,20,00,000 | 1,00,00,000 |
| 5 | Resource Development of the University Library - procurement of Books, Journals and e-journals | 25 101 03 | 2,50,00,000 | 1,00,00,000 |
| 6 | Modernisation of the University Administration, Sports infrastructure, Academic Departments & Examination Infrastructure | 25 101 06 | 36,95,13,500 | 6,54,94,000 |
| 7 | Barrier Free Campus - Installation of Passenger Lifts | 25 101 10 | 1,38,50,000 | 60,00,000 |
| 8 | Amphi Theatre , Rest Room for Ladies /Gents, New Canteen/Infrastructure Development | 25 101 11 | 1,00,00,000 | 1,00,00,000 |
| 9 | School of Chemical Sciences - Support for Under Graduate and Research Activities at chemical Sciences | 25 301 01 | 1,28,00,000 | 25,00,000 |
| 10 | SPAP - Empowering the instrumentation facilities for materials research for optoelectronics and biomedical applications and strengthening computational facilities | 25 302 01 | 1,40,00,000 | 25,00,000 |
| 11 | SES - Advanced Geoinformatics Facility for Environmental & Disaster Management Applications - | 25 316 01 | 70,00,000 | 25,00,000 |

| | | | | |
|---|---|---|---|---|
| | Phase II | | | |
| 12 | SIRP – Upgradation of Facilities for School of International Relations & Politics | 25 303 01 | 85,00,000 | 25,00,000 |
| 13 | School of Social Sciences – Climate Change, Labour and Livelihoods: Participatory Intervention programme to develop a Climate Action Plan for Upper Kuttanad Region | 25 309 02 | 19,61,000 | 15,00,000 |
| 14 | School of Behavioural Sciences – Early childhood care and development : Community based approach through Anganwadi ' s | 25 310 01 | 87,50,500 | 36,40,000 |
| 15 | School of Indian Legal Thought – Alternate Dispute Resolution (ADR) Hub – Phase II | 25 306 01 | 32,00,000 | 15,00,000 |
| 16 | School of Indian Legal Thought – Critical Legal Studies Circle (CLSC) | 25 306 02 | 60,00,000 | 10,00,000 |
| 17 | School of Food Science and Technology – Innovative Food Science Research Laboratory | 25 331 01 | 92,25,000 | 15,00,000 |
| 18 | School of Energy Materials Funding Proposal – Powering the Future | 25 333 01 | 2,53,00,000 | 25,00,000 |
| 19 | School of Artificial Intelligence and Robotics – Establishment of Human-Machine Interaction Lab and Living Lab | 25 334 01 | 1,15,00,000 | 70,00,000 |
| 20 | SPESS – Establishment of Sports Psychology Laboratory | 25 401 01 | 2,30,09,200 | 25,00,000 |
| 21 | School of Mathematics & Statistics – C.R. Rao Chair for Interdisciplinary Studies and Research | 25 330 02 | 52,00,000 | 10,00,000 |
| 22 | School of Data Analytics – Post Graduate Diploma in Data Science and Analytics | 25 335 01 | 48,00,000 | 15,00,000 |
| 23 | School of Nanoscience And Nanotechnology – Developing cutting edge research in nano science for sustainable society | 25 328 01 | 2,62,00,000 | 20,00,000 |
| 24 | School of Letters – Revitalizing School of Letters Department – Enhancing and Upgrading Facilities | 25 307 01 | 1,40,00,000 | 50,00,000 |
| 25 | School of Polymer Science and Technology – Enhancement of Research Facilities in SPST | 25 338 01 | 2,05,00,000 | 20,00,000 |
| 26 | K N Raj School of Economics – Augmenting computing facilities for Effective learning | 25 349 01 | 41,55,000 | 10,00,000 |
| 27 | School of Tourism Studies – Equipment and General Facilities to Equip School of Tourism Studies in Muttom Campus | 25 322 02 | 74,48,694 | 30,00,000 |
| 28 | School of Gender Studies – Rainbow (QUEER and GENDER) Action Unit | 25 332 02 | 25,00,000 | 15,00,000 |
| 29 | School of Gender Studies – Rethinking Gender: Publication and Documentation Unit | 25 332 03 | 30,00,000 | 10,00,000 |
| 30 | Department of Geology – Advanced Thin-section Preparation Facility and Geophysical Laboratory | 25 329 01 | 55,00,000 | 20,00,000 |
| 31 | Department of Geology – Project Mode Course – MSc Applied Geology | 25 329 02 | 38,51,168 | 25,00,000 |
| 32 | Institute for Integrated Programmes and Research in Basic Sciences – Establishment and Maintenance of Learning Resources for Integrated Programmes | 25 318 01 | 1,30,00,000 | 60,00,000 |
| 33 | IMPSS- Development of Institute of | 25 325 01 | 73,00,000 | 50,00,000 |

| | | | | |
|---|---|---|---|---|
| | Multi-disciplinary programme in Social Sciences | | | |
| 34 | NIPST – Advanced Plant Tissue Culture Facility for Research | 25 340 01 | 30,00,000 | 10,00,000 |
| 35 | UCIC – Strategic Plan for MGU Internationalization Initiatives | 25 320 01 | 17,50,000 | 17,24,000 |
| 36 | Institute for Contemporary Chinese Studies (ICCS) – Promoting China Studies Programme in Kerala | 25 348 01 | 36,00,000 | 10,00,000 |
| 37 | DASP – Incubation Facility For Skill Development In Agri & Food Industry | 25 430 01 | 53,00,000 | 38,00,000 |
| 38 | Facility Development for polar research at the International Centre for Polar Studies (ICPS) | 25 356 01 | 90,00,000 | 30,00,000 |
| 39 | IIUCNN – Nanoscale solutions for a sustainable tomorrow | 25 319 01 | 1,72,00,000 | 40,00,000 |
| 40 | ACESSD – Innovative nano-biochar applied technology for updated sustainable water treatment, organic waste management, soil carbon sequestration, climate change mitigation,and sustainable agriculture | 25 321 01 | 60,00,000 | 35,00,000 |
| 41 | Inter University Instrumentation Centre (IUIC) Oxidation Technology for Water Purification Using Advanced Analytical Instrumentation – Phase II | 25 337 01 | 73,40,000 | 65,00,000 |
| 42 | Inter University Centre for Biomedical Research & Super Speciality Hospital IUCBR & SSH – Engineering Mitochondria to Learn Pathological Mechanisms and Treat Human Diseases | 25 361 01 | 1,40,00,000 | 70,00,000 |
| 43 | IUCSSRE – Tourism and Indigenous People: An Investigation into the Interface between Tribal Communities and the Tourism Industry in Idukki District, Kerala | 25 324 01 | 45,66,760 | 30,00,000 |
| 44 | IUCSSM – Strengthening the infrastructure for exploring the science behind the indigenous musical instruments | 25 353 01 | 50,00,000 | 19,00,000 |
| 45 | IUCOFSA – Facility Development for Setting up of Organic Certification Centre –(Phase –3) | 25 326 01 | 1,30,00,000 | 30,00,000 |
| 46 | IUCDS – Faculty and Course upgradation Inter University Centre for DisabilityStudies | 25 323 01 | 40,50,000 | 25,00,000 |

| ക്രമ നമ്പർ | സ്കീമിന്റെ പേര് | ബജറ്റ് കോഡ് | ബജറ്റ് വിഹിതം |
|---|---|---|---|
| 1 | School of Biosciences – Upgradation of Class Rooms and Laboratory Facilities of School of Biosciences | 25 304 01 | 25,00,000 |
| 2 | School of Computer Sciences – Introduction of Integrated 5 year M.Sc programme (4 year degree plus one year PG) with advanced specializations | 25 311 01 | 25,00,000 |
| 3 | School of Gandhian Thought and Developmental studies – Enhancement of Physical Infrastructure of the School in the Context of Introduction Four Year Under graduate Programme (FYUGP) in the University Schools | 25 305 01 | 20,00,000 |
| 4 | School of Pedagogical Sciences – Improvement of Infrastructure Learning Development | 25 314 01 | 15,00,000 |
| 5 | School of Management And Business Studies –Upgradation of Facilities for School of Management and Business Studies (SMBS) | 25 313 01 | 25,00,000 |
| 6 | Department of Life Long Learning and Extension – Upgradation facilities in Department of Life Long Learning and Extension | 25 312 01 | 15,00,000 |
| 7 | Graduate School for the conduct of 4 +1 year Integrated PG programme | 25 339 01 | 60,00,000 |
| 8 | Centre for Distance and Online Education – Upgradation Facilities for Centre for distance and online education | 25 355 01 | 35,00,000 |

**ഇനംനമ്പർ 159/24.07/25183/AD A9-3/2024**

**സ്കൂൾ ഓഫ് ബയോ സയൻസസ് - NAAC വിസിറ്റ് -NAAC സന്ദർശനത്തോട് അനുബന്ധിച്ച് സ്കൂളിന്റെ ലാബുകളിലേക്ക് എ സി യും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ചിലവിലേക്കായി പ്രൊഫസർ (ഡോ) ലിനു മാത്യുവിന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക ₹.1,00,000/- (ഒരു ലക്ഷം രൂപാ മാത്രം) രൂപയുടെ ക്രമീകരണം - സംബന്ധിച്ച് :-**

സ്കൂൾ ഓഫ് ബയോ സയൻസസിൽ NAAC സന്ദർശനത്തോട് അനുബന്ധിച്ച് സ്കൂളിന്റെ ലാബുകളിലേക്ക് എ സി-യും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ചെലവിലേക്കായി പ്രൊഫസർ (ഡോ) ലിനു മാത്യുവിന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുകയായ ₹.1,00,000/- (ഒരു ലക്ഷം രൂപാ മാത്രം) രൂപ, ടിയാരി സമർപ്പിച്ച വിശദീകരണം പരിഗണിച്ച് ക്രമീകരിച്ചു നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 160/24.07/100112/AC A1-2/2024**

**സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകൾ / സ്കൂൾ/പഠന വകുപ്പ്/സെന്ററുകൾ തുടങ്ങിയവയിലെ ഇൻഷുറൻസ് പ്രീമിയം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്:-**

1. 2024-'25 അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി സർവകലാശാല ഏർപ്പെടുത്തിയിട്ടുള്ള ആക്സിഡൻറ് ഡെത്ത് ഇൻഷുറൻസ് പോളിസിയുടെ തുക ഈടാക്കിയിരുന്ന വിവിധ ഹെഡുകൾ ഇൻഷുറൻസ് ഹെഡ്ഡ് എസ്.എസ്.ഐ (Student Safety Insurance) എന്ന രീതിയിൽ ഏകീകരിക്കുന്നതിനും,
2. സർവകലാശാലയിലെ സ്കൂൾ/പഠനവകുപ്പുകളിലും, സ്വയംഭരണ കോളേജ് ഉൾപ്പെടെയുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും പി എച്ച് ഡി (ഫുൾ ടൈം) ഉൾപ്പെടെ എല്ലാ പ്രോഗ്രാമുകളിലും പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും Student Safety insurance പ്രീമിയം തുകയായി പ്രതിവർഷം 60/- രൂപ നിരക്കിൽ ഈടാക്കുന്നതിനും,
3. ടി തുക അഡ്മിഷൻ സമയത്തും, തുടർന്ന് വരുന്ന എല്ലാ വർഷങ്ങളിലും ഈടാക്കുന്നതിനും, ടി തുകയിൽ സർക്കാർ ഉത്തരവ് GO (Rt) No. 1836/2019/HEDN dtd. 17/10/2019 പ്രകാരമുള്ള 5 % പ്രതിവർഷ വർദ്ധനവ് നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 161/24.07/83446/AD A4-1/2024**

**സർവ്വകലാശാല അധികാരികൾ വ്യക്തിപരമായ താല്പര്യം മുൻനിർത്തി സർവ്വകലാശാലയ്ക്കും ചാൻസലർക്കും എതിരായി നടത്തുന്ന കോടതി വ്യവഹാരങ്ങൾക്ക് സർവ്വകലാശാലാ ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് - ചാൻസലറുടെ ഓഫീസിൽ നിന്നും ലഭിച്ച കത്ത് - മറുപടി നൽകുന്നത് സംബന്ധിച്ച്**

സർവ്വകലാശാലയിലെ മുൻ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സാബു തോമസിന്റെ നിയമനം സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന WP (C) No. 35100/2022 എന്ന കേസിൽ വൈസ് ചാൻസലർക്ക് വേണ്ടി ഹാജരായതിനാണ് അഡ്വ. എൽവിൻ പീറ്ററിന് ഒരു ലക്ഷം രൂപ സർവ്വകലാശാലാ ഫണ്ടിൽ നിന്നും അനുവദിച്ചിരിക്കുന്നത്. പ്രൊഫ. (ഡോ.) സാബു തോമസ്-ന് വേണ്ടി വ്യക്തിപരമായി ഹാജരാകുന്നതിനായി നിയമസഹായത്തിനോ അഭിഭാഷകനെ നിയോഗിക്കുന്നതിനോ സർവ്വകലാശാല ഫണ്ടിൽ നിന്നും പണം നൽകിയിട്ടില്ലാത്തതിനാൽ WP (C) No. 35100/2022 എന്ന കേസിൽ ഹാജരായതിന് അഡ്വ. എൽവിൻ പീറ്ററിന് നൽകിയ ഒരു ലക്ഷം രൂപ പ്രൊഫ. (ഡോ.) സാബു തോമസിൽ നിന്നും ഈടാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 162/24.07/56808/AD A9-3/2023**

**സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് (SGTDS) -യോഗ മുഖ്യ വിഷയമാക്കി Value Added Course രീതിയിൽ പരിശീലന പരിപാടി നടത്തുന്നതിനായി സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് (SGTDS) ന്റെ മുകളിലത്തെ നില ഉപയോഗയോഗ്യമാക്കുന്ന ചെലവുകൾക്കായി CYN ഓണററി ഡയറക്ടർ ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്രകുമാർ -ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക ₹.5,00,000/- (അഞ്ച് ലക്ഷം രൂപാ മാത്രം) രൂപയുടെ ക്രമീകരണം - സംബന്ധിച്ച്**

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസിലെ (SGTDS) യോഗ മുഖ്യ വിഷയമാക്കി Value Added Course രീതിയിൽ പരിശീലന പരിപാടി നടത്തുന്നതിനായി സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് (SGTDS) ന്റെ മുകളിലത്തെ നില ഉപയോഗയോഗ്യമാക്കുന്ന ചെലവുകൾക്കായി CYN ഓണററി ഡയറക്ടർ ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്രകുമാർ-ന്റെ പേരിൽ അനുവദിച്ച

താൽക്കാലിക മുൻകൂർ തുകയായ ₹.5,00,000/- (അഞ്ച് ലക്ഷം രൂപാ മാത്രം) രൂപ ക്രമീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് കണക്കാക്കിയ പിഴപ്പലിശയായ Rs. 71,507/- (എഴുപത്തിയൊന്നായിരത്തി അഞ്ഞൂറ്റി ഏഴ് രൂപ മാത്രം) ടിയാനിൽ നിന്നും ഈടാക്കിയ ശേഷം മുൻകൂർതുക ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 163/24.07/121502/PRO SO/2023** **ഇൻഫർമേഷൻ ബുക്ക് പ്രിന്റ് ചെയ്യുന്നത്/ഡിജിറ്റൽ ഇൻഫർമേഷൻ ബുക്ക് തയ്യാർ ചെയ്യുന്നത് സംബന്ധിച്ച്:-**

24.5 cm നീളവും 18 cm വീതിയും 200 പേജുകളുമുള്ള സർവ്വകലാശാല ഇൻഫർമേഷൻ ബുക്കിന്റെ 3000 കോപ്പികൾ അച്ചടിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 164/24.07/15220/AD A9-3/2023** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) 2022 - 23 ലെ അന്തർ കലാലയ/അന്തർ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ ചെലവുകൾക്കായി താത്കാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ അനുവദിച്ച നാലാം ഗഡുവായ ₹ 25,00,000/- (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) രൂപ ക്രമീകരിക്കുന്നത് സംബന്ധിച്ച്.**

1. 2022-23 വർഷത്തെ അന്തർ കലാലയ/സർവകലാശാല, കായിക മത്സരങ്ങളുടെ നടത്തിപ്പിന്റെ നാലാം ഗഡു ചെലവിനത്തിലുള്ള തുകയായ ₹25,03,037/-രൂപ (ഇരുപത്തഞ്ച് ലക്ഷത്തി മൂവായിരത്തി മുപ്പത്തേഴ് രൂപ മാത്രം) അംഗീകരിക്കുന്നതിനും,
2. അനുവദനീയമല്ലാത്ത തുകയുടെ ഇനത്തിൽ ധനകാര്യ വിഭാഗം ആദ്യം കണ്ടെത്തിയ ₹1,007/- രൂപ (ആയിരത്തി ഏഴ് രൂപ മാത്രം) സർവകലാശാലഫണ്ടിലേക്ക് തിരിച്ചടച്ചത് അംഗീകരിക്കുന്നതിനും,
3. അധികമായി ടിയാന്റെ കൈയിൽ നിന്നും ചെലവായ ₹3,037/- രൂപ ( മൂവായിരത്തി മുപ്പത്തിയേഴ് രൂപ മാത്രം ) ഡോ. ബിനു ജോർജ് വർഗീസ് -ന്റെ പേരിൽ അനുവദിച്ച് തിരികെ നൽകുന്നതിനും,
4. 2022 - 23 ലെ അന്തർ കലാലയ/ അന്തർ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനുള്ള നാലാം ഗഡുവായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ, സർവകലാശാല ഉത്തരവ് നമ്പർ 1432/AD A9/2023/MGU തീയതി 07.02.2023 പ്രകാരം താത്കാലിക മുൻകൂറായി അനുവദിച്ച ₹ 25,00,000/- (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) രൂപ ക്രമപ്പെടുത്തുന്നതിനും,
5. മേൽ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ "22 401 58 - Intercollegiate/Inter Uty Tournament" എന്ന ശീർഷകത്തിൽ വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 165/24.07/157921/AD A9-2/2023 (PART I)** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് - 2023 - 2024 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പ് ചെലവിലേയ്ക്കായി (രണ്ടാം ഗഡു തുക) താൽക്കാലിക മുൻകൂർ തുകയായി സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ അനുവദിച്ച ₹ 35,00,000/-(മുപ്പത്തഞ്ച് ലക്ഷം രൂപ മാത്രം) രൂപ ക്രമീകരിക്കുന്നത് - സംബന്ധിച്ച്.**

1.സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) 2023 - 2024 വകുപ്പിലെ അന്തർ കലാലയ/സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പിലേക്കായി ചെലവഴിച്ച (രണ്ടാം ഗഡു തുക) ₹ 34,72,621/-(മുപ്പത്തി നാല് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി അറുനൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) രൂപ അംഗീകരിക്കുന്നതിനും,
2. അനുവദനീയമല്ലാത്ത ചെലവിനത്തിൽ ഓഡിറ്റ് പരിശോധനയിൽ ആദ്യം കണ്ടെത്തിയ ₹35,228/- (മുപ്പത്തി അയ്യായിരത്തി ഇരുനൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം), സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുള്ളത് അംഗീകരിക്കുന്നതിനും,
3. എന്നാൽ തുടർന്നുള്ള പരിശോധനയിൽ അനുവദനീയമല്ലാത്ത ഇനത്തിൽ കണ്ടെത്തിയ തുക ₹27,379/- രൂപ ആയതിനാൽ, അധികമായി സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടച്ച ₹7,849/- (₹35,228-₹27,379) (ഏഴായിരത്തി എണ്ണൂറ്റി നാല്പത്തിയൊൻപത് രൂപ മാത്രം), ടിയാന്റെ പേരിൽ തിരികെ നൽകുന്നതിനും,
4. സർവകലാശാല ഉത്തരവ് നമ്പർ 12688/AD A 9/2024/എം ജി യു തിയതി 18.12.2023 പ്രകാരം സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) 2023-2024 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പ് ചെലവിലേയ്ക്കായി (രണ്ടാം ഗഡു തുക) താൽക്കാലിക മുൻകൂർ തുകയായി ₹35,00,000/- (മുപ്പത്തഞ്ച് ലക്ഷം രൂപ മാത്രം) SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ അനുവദിച്ചത് ക്രമീകരിക്കുന്നതിനും,
5. മേൽ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 22 401 58 Intercollegiate/Inter Uty Tournament എന്ന ശീർഷകത്തിൽ വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 166/24.07/114/AD A9-3/2023**

**സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് - 2022 - 23 ലെ അന്തർ കലാലയ/ അന്തർ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ ചെലവുകൾക്കായി താത്കാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ അനുവദിച്ച മൂന്നാം ഗഡു തുകയായ ₹ 25,00,000/- (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) രൂപ ക്രമീകരിക്കുന്നത് സംബന്ധിച്ച്.**

1. 2022-23 വർഷത്തെ അന്തർ കലാലയ / സർവകലാശാല, കായിക മത്സരങ്ങളുടെ നടത്തിപ്പിന്റെ മൂന്നാം ഗഡു - ചെലവിനത്തിൽ ആകെ ചിലവഴിച്ച ₹25,00,797/-രൂപ (ഇരുപത്തഞ്ച് ലക്ഷത്തി എഴുനൂറ്റി തൊണ്ണൂറ്റിയേഴ് രൂപ മാത്രം ) അംഗീകരിക്കുന്നതിനും,
2.അനുവദനീയമല്ലാത്ത തുകയായ ₹1,125/- രൂപ (ആയിരത്തി ഒരുനൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) സർവകലാശാലഫണ്ടിലേക്ക് തിരിച്ചടച്ചത് അംഗീകരിക്കുന്നതിനും,
3.അധികമായി ചിലവഴിച്ച തുകയായ ₹797/-രൂപ ( എഴുനൂറ്റി തൊണ്ണൂറ്റിയേഴ് രൂപ മാത്രം ) ഡോ :ബിനു ജോർജ് വർഗീസ് -ന്റെ പേരിൽ അനുവദിച്ച് തിരികെ നൽകുന്നതിനും,
4.2022 - 23 ലെ അന്തർ കലാലയ/ അന്തർ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനുള്ള മൂന്നാം ഗഡുവായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ, സർവകലാശാല ഉത്തരവ് നമ്പർ 96/AD A9/2023/എം.ജി.യു. തീയതി 05.01.2023 പ്രകാരം താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹25,00,000/- (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) രൂപ ക്രമപ്പെടുത്തുന്നതിനും,
5.മേൽ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ "22 401 58 Intercollegiate/Inter Uty Tournaments" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 167/24.07/80059/AD B4-3/2024**

**സർവ്വകലാശാല പഠന വകുപ്പായ സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സിലേയ്ക്ക് ആവശ്യമായ High Temperature Muffle Furnace ഒരെണ്ണം re e-tender - ൽ ഏറ്റവും കുറഞ്ഞ റേറ്റ് രേഖപ്പെടുത്തിയിരിക്കുന്ന M/s Verder Scientific Private Limited, Hyderabad എന്ന സ്ഥാപനത്തിൽ നിന്നും നികുതിയുൾപ്പെടെ ആകെ 13,00,000/- രൂപയ്ക്ക് (പതിമൂന്ന് ലക്ഷം രൂപ മാത്രം) വാങ്ങുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്.**

1. സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സിലേയ്ക്ക് ആവശ്യമായ ഒരു High Temperature Muffle Furnace റീ ഇ-ടെൻഡറിൽ ഏറ്റവും കുറഞ്ഞ റേറ്റ് രേഖപ്പെടുത്തിയിരിക്കുന്ന M/s Verder Scientific Private Limited, Hyderabad എന്ന സ്ഥാപനത്തിൽ നിന്നും നികുതിയുൾപ്പെടെ 13,00,000 /- (പതിമൂന്ന് ലക്ഷം രൂപ മാത്രം ) രൂപയ്ക്ക് വാങ്ങുന്നതിനും,
2.പ്രസ്തുത വാങ്ങലിന്റെ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ " 25 302 01 SPAP - Empowering the instrumentation facilities for materials research for optoelectronics and biomedical applications and strengthening computational facilities " എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 168/24.07/102957/AD A9-3/2023 (PART I)**

**NAAC വിസിറ്റിനു മുന്നോടിയായി സർവകലാശാല ക്യാമ്പസ്സിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിലേക്കായി സ്കൂൾ ഓഫ് എൻവിയോൺമെന്റൽ സയൻസസ് വകുപ്പിലെ അസ്സോസിയേറ്റ് പ്രൊഫസർ ഡോ.മഹേഷ് മോഹൻ ന്റെ പേരിൽ അനുവദിച്ച താൽകാലിക മുൻകൂർതുക ₹ 2,35,000/- രൂപ ക്രമീകരണം പിഴ പലിശ ഈടാക്കുന്നത് സംബന്ധിച്ച് .**

NAAC വിസിറ്റിനു മുന്നോടിയായി സർവകലാശാല ക്യാമ്പസ്സിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിലേക്കായി സ്കൂൾ ഓഫ് എൻവിയോൺമെന്റൽ സയൻസസ് വകുപ്പിലെ അസ്സോസിയേറ്റ് പ്രൊഫസർ ഡോ.മഹേഷ് മോഹൻ ന്റെ പേരിൽ അനുവദിച്ച താൽകാലിക മുൻകൂർതുകയായ ₹ 2,35,000/- രൂപ, NAAC വിസിറ്റിനോടനുബന്ധിച്ച് അടിയന്തിര പ്രാധാന്യത്തോടെ ചെയ്ത പ്രവൃത്തി എന്നത് പരിഗണിച്ചും ടിയാൻ നൽകിയ വിശദീകരണം പരിഗണിച്ചും പിഴപ്പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിനും, അധികമായി ചിലവഴിച്ച തുകയായ Rs. 3,05,654 (മുന്ന് ലക്ഷത്തി അയ്യായിരത്തി അറുനൂറ്റി അൻപത്തി നാല് രൂപ മാത്രം) ടിയാന്റെ പേരിൽ തിരികെ നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 169/24.07/70604/AD A1-2/2024**

**മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23)-ന്റെ നേതൃത്വത്തിൽ കോട്ടയത്തെ വിവിധ വേദികളിൽ വച്ച് സർവ്വകലാശാല യുവജനോത്സവം, 2024 ജനുവരി 29 മുതൽ ഫെബ്രുവരി 4 വരെയുള്ള തീയതികളിൽ സംഘടിപ്പിച്ച വകയിൽ, അധികമായി ചെലവായ തുകയുമായി ബന്ധപ്പെട്ട് - ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സെർവീസസ്- ലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയ ഡോ. ആന്റണി ജോസഫ് -ൽ നിന്നും ലഭിച്ച വിശദീകരണം - സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്-**

ഡോ. ആന്റണി ജോസഫ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നൽകിയിരിക്കുന്ന വിശദീകരണം അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 170/24.07/124581/ACCOUNTS3 SO/2024**

**2023-2024 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക AIMS ഫോർമാറ്റിൽ തയ്യാറാക്കിയത് അംഗീകരിക്കുന്നതിനും AIMS വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള അനുമതിയും സംബന്ധിച്ച്.**

2023-2024 സാമ്പത്തിക വർഷത്തെ സർവ്വകലാശാലയുടെ വാർഷിക ധനകാര്യ പത്രിക AIMS ഫോർമാറ്റിൽ തയ്യാറാക്കിയതിന്റെ കരട് രൂപം അംഗീകരിക്കുന്നതിനും ആയത് AIMS വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 171/24.07/8666/DSS SO/2024**

**മഹാത്മാ ഗാന്ധി സർവ്വകലാശാല - ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ് - മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ സ്റ്റാഫ് അഡ്വൈസറിന്റെ പേരിൽ കൈകാര്യം ചെയ്തിരുന്ന അക്കൗണ്ട് ആയ - Bank A/C No.57004098250 - ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ് ഡയറക്ടർ കൈകാര്യം ചെയ്യുന്നതിനായി - ടി വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർവ്വകലാശാല സിൻഡിക്കേറ്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ട് - സിണ്ടിക്കേറ്റിന്റെ പരിഗണനക്കായി - സമർപ്പിക്കുന്നത് സംബന്ധിച്ച് .-**

രജിസ്ട്രാർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഫിനാൻസ് ഓഫീസറുടെ അഭിപ്രായം വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 172/24.07/107748/AD B4-3/2024**

**2024-25 സാമ്പത്തിക വർഷത്തിൽ സ്കൂൾ ഓഫ് ബയോ സയൻസസ് ലാബിലേക്ക് ആവശ്യമായ കെമിക്കൽസ് ഏകദേശം 16,91,312/- (പതിനാറു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുന്നൂറ്റി പന്ത്രണ്ടു രൂപ മാത്രം) രൂപക്ക് വാങ്ങുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്.**

1. 2024-25 സാമ്പത്തിക വർഷത്തിൽ, സ്കൂൾ ഓഫ് ബയോ സയൻസസ് ലാബിലേക്ക് ആവശ്യമായ ഏകദേശം 16,91,312/- (പതിനാറു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുന്നൂറ്റി പന്ത്രണ്ടു രൂപ മാത്രം) രൂപ വിലവരുന്ന കെമിക്കൽസ് റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഉൾപ്പെട്ട നാല് സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനും,
2. പ്രസ്തുത ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ " 25 304 01 - School of Biosciences - Upgradation of Class Rooms and Laboratory Facilities of School of Biosciences " എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 173/24.07/107824/AD B4-2/2024** | **സർവ്വകലാശാല പഠന വകുപ്പായ സ്കൂൾ ഓഫ് ബയോസയൻസസിലേക്ക് Laboratory Monocular Microscope (20 Nos.), Inverted Trinocular Fluorescence & Phase Contrast Microscope with Camera & Software എന്നീ ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ Associated Scientific Company, Kochi എന്ന സ്ഥാപനത്തിന് 21,24,484/- രൂപ അനുവദിക്കുന്നത് - സംബന്ധിച്ച്.** |

1. സ്കൂൾ ഓഫ് ബയോ സയൻസസിലേക്ക് Laboratory Monocular Microscope (20 Nos),Inverted Trinocular Fluorescence & Phase Contrast Microscope with Camera & Software എന്നീ ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ M/s Associated Scientific Company, Kochi എന്ന സ്ഥാപനത്തിന് 21,24,484 രൂപ (ഇരുപത്തി ഒന്ന് ലക്ഷത്തി ഇരുപത്തി നാലായിരത്തി നാന്നൂറ്റി എൺപത്തി നാല് രൂപ മാത്രം), പ്ലാൻ ഫണ്ട് തുക സർക്കാരിൽ നിന്നും ലഭ്യമാകുന്നമുറയ്ക്ക് അനുവദിക്കുന്നതിനും,

2. പ്രസ്തുത ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ " 25 304 01 - School of Biosciences Upgradation of Class Rooms and Laboratory Facilities of School of Biosciences " എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 174/24.07/50938/FC C-8/2020** | **ശമ്പളസാക്ഷ്യപത്രം നൽകുന്നതിനുള്ള സർക്കാർ ഉത്തരവിൽ ഇളവ് നൽകുന്നത് - സംബന്ധിച്ച്.** |

സർവ്വകലാശാല ജീവനക്കാർക്ക് അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, റിക്കവറി ഇല്ലാത്ത പക്ഷം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് സഹകരണസംഘത്തിലേക്ക് മാത്രം മറ്റൊരാൾക്ക് ജാമ്യം നിന്ന വകയിലുള്ള ബാധ്യത ഒഴിവാക്കി ശമ്പളസാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 175/24.07/240003** | **30.08.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - ഫിനാൻസ് -ന്റെ യോഗ നടപടിക്രമം** |
| **OA 1 (12919/ADA5-2/2023)** | **സർവ്വകലാശാല മത്സരങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന കായികതാരങ്ങളുടെ ദിനബത്ത ടൂർണമെന്റുകളുടെ conduct Charge, officiating Charge, inter Collegiate Tournament കളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മാറ്റങ്ങൾ സർവ്വകലാശാല ടീം സെലക്ഷൻ എന്നിവ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ സമിതിയുടെ റിപ്പോർട്ട് സംബന്ധിച്ച്.** |

സ.ഉ.നം. 1374/ADA5/2024/MGU തീയതി 12.02.2024 പ്രകാരം രൂപീകരിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും, 2024-25 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ ശിപാർശകൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 176/24.07/124514/P&D 1-3/2023** | **ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി 2024-സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായ സ്ഥലലഭ്യത , പദ്ധതി നിർവഹണം-സംബന്ധിച്ച്** |

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി 2024-ന്റെ സർക്കാർ മാർഗ നിർദേശങ്ങൾക്ക് അനുസൃതമായ സ്ഥലലഭ്യത, പദ്ധതി നിർവ്വഹണം എന്നിവ സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സെനോ ജോസ്, അഡ്വ. പി. ബി. സതീഷ് കുമാർ, ഡോ. ബൈജു കെ. ആർ. എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 177/24.07/110560/P&D 1-2/2024** | **ICDS - വർക്കിംഗ് വിമൻസ് ഹോസ്റ്റൽ - കെട്ടിട നിർമ്മാണം-പ്രൊപോസൽ സമർപ്പിക്കുന്നത് സംബന്ധിച്ച് :-** |

സർവകലാശാല ക്യാമ്പസ്സിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കെട്ടിടനിർമ്മാണം നടത്തുന്നതിനുള്ള സ്ഥലലഭ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സെനോ ജോസ്, ഡോ. സുജ റ്റി.വി, ശ്രീ. അരുൺ കെ. ശശീന്ദ്രൻ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 178/24.07/185109/P&D 1-1/2022** | **സിൽവർ ജൂബിലി പരീക്ഷ ഭവനിൽ room No. 104, 124, 127, 126 ലെ കേടായ cubicles പൊളിച്ച് പുതിയത് നിർമിക്കുക, room no.124 ൽ കർട്ടൻ ഇടുക എന്നീ പ്രവൃത്തികൾക്കായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച ₹7,45,800/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് - സംബന്ധിച്ച് :-** |

സിൽവർ ജൂബിലി പരീക്ഷ ഭവനിൽ room No. 104, 124, 127, 126 ലെ കേടായ cubicles പൊളിച്ച് പുതിയത്

നിർമിക്കുക, room no.124 ൽ കർട്ടൻ ഇടുക എന്നീ പ്രവൃത്തികൾക്കായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച ₹7,45,800/- (ഏഴ് ലക്ഷത്തി നാൽപ്പത്തി ആയ്യായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 179/24.07/68356/P&D 1-1/2024** | **University Library : Construction of a room for documentation section for SF extension portion at University Campus എന്ന പ്രവൃത്തിക്കായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 28,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് - സംബന്ധിച്ച് :-** |

University Library: Construction of a room for documentation section for SF extension portion at University Campus എന്ന പ്രവൃത്തിക്കായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 28,00,000/- (ഇരുപത്തെട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും, ഈ ഇനത്തിൽ ഉള്ള ചെലവ് സർവകലാശാലയുടെ അടുത്ത സാമ്പത്തിക വർഷത്തെ (2025-26) പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തി നിർവഹിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 180/24.07/52340/P&D 1/1/2019** | **മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷ ഭവനിലെ ടോയ്‌ലെറ്റുകളുടെ നവീകരണത്തിനായി 23,91,100/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത്- സംബന്ധിച്ച്:-** |

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷ ഭവനിലെ ടോയ്‌ലെറ്റുകളുടെ നവീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനും, മേൽ പ്രവൃത്തിക്കായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 23,91,100/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും, ഈ ഇനത്തിൽ ഉള്ള ചെലവ് സർവകലാശാലയുടെ നടപ്പ് സാമ്പത്തിക വർഷത്തെ" 25 330 01 -School of Mathematics and Statistics / Artificial Intelligence / Seminar Hall for Schools / Infrastructure development " (സ്റ്റേറ്റ് പ്ലാൻ ) " എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**<u>മറ്റു തീരുമാനങ്ങൾ</u>**

1. 26.09.2024-ലെ സിൻഡിക്കേറ്റ് തീരുമാനം അനുസരിച്ച് നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സയൻസ് ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി KIIFB, KITCO- പ്രതിനിധികളെ ഉൾപ്പെടുത്തി സർവ്വകലാശാലയിൽ ഒരു യോഗം വിളിച്ചു ചേർക്കേണ്ടതാണ്.
2. 26.09.2024-ലെ സിൻഡിക്കേറ്റ് തീരുമാനം അനുസരിച്ച് നിർമ്മിതി കേന്ദ്രം കൈവശം വച്ചിരിക്കുന്ന സർവ്വകലാശാലയുടെ അഞ്ച് ഏക്കർ സ്ഥലം തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി ആരംഭിക്കേണ്ടതാണ്.
3. സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ ഉപയോഗശൂന്യമായി ഗാരേജിൽ സൂക്ഷിച്ചിരിക്കുന്ന 5 വാഹനങ്ങൾ കണ്ടം ചെയ്യൽ നിയമം അനുസരിച്ച് ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. യുജിസി-യുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് സർവ്വകലാശാലയുടെ Institutional Development plan (IDP) തയ്യാറാക്കുന്നതിന് 26.09.2024-ലെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം ഡോ. സെനോ ജോസ്, അഡ്വ. പി. ബി. സതീഷ് കുമാർ, ഡോ. ബൈജു കെ.ആർ. എന്നിവരും കൂടി ഉൾപ്പെടുന്ന സമിതിയെ ചുമതലപ്പെടുത്തി IDP തയ്യാറാക്കുന്ന നടപടികളിലേക്ക് കടക്കേണ്ടതാണ്.

**(ii) മുൻ ഇനങ്ങൾ**

| | |
|---|---|
| **ഇനംനമ്പർ OA 38/24.01/150455/AC A6-1/2023** | **Dr Savitha Pramod- റിസർച്ച് ആർട്ടിക്കിളുകളുടെ ആധികാരികത പരിശോധിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സമർപ്പിച്ചിരിക്കുന്ന അപേക്ഷ- സംബന്ധിച്ച്:-** |

ഗവേഷക മാർഗ്ഗദർശ്ശിയാകുവാൻ Dr. Savitha Pramod സമർപ്പിച്ച പ്രസിദ്ധീകരണം യഥാർത്ഥമല്ല എന്ന് മനസിലാക്കിയ സാഹചര്യത്തിൽ പരുമല, ഡി. ബി പമ്പ കോളേജിലെ മാനേജർ, പ്രിൻസിപ്പൽ എന്നിവരോട് വിശദീകരണം ആരായുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ OA 19/24.06/187154/AC A1-3/2021**

**2024-25 അദ്ധ്യയന വർഷം ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതിയും സർക്കാരിന്റെ നിരാക്ഷേപപത്രത്തിനും വിധേയമായി പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി വിവിധ ഏജൻസികൾക്ക് നൽകിയ അനുമതി – ബാർ കൗൺസിൽ ഓഫ് ഇന്ത്യ നൽകിയ പ്രതികൂല റിപ്പോർട്ടിന്മേൽ സർവകലാശാല വിശദീകരണം നൽകുന്നത് – സംബന്ധിച്ച് :-**

2024-2025 അദ്ധ്യയന വർഷം ഇന്ദിരഗാന്ധി മെമ്മോറിയൽ ട്രസ്റ്റ്/ഇന്റർനാഷണൽ എഡ്യൂക്കേഷണൽ ട്രസ്റ്റ്/ ഇലാഹിയ ട്രസ്റ്റ് എന്നീ മൂന്ന് വിദ്യാഭ്യാസ ഏജൻസികൾ സ്വാശ്രയ മേഖലയിൽ പുതിയ ലോ കോളേജ് ആരംഭിക്കുന്നതിനുള്ള ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതിക്ക് നൽകിയ അപേക്ഷയിൽ ലഭിച്ച പ്രതികൂല റിപ്പോർട്ടിന്മേൽ സർവ്വകലാശാല വിശദീകരണം നൽകുന്നതിന്റെ ഭാഗമായി താഴെ പട്ടിക പ്രകാരമുള്ള പരിശോധനാ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

| SL No. | Name of the College | Inspection Commission |
|---|---|---|
| 1. | KMM Law College, Thrikkakara | Dr.Suja T.V, Member ,Syndicate |
| 2. | Indira Gandhi Law Academy, Nellikuzhy, Kothamangalam | Sri.Ratheesh P.B, Member, Syndicate |
| 3. | Ilahia Law College, Muvattupuzha | Dr.Jogy Alex, Member, Syndicate |

**ഇനംനമ്പർ 157/24.06/AdAIX/3/2705/PP/2018**

**സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് വകുപ്പിലെ POWDER X RAY 'DIFFRACTOMETER എന്ന ഉപകരണത്തിന്റെ കേടുപാടുകൾ പരിഹരിക്കുന്നതിന് മുൻവകുപ്പുമേധാവിയും സീനിയർ പ്രൊഫസറുമായ ഡോ. നന്ദകുമാർ കളരിയ്ക്കൽ-ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക ₹17,00,000/- രൂപ ധനകാര്യ വിഭാഗത്തിന്റെ ശുപാർശകൾ പ്രകാരം ക്രമീകരിക്കുന്നത് – സംബന്ധിച്ച്.**

1. സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് വകുപ്പിലെ POWDER X RAY 'DIFFRACTOMETER-ന്റെ കേടുപാടുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് ചെലവഴിച്ച 16,95,102/- (പതിനാറ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി ഒരുന്നൂറ്റി രണ്ട് രൂപ മാത്രം) രൂപയുടെ ചെലവ് അംഗീകരിക്കുന്നതിനും,
2. അനുവദിക്കപ്പെട്ട മുൻകൂർ തുകയിൽ ചിലവഴിക്കാതെ ബാക്കി വന്ന തുകയായ 4,898/- രൂപയും (നാലായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി എട്ടു രൂപ മാത്രം), ബാങ്ക് പലിശ ഇനത്തിൽ ഉളവായ 22,071/- രൂപയും (ഇരുപത്തി രണ്ടായിരത്തി എഴുപത്തി ഒന്ന് രൂപ മാത്രം) ചേർത്ത് ആകെ 26,969/- രൂപ (ഇരുപത്തി ആറായിരത്തി തൊള്ളായിരത്തി അറുപത്തി ഒൻപതു രൂപ മാത്രം) സർവകലാശാല ഫണ്ടിൽ തിരികെ അടച്ചത് അംഗീകരിക്കുന്നതിനും,
3. യു. ഒ. നം. 1289/ADA9/2019/എം.ജി.യു. തീയതി 29.03.2019 പ്രകാരം ഡോ.നന്ദകുമാർ കളരിയ്ക്കൽ-ന്റെ പേരിൽ താൽക്കാലിക മുൻകൂറായി അനുവദിക്കപ്പെട്ട 17,00,000/- രൂപ (പതിനേഴ ലക്ഷം രൂപ മാത്രം) ക്രമപ്പെടുത്തുന്നതിനും,
4. മേൽ ചെലവ് നടപ്പ സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ "22 302 09 – Repairs and Maintenance" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ OA 24/24.06/95002/CDOE 1-1/2024**

**സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിലെ 2022 – 2023 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് കുറിപ്പിൽ സിൻഡിക്കേറ്റിന്റെ സവിശേഷ ശ്രദ്ധ ക്ഷണിച്ചിരിക്കുന്ന വിഷയങ്ങൾ- സംബന്ധിച്ച്.**

സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിലെ സ്ഥിരം തസ്തികകളിലേക്കുള്ള നിയമന നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും, സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിലെ 2022-23 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് കുറിപ്പിലെ ഗുരുതരമായ ആരോപണങ്ങളിന്മേൽ CDOE യുടെ മുൻ ഡയറക്ടറായിരുന്ന ഡോ. റോബിനറ്റ് ജേക്കബിനോട് വിശദീകരണം ചോദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 123/21.04/34882/P&D 1-2/2020**

**പ്രൊഫസ്സർസ് ക്വാർട്ടേഴ്സ്- സർവകലാശാല എഞ്ചിനീയറുടെ 29/06/2020 തീയതിയിലെ ഇൻസ്പെക്ഷൻ റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്- സംബന്ധിച്ച്:-**

സർവ്വകലാശാല പ്രൊഫസർമാരുടെ ക്വാട്ടേഴ്സ് നിർമ്മാണത്തിൽ നിന്നും നിർമ്മാണ ഏജൻസിയായിരുന്ന BSNL പിൻവാങ്ങിയതിനുശേഷം നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ ഇതേവരെ സ്വീകരിക്കാത്ത സാഹചര്യത്തിൽ, പുതിയ വാർഷിക പ്ലാൻ ഫണ്ടിൽ (2025-26) ഉൾപ്പെടുത്തി ക്വാർട്ടേഴ്സിന്റെ നിർമ്മാണം പുനഃരാരംഭിക്കുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 209/22.03/87430/AD A7-2/2021**

**സർവ്വകലാശാലയിൽ പുതിയ സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച സെനറ്റ് തീരുമാനം -സാധ്യതാപഠനം നടത്തുന്നത് സംബന്ധിച്ച്.**

ചരിത്രപരമായ ഉൾക്കാഴ്ചയോടെ കേരളത്തിലെ തനതു ട്രോപ്പിക്കൽ ജൈവ വൈവിധ്യം വിശകലനം ചെയ്യുന്നതിനും അത് മാപ്പ് ചെയ്യുന്നതിനുമായി ഒരു സെന്റർ സർവകലാശാലയിൽ ആരംഭിക്കുന്നതിനു പകരം, നിലവിലെ School of Environmental Science-ന്റെ ഭാഗമായി ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 161/24.06/45440/AD B3-2/2024**

**മഹാത്മാഗാന്ധി സർവകലാശാല ക്യാമ്പസ് ശാസ്ത്രീയമായി Landscaping നടത്തുന്നത് സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാല ക്യാമ്പസിൽ land space survey നടത്തുന്നതിനും ശാസ്ത്രീയമായി Landscaping നടത്തുന്നതിനും ആവശ്യമായ സാമ്പത്തിക ബാധ്യത അടിയന്തിരമായി കണക്കാക്കി, റിപ്പോർട്ട് ചെയ്യുന്നതിന് തീരുമാനിച്ചു.

**<u>അഡീഷണൽ അജൻഡ</u>**

**(I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:**

**ഇനംനമ്പർ 181/24.07/93441/P&D 2-1/2024**

**Bhabha Atomic Research Centre (BARC) - മായി സഹകരിച്ച് സർവ്വകലാശാലയിൽ 'AKRUTHI KENDRA' സ്ഥാപിക്കുന്നതിനായി Bhabha Atomic Research Centre (BARC), മുബൈയും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ഒരു എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് - സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

Bhabha Atomic Research Centre (BARC) - മായി സഹകരിച്ച് സർവ്വകലാശാലയിൽ 'AKRUTHI KENDRA' സ്ഥാപിക്കുന്നതിനായി Bhabha Atomic Research Centre (BARC), മുബൈയും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ഒരു എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 01.11.2024-ലെ 9876/P&D 2/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 182/24.07/1984/P&D 2-2/2024**

**JRF to SRF അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് കുട്ടിക്കാനം മരിയൻ കോളേജിലെ ഗവേഷകനായ ശ്രീ. രോഹിത്. എസ് സമർപ്പിച്ച പരാതി – 16.10.2024 തീയതിയിൽ സിൻഡിക്കേറ്റ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി കൺവീനറുടെ അധ്യക്ഷതയിൽ നടന്ന ഹിയറിംഗിലെ ശിപാർശകൾ – മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985, അദ്ധ്യായം 3 സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി ബഹു. വൈസ് ചാൻസലർ ഉത്തരവായത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

കുട്ടിക്കാനം മരിയൻ കോളേജ് ഗവേഷണ കേന്ദ്രമാക്കി കൊമേഴ്സ് വിഷയത്തിൽ ഗവേഷണം നടത്തുന്ന ശ്രീ. രോഹിത്. എസ്, ടിയാന്റെ UGC JRF to SRF അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് സർവ്വകലാശാല മുമ്പാകെ സമർപ്പിച്ച പരാതികളിൽ ഉന്നയിച്ചിട്ടുള്ള വിഷയം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി കൺവീനറെ 29.06.2024 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ചുമതലപ്പെടുത്തിയിരുന്നു.
സിൻഡിക്കേറ്റ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി കൺവീനറുടെ അദ്ധ്യക്ഷതയിൽ 16.10.2024 തീയതിയിൽ നടന്ന ഹിയറിംഗിൽ, പരാതിക്കാരനായ ശ്രീ. രോഹിത്. എസ്, ടിയാന്റെ റിസർച്ച് സൂപ്പർവൈസർ ഡോ. തോമസ് കെ.വി, കുട്ടിക്കാനം മരിയൻ കോളേജ് പ്രിൻസിപ്പൽ ഡോ. അജിമോൻ ജോർജ്ജ് എന്നിവരെ നേരിൽ കേൾക്കുകയും ശിപാർശകൾ ബഹു.വൈസ് ചാൻസലർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.
ശ്രീ. രോഹിത്. എസ് സമർപ്പിച്ച പരാതിയിന്മേൽ, സിൻഡിക്കേറ്റ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി കൺവീനർ അദ്ധ്യക്ഷനായ അന്വേഷണ കമ്മീഷന്റെ ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 22.10.2024-ലെ 9580/P&D 2/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 183/24.07/87430/P&D 2-1/2024**

**KSCSTE – Centre for Water Resources Development and Management (CWRDM), കുന്നമംഗലം, കോഴിക്കോടും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ വിദ്യാഭാസം, പരിശീലനം, ഗവേഷണം എന്നീ മേഖലകളിലുള്ള സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് – സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

KSCSTE – Centre for Water Resources Development and Management (CWRDM), കുന്നമംഗലം, കോഴിക്കോടും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ വിദ്യാഭാസം, പരിശീലനം, ഗവേഷണം എന്നീ മേഖലകളിലുള്ള സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.11.2024 -ലെ 10097/P&D 2/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 184/24.07/120464/EG3 SO/2024**

**ബി.കോം (പ്രൈവറ്റ്) – 2021 അഡ്മിഷനിലെ 14 വിദ്യാർത്ഥികൾക്ക് CBCS അഞ്ചാം സെമസ്റ്ററിലേക്ക് രജിസ്ട്രേഷൻ ഇല്ലാതെ ആറാം സെമസ്റ്ററിലേക്ക് രജിസ്ട്രേഷൻ ലഭിച്ച് പരീക്ഷ എഴുതിയത് – ടി വിദ്യാർത്ഥികളിൽ നിന്നും അഞ്ചാം സെമസ്റ്ററിലേയ്ക്ക് (റഗുലർ) നോഷണൽ രജിസ്ട്രേഷനുള്ള അപേക്ഷ ലഭ്യമാക്കി, അഞ്ചാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷ എഴുതുന്നതിന് അവസരം നൽകികൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, സെക്ഷൻ 3.10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് കൊണ്ടുള്ള വൈസ് ചാൻസിലറുടെ ഉത്തരവ് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്– സംബന്ധിച്ച് –**

ഭാരതമാതാ കോളേജ്, തൃക്കാക്കര പരീക്ഷ കേന്ദ്രമായി 2021 അഡ്മിഷൻ B.Com Model 1- Finance & Taxation പ്രൈവറ്റ് ആയി രജിസ്റ്റർ ചെയ്തിട്ടുള്ള അലീന ജയകുമാർ, (PRN 210050015222) എന്ന

വിദ്യാർത്ഥിയുടെ അഞ്ചാം സെമസ്റ്ററിലേക്കുള്ള Re admission-നുമായി ബന്ധപ്പെട്ട് അക്കാദമിക് സെക്ഷനിൽ നിന്നും (നമ്പർ: 119581/ACA3-2/2024) ഫയൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ ടി വിദ്യാർത്ഥിക്കും 2021 അഡ്മിഷനിലെ മറ്റ് 13 വിദ്യാർത്ഥികൾക്കും അഞ്ചാം സെമസ്റ്ററിൽ രജിസ്ട്രേഷൻ ഇല്ലാതെ ആറാം സെമസ്റ്ററിലേക്ക് രജിസ്ട്രേഷൻ നല്കിയിട്ടുള്ളതായി IT Cell ന്റെ പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

അഞ്ചാം സെമസ്റ്ററിൽ രജിസ്ട്രേഷനില്ലാത്ത 14 വിദ്യാർത്ഥികൾക്ക് ആറാം സെമസ്റ്ററിലേയ്ക്ക് രജിസ്ട്രേഷൻ ലഭിച്ചത് IT വിഭാഗത്തിന്റെ സാങ്കേതിക പിഴവ് മൂലമാണെന്നത് കണക്കിലെടുത്തുകൊണ്ട്, അഞ്ചാം സെമസ്റ്ററിൽ രജിസ്ട്രേഷൻ ഇല്ലാതെ ആറാം സെമസ്റ്ററിലേയ്ക്ക് രജിസ്ട്രേഷൻ ലഭിച്ച 2021 അഡ്മിഷൻ ബി.കോം.പ്രൈവറ്റ് വിദ്യാർത്ഥികളിൽ നിന്നും അഞ്ചാം സെമസ്റ്ററിലേയ്ക്ക് (റഗുലർ) നോഷണൽ രജിസ്ട്രേഷൻ നൽകുന്നതിനുള്ള അപേക്ഷ ലഭ്യമാക്കി, അഞ്ചാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷ എഴുതുന്നതിന് അവസരം നൽകികൊണ്ട്, 120464/EG3 SO/2024/EG3 നമ്പർ ഫയലിലെ 29.10.2024 തീയതിയിലെ ബഹു. വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം 3 സെക്ഷൻ 10(17) പ്രകാരം അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ ഉത്തരവാകുകയുണ്ടായി.
ടി 14 വിദ്യാർത്ഥികളിൽ 1 ) SAREENA K.S., PRN:210050030569, Nirmala College, Muvattupuzha 2) Remya K. B., PRN -210050034681, SNM College Maliankara എന്നിവർ BA പ്രൈവറ്റ് വിദ്യാർത്ഥികൾ ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനുകൾക്ക് ഫയലുകൾ കൈമാറിയിട്ടുണ്ട്. കൂടാതെ, അവശേഷിക്കുന്ന 12 ബികോം വിദ്യാർത്ഥികൾക്ക് അഞ്ചാം സെമസ്റ്ററിലേയ്ക്ക് നോഷണൽ രജിസ്ട്രേഷൻ നൽകുന്നതിനായി, പ്രസ്തുത വിദ്യാർത്ഥികൾ അഞ്ചാം സെമസ്റ്റർ പരീക്ഷയുടെ അപേക്ഷയോടൊപ്പം റഗുലർ ഫീസിന്റെ മൂന്നിരട്ടി ഫീസ് ഒടുക്കിയ രസീതും സമർപ്പിക്കേണ്ടതുള്ളതിനാൽ (Rs. 2055/- വീതം) പ്രസ്തുത വിവരം അറിയിക്കുന്നതിനായി ടി വിദ്യാർത്ഥികൾക്ക് 06.11.2024 ൽ മെമ്മോ നൽകിയിട്ടുണ്ട്. ടി വിദ്യാർത്ഥികളുടെ അപേക്ഷയും നോഷണൽ രജിസ്ട്രേഷനുള്ള അപേക്ഷയും ലഭിക്കുന്ന മുറക്ക് ബഹു. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം ടി വിദ്യാർത്ഥികൾക്ക് അഞ്ചാം സെമസ്റ്റർ പരീക്ഷക്കുള്ള നോഷണൽ രജിസ്ട്രേഷൻ നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ടി സാഹചര്യത്തിൽ 29.10.2024 തീയതിയിലെ ബഹു. വൈസ് ചാൻസലറുടെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചെയ്തിട്ടുള്ള പ്രസ്തുത ക്രമീകരണങ്ങളും ടി 12 വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 185/24.07/59596/AD A7-3/2023 (PART II)** **ബിസിനസ്സ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ (BIIC) - ൽ പ്രോജെക്ട് അസിസ്റ്റന്റ് (Finance/Accounts) എന്ന താത്കാലിക തസ്തികയിലെ നിയോഗത്തിനായി നടത്തപ്പെട്ട ഇന്റർവ്യൂ നടപടിക്രമങ്ങൾ ബഹു. വൈസ് ചാൻസലർ അംഗീകരിച്ച വിഷയം സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ബിസിനസ്സ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ (BIIC) -ൽ പ്രോജെക്ട് അസിസ്റ്റന്റ് (Finance/Accounts) എന്ന താത്കാലിക തസ്തികയിലേക്ക് നടത്തപ്പെട്ട ഇന്റർവ്യൂ നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച 26.10.2024-ലെ 9725/AD A7/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 186/24.07/125812/EA 2-1/2024** **മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരുന്ന ഗവണ്മെന്റ് / എയ്ഡഡ് / എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ ഉത്തരക്കടലാസ് മൂല്യനിർണ്ണയം ചെയ്ത ഇനത്തിൽ കൈപ്പറ്റിയ അധിക തുക തിരികെ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ശിപാർശകൾ - മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിക്കുകയും തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തത്- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിരുന്ന ഗവണ്മെന്റ് / എയ്ഡഡ് / എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ ഉത്തരക്കടലാസ് മൂല്യനിർണ്ണയം ചെയ്ത ഇനത്തിൽ കൈപ്പറ്റിയ അധിക തുക തിരികെ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർവ്വകലാശാല ഉത്തരവ് നം. 8610/EA2/2023/എം.ജി.യു. തീയതി: 03/08/2023 പ്രകാരം രൂപീകരിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിലെ

ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.10.2024-ലെ 9870/EA2/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനംനമ്പർ 187/24.07/114750/AD A7-1/2024** | **സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ (CDOE)-ൽ അക്കാദമിക ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സബ്ജക്ട് മാറ്റർ എക്സ്പെർട്ട്സ് പാനലിൽ നിന്നും ആളെ നിയോഗിക്കുന്നത് സംബന്ധിച്ച് CDOE ഡയറക്ടർ (i/c)-ന്റെ ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, അനുച്ഛേദം 10.17 അനുശാസിക്കുന്ന അധികാരം വിനിയോഗിച്ച് ബഹു.വൈസ് ചാൻസിലർ അംഗീകരിച്ച നടപടിയും, തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.** |

സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ (CDOE)-ൽ നിലവിൽ രണ്ട് (എംകോം, എംബിഎ) ഓൺലൈൻ പ്രോഗ്രാമുകൾ ആരംഭിക്കുകയും, വരും സെക്ഷനുകളിൽ അംഗീകാരം ലഭിച്ച കൂടുതൽ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ പ്രോഗ്രാമുകളുടെ സുഗമമായ നടത്തിപ്പിനായി ഒരു പ്രോഗ്രാമിന് ഒരു പ്രോഗ്രാം കോർഡിനേറ്റർ, ഓരോ കോഴ്സിനും/പേപ്പറിനും ഒരു കോഴ്സ് കോർഡിനേറ്റർ, 250 ലേണേഴ്സിന്/ വിദ്യാർത്ഥികൾക്ക് ഒരു കോഴ്സ് മെന്റർ എന്നീ നിലയിൽ മാനവവിഭവശേഷി/ തസ്തികകൾ ആവശ്യമാണെന്ന് റെഗുലേഷനിൽ നിഷ്ക്കർഷിക്കുന്നു. എന്നാൽ നിലവിൽ ടി അക്കാദമിക ജീവനക്കാരുടെ കുറവ് CDOE-ലെ പ്രോഗ്രാമുകളുടെ സുഗമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നതിനാലും, ടി ജീവനക്കാരുടെ കുറവ് 2022-23 കേരള സർക്കാരിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ളതിനാലും, ടി വിഷയത്തിൽ ഉടനടി സാധ്യമാകുന്ന പരിഹാരം നിർദ്ദേശിക്കുവാൻ CDOE എക്സിക്യൂട്ടീവ് സമിതി CDOE ഡയറക്ടർ(i/c)-നെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയങ്ങളിൽ ഉടനടി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് CDOE ഡയറക്ടർ(i/c) വൈസ് ചാൻസിലർക്ക് സമർപ്പിച്ച ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 14.10.2024 തീയതിയിലെ 9191/AD A7/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനംനമ്പർ 188/24.07/82088/EA 2-1/2023** | **2023-24, 2024-25 അക്കാദമിക വർഷങ്ങളിലേക്ക് രൂപീകരിച്ചിട്ടുള്ള വിജിലൻസ് സ്ക്വാഡ് പരിഷ്ക്കരിക്കുന്നതിന് അനുമതി നൽകി, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരമുള്ള വൈസ് ചാൻസലറുടെ നടപടിയും തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.** |

സർവ്വകലാശാലാ പരീക്ഷകൾക്കായി രൂപീകരിച്ചിരുന്ന 2023-'24, 2024-'25 അക്കാദമിക് വർഷങ്ങളിലേക്കുള്ള വിജിലൻസ് സ്ക്വാഡ് പരിഷ്ക്കരിക്കുന്നതിന് അനുമതി നല്കിക്കൊകൊണ്ട്, സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 08.11.2024-ലെ 10130/EA2/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**(II) ക്രമ ഇനങ്ങൾ**

**(i) നടപ്പ് ഇനങ്ങൾ**

| | |
|---|---|
| **ഇനംനമ്പർ 189/24.07/96049/AC B2-3/2021** | **എം.ഇ.എസ്. കോളേജ്, മാറമ്പള്ളി - ഡോ. അജിംസ് പി മുഹമ്മദ് -പ്രിൻസിപ്പൽ നിയമനം - നിയമോപദേശം അറിയിക്കുന്നത് - സംബന്ധിച്ച്.** |

യു.ജി.സി റെഗുലേഷൻ 2018 അനുശാസിക്കുന്ന വിധത്തിൽ മാത്രമേ പ്രിൻസിപ്പൽ നിയമനങ്ങൾ നടത്താൻ പാടുള്ളൂ എന്നുള്ളതിനാൽ ടി വിഷയത്തിൽ നിയമാനുസൃതമായി നടപടികൾ സ്വീകരിക്കാൻ കോർപ്പറേറ്റ് മാനേജ്മെന്റിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 190/24.07/90303/AC B1-2/2024** **സ്വകാര്യ എയ്ഡഡ് കോളേജുകൾ- പാർട്ട്ടൈം നിയമ അധ്യാപകരുടെ വിരമിക്കൽ പ്രായം, ആനുകൂല്യം എന്നിവയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സർവ്വകലാശാലയിൽന ടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നത്- സംബന്ധിച്ച്.**

സ്വകാര്യ എയ്ഡഡ് കോളേജുകളിലെ പാർട്ട്ടൈം നിയമ അധ്യാപകരുടെ വിരമിക്കൽ പ്രായം, ആനുകൂല്യം എന്നിവയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. അരുൺ കെ ശശീന്ദ്രൻ, ഡോ. സെനോ ജോസ് എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 191/24.07/85208/AC B1-1/2024** **അസംപ്ഷൻ കോളേജ്, ചങ്ങനാശേരി- ഭിന്നശേഷി വിഭാഗത്തിൽപെട്ടവർക്കായി വിജ്ഞാപനം ചെയ്ത ഒഴിവിലെ നിയമനം സംബന്ധിച്ച സർവ്വകലാശാലയിൽ ലഭ്യമായ പരാതികൾ സംബന്ധിച്ച്.**

ചങ്ങനാശേരി, അസംപ്ഷൻ കോളേജിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി വിജ്ഞാപനം ചെയ്ത ഒഴിവിലെ നിയമനം സംബന്ധിച്ച സർവ്വകലാശാലയിൽ ലഭ്യമായ പരാതികൾ വിശദമായി പഠിച്ച്റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുജ ടി. വി, ഡോ. ജോജി അലക്സ്, ഡോ. ബാബു മൈക്കിൾ എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 192/24.07/54347/AC B5-1/2024** Promotion of Dr. Joseph Justin Rebello in Aquinas College, Edacochin as Professor Academic Level 14 - Approval - Reg:-

ഇടക്കൊച്ചി, അക്വിനാസ് കോളേജിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. ജോസഫ് ജസ്റ്റിൻ റെബെല്ലോയുടെ പ്രൊഫസർ സ്ഥാനക്കയറ്റ അപേക്ഷയിലെ സീരിയൽ No. 6,8,9,10,11 പ്രകാരമുള്ള പ്രസിദ്ധീകരണങ്ങൾ സംബന്ധിച്ച് ടി അദ്ധ്യാപകൻ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രസിദ്ധീകരണങ്ങളുടെ നിലവാരം പരിശോധിച്ച് സർവ്വകലാശാലയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി താഴെ പറയുന്ന വിഷയ വിദഗ്ധരെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

1. പ്രൊഫ. കെ.കെ ജോസ്, ഡയറക്ടർ, സ്കൂൾ ഓഫ് മാത്തമാറ്റിക്സ് &സ്റ്റാറ്റിസ്റ്റിക്സ്, എം.ജി.യു
2. ഡോ. ലിഷാമോൾ ടോമി, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ്, ദേവമാതാ കോളേജ് കുറവിലങ്ങാട്

കൂടാതെ,

ടി അദ്ധ്യാപകന്റെ പ്രൊഫസർ സ്ഥാനക്കയറ്റത്തിനായി 23.02.2024 -ൽ നടന്ന കോളേജ് പ്രിൻസിപ്പൽ - ഡോ. ജോസഫ് ജോൺ കൂടി ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റി, ടിയാന് പ്രൊഫസർ സ്ഥാനക്കയറ്റത്തിന് ശുപാർശ ചെയ്തിരുന്നു.എന്നാൽ ടിയാന്റെ സ്ഥാനക്കയറ്റ അപേക്ഷയിലെ Sl.No. 6,8,9,10,11 പ്രകാരമുള്ള പ്രസിദ്ധീകരണങ്ങളുടെ സാധുത പരിശോധിക്കുന്നതിനായി പ്രിൻസിപ്പൽ മുഖേന ടി അദ്ധ്യാപകനോട് വിശദീകരണം തേടുന്നതിനായി സർവ്വകലാശാലയിൽ നിന്ന് 18.09.2024 -ൽ അയച്ച 54347/ACB5-1/2024 നമ്പർ കത്തിന് മറുപടിയായി, മേൽ പറഞ്ഞ പ്രസിദ്ധീകരണങ്ങൾ പ്രൊഫസർ സ്ഥാനക്കയറ്റത്തിന് അനുയോജ്യമല്ലെന്ന്, 10.10.2024 -ലെ AC/PP/2024/03 നമ്പർ കത്തിൽ സ്റ്റാറ്റിസ്റ്റിക്സ് വിഷയ വിദഗ്ധനല്ലാത്ത ടി കോളേജ് പ്രിൻസിപ്പൽ -ഡോ. ജോസഫ് ജോൺ നിരീക്ഷിക്കുകയും ചെയ്തതായി കാണുന്നു. ഒരേ വിഷയത്തിൽ പ്രിൻസിപ്പൽ വൈരുദ്ധ്യാത്മകമായ നിലപാടുകൾ സ്വീകരിക്കുകയും ആയവ സർവ്വകലാശാലയിൽ അറിയിക്കുകയും ചെയ്ത ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നതിനാൽ ഇതു സംബന്ധിച്ച് ടി കോളേജ് പ്രിൻസിപ്പലായ ഡോ. ജോസഫ് ജോൺ -നോട് വിശദീകരണം തേടുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 193/24.07/135833/AC B2-2/2023** **കോതമംഗലം മാർഅത്തനേഷ്യസ് കോളേജ് - അദ്ധ്യാപക നിയമനം- ജോലിഭാര റിപ്പോർട്ട്- വേക്കൻസി ശുപാർശ- എന്നിവ പുനർനിർണയിച്ച് നൽകണം എന്ന് ആവശ്യപ്പെട്ട് കോളേജിൽനിന്നും സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിൽ B.Sc (Physics, Chemistry, Statistics)- ന്റെ complimentary subject ആയ Mathematics -ന്, രണ്ടാം വർഷം 72 വിദ്യാർത്ഥികൾ ഉള്ള സാഹചര്യത്തിൽ അഡിഷണൽ

ബാച്ചിന് അർഹത ഉള്ളതിനാൽ, 2024-25 അധ്യയന വർഷത്തിലേക്ക് നിയമനം നടത്തുന്നതിനായി, വർക്ക് ലോഡ് പുനഃക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 194/24.07/102705/AC B1-2/2024** **സ്വകാര്യ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ- അധ്യാപക തസ്തികകളിലെ നിയമനം- സെലക്ഷൻ കമ്മറ്റി രൂപീകരണം- ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്ത തസ്തികകളിൽ പ്രസ്തുത വിഭാഗം ഉദ്യോഗാർഥികളുടെ അഭാവത്തിൽ - U G C റെഗുലേഷൻസ് 2018 പ്രകാരം പാനൽ അനുവദിക്കുന്നത് സംബന്ധിച്ച്.**

ഭിന്നശേഷി വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്ത ഒഴിവിലേക്ക് പ്രസ്തുത വിഭാഗം ഉദ്യോഗാർഥികളുടെ അഭാവത്തിൽ, വിജ്ഞാപനത്തിൽ നൽകിയിട്ടുള്ള ഭിന്നശേഷി വിഭാഗത്തിലെ ഒഴിവുകളിൽ മതിയായ ജോലിഭാരം ഉണ്ടെന്ന് ഉറപ്പാക്കി, ആയവ ഒഴിച്ചിട്ട ശേഷം മാത്രമേ ആ വിഭാഗത്തിലെ നിയമനം നടത്തു എന്ന സത്യവാങ്മൂലം മാനേജരിൽ നിന്നും വാങ്ങണമെന്നും, കൂടാതെ വിജ്ഞാപനം പ്രകാരമുള്ള കമ്മ്യൂണിറ്റി/ഓപ്പൺ എന്നീ വിഭാഗങ്ങളിലെ നിയമനം നടത്തുന്നതിനായി വിഷയ വിദഗ്ധരുടെ പാനൽ അനുവദിയ്ക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 195/24.07/111139/AC B2-3/2023** **പരുമല, ഡി.ബി. പമ്പ കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി സിന്ധു കെ.എസ് -ന്റെ നിയമനത്തിൽ ക്രമക്കേട് നടന്നുവെന്ന ആരോപണം സംബന്ധിച്ച്.**

പരുമല, ഡി.ബി. പമ്പ കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി. സിന്ധു കെ. എസ്-ന്റെ നിയമനം സംബന്ധിച്ച് ലഭിച്ച പരാതി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ഹരികൃഷ്ണൻ പി, അഡ്വ. പി. ബി സതീഷ് കുമാർ എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 196/24.07/113593/CBCSS 22-1** **മൂവാറ്റുപുഴ, നിർമല കോളേജിലെ AMITHA MANOJ (PRN 220021065078) എന്ന ബി.കോം മോഡൽ I ഫിനാൻസ് ആൻഡ് ടാക്സേഷൻ പ്രോഗ്രാം വിദ്യാർത്ഥിക്കു NCC-യുടെ ഭാഗമായി നടന്ന Inter Directorate Sports Shooting Competition-ൽ പങ്കെടുത്തതിനെ തുടർന്ന് നാലാം സെമസ്റ്റർ റെഗുലർ പരീക്ഷയ്ക്ക് ഹാജരാകാൻ സാധിക്കാതിരുന്നതിനാൽ സ്പെഷ്യൽ പരീക്ഷ നടത്തുന്നതിനുള്ള അപേക്ഷ സംബന്ധിച്ച്:-**

മൂവാറ്റുപുഴ, നിർമല കോളേജിലെ ബി.കോം മോഡൽ I ഫിനാൻസ് ആൻഡ് ടാക്സേഷൻ പ്രോഗ്രാമിലെ വിദ്യാർത്ഥിയായ AMITHA MANOJ (PRN 220021065078) ന് തൊട്ടടുത്ത ബാച്ചിലെ കുട്ടികളോടൊപ്പം നാലാം സെമസ്റ്റർ പരീക്ഷ ആദ്യ പരീക്ഷയായി പരിഗണിച്ച് എഴുതുവാൻ അനുവാദം നല്കുന്നതിനും, ടി വിദ്യാർത്ഥിയിൽ നിന്നും പരീക്ഷാ ഫീസ് വീണ്ടും ഈടാക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

**ഇനംനമ്പർ 197/24.07/106954/AC B7-2/2024** **തൃക്കാക്കര ഭാരത മാതാ സ്വയംഭരണ കോളേജ് സമർപ്പിച്ച പരീക്ഷാ മാനുവലിന്റെ പരിശോധന സംബന്ധിച്ച്.**

തൃക്കാക്കര ഭാരത മാതാ സ്വയംഭരണ കോളേജ് സമർപ്പിച്ച പരീക്ഷാ മാനുവൽ Academic Legislation Section-ന്റെ പരിശോധനയ്ക്കായി സമർപ്പിച്ച് പരീക്ഷാ കൺട്രോളറുടെ അനുമതിയോടെ അംഗീകരിക്കുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 198/24.07/110206/EA 1-3/2024** **എൽ എൽ ബി കോഴ്സുകളുടെ Last and Final Special Mercy Chance പരീക്ഷയുടെ ഫീസ് കുറയ്ക്കുന്നതിനുള്ള അപേക്ഷ . സംബന്ധിച്ച്**

എൽ.എൽ.ബി കോഴ്സുകളുടെ Last and Final Special Mercy Chance പരീക്ഷയുടെ ഫീസ് കുറയ്ക്കുന്നതിനായുള്ള അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 199/24.07/20687/DSS 1/2024** Application from Visually Impaired Student - Request for Exemption of Fine for Late Submission of Application for Grace Marks, etc - reg.-

ഗവ. ആർട്ട്സ് & സയൻസ് കോളേജ്, ഇലന്തൂർ–ലെ 2022–23 അധ്യയന വർഷത്തെ ഒന്നാം വർഷ ബി.എ. മലയാളം വിദ്യാർത്ഥിയായ ശ്രീജിത്ത് ജെ.എസ്., ഗ്രേസ് മാർക്കിനായുള്ള അപേക്ഷ സമയബന്ധിതമായി സമർപ്പിക്കാതിരുന്നത്, ടിയാൻ പൂർണ്ണകാഴ്ച വൈകല്യമുള്ള വിദ്യാർത്ഥിയായതിനാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് പിഴ ഈടാക്കാതെ ഗ്രേസ് മാർക്കിനായുള്ള അപേക്ഷ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 200/24.07/95507/AC B7–2/2024** **മൂവാറ്റുപുഴ നിർമല സ്വയംഭരണ കോളേജ് സമർപ്പിച്ച പരീക്ഷാ മാനുവലിന്റെ പരിശോധന സംബന്ധിച്ച്.**

മൂവാറ്റുപുഴ നിർമല സ്വയംഭരണ കോളേജ് സമർപ്പിച്ച പരീക്ഷാ മാനുവൽ Academic Legislation Section–ന്റെ പരിശോധനയ്ക്കായി സമർപ്പിച്ച് പരീക്ഷാ കൺട്രോളറുടെ അനുമതിയോടെ അംഗീകരിക്കുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 201/24.07/127335/CBCSS 7–1/2023** **2013 അഡ്മിഷൻ സിബിസിഎസ്എസ് ബിരുദ വിദ്യാർത്ഥികളുടെ ഗ്രേസ്മാർക്ക് പുനർ വിതരണം –സംബന്ധിച്ച്.**

തിരുവല്ല, മാർത്തോമാ കോളേജിലെ 2013 അഡ്മിഷൻ ബിഎസ്സി ബോട്ടണി മോഡൽ II ഫുഡ് മൈക്രോബയോളജി വിദ്യാർത്ഥികളായ Nowlymol N. K. (130021020817), Aisha Hassan (130021020802) എന്നിവർ ഗ്രേസ്മാർക്ക് പുനർ വിതരണവുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 202/24.07/35212/EH 16–1/2023** **Integrated MCA (IMCA) പ്രോഗ്രാമിന് ഗ്രേസ് മാർക്ക് അനുവദിക്കുന്നതു സംബന്ധിച്ച്.**

Integrated MCA (IMCA) പ്രോഗ്രാം പ്രൊഫഷണൽ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണെന്ന ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സൺ–ന്റെ നിർദ്ദേശം പരിഗണിച്ച് ടി പ്രോഗ്രാമിന് സർവ്വകലാശാല ഉത്തരവ് പ്രകാരമുള്ള ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 203/24.07/123000/EI 40–1/2023** **എം ബി എ മൂന്നാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 2023 – വാഗമൺ ഡി സി സ്കൂൾ ഓഫ് മാനേജ്മെൻറ് & ടെക്നോളജിയിലെ THOMAS REENA REJI എന്ന വിദ്യാർത്ഥിയുടെ പരീക്ഷാഫലത്തിൽ ന്യൂനത സംഭവിച്ചതിൽ സിൻഡിക്കേറ്റ് ചുമത്തിയ പിഴത്തുക കുറച്ചുനൽകുന്നതിന് കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സംബന്ധിച്ച്**

വാഗമൺ ഡി.സി. സ്കൂൾ ഓഫ് മാനേജ്മെൻറ് & ടെക്നോളജി പ്രിൻസിപ്പാൾ പിഴത്തുക ലഘൂകരിക്കണമെന്ന് അവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 204/24.07/55507/EE 2–3/2024** **ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഹിന്ദു കോളേജ് പരീക്ഷാകേന്ദ്രമായി 2010 ൽ ബി.എ. ഹിസ്റ്ററി പ്രോഗ്രാമിന് പ്രൈവറ്റായി രജിസ്റ്റർ ചെയ്ത Shainy James (രജിസ്റ്റർ നമ്പർ: 269169) എന്ന വിദ്യാർത്ഥിനിക്ക്, 2012 മാർച്ചിൽ നടന്ന രണ്ടാം വർഷ പരീക്ഷയുടെ ടാബുലേഷൻ രജിസ്റ്ററിൽ അധികമായി ഇന്റേണൽ മാർക്ക് നൽകിയതിലെ പിഴവ് സാധൂകരിച്ച്, ടാബുലേഷൻ രജിസ്റ്ററിൽ രേഖപെടുത്തിയ മാർക്കുകൾ പ്രകാരം ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ് നൽകുന്നത് സംബന്ധിച്ച്:–**

2012 മാർച്ചിൽ നടന്ന രണ്ടാം വർഷ പരീക്ഷയുടെ ടാബുലേഷൻ രജിസ്റ്ററിൽ Shainy James എന്ന വിദ്യാർത്ഥിനിക്ക് അധികമായി ഇന്റേണൽ നൽകിയ പിഴവ് സാധൂകരിച്ച്, ടാബുലേഷൻ രജിസ്റ്ററിൽ രേഖപെടുത്തിയ മാർക്കുകൾ പ്രകാരം ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ് നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 205/24.07/146607/EI 14–3/2021** **Bachelor of Science in Electronics with Computer Hardware – 2005 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ പരീക്ഷാഫലത്തിൽ വന്ന പിശക് കണ്ടെത്തിയത് സംബന്ധിച്ച്.**

ശ്രീ. BLESSAN ABRAHAM–ന് അഞ്ചാം സെമസ്റ്റർ Communication System II എന്ന വിഷയത്തിന് ഫീസുകൾ ഒന്നും ഈടാക്കാതെ ഒരു Special Mercy Chance പരീക്ഷ നടത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 206/24.07/74133/EK 3-3/2024** **Aluva, Kuzhivelippady KMEA Arts and Science കോളേജിലെ വിദ്യാർത്ഥികളെ കണ്ടോനേഷൻ നിബന്ധനകൾ പാലിക്കാതെ പരീക്ഷ എഴുതിച്ചത് സംബന്ധിച്ച്**

Aluva, Kuzhivelippady KMEA Arts and Science കോളേജിലെ വിദ്യാർത്ഥികളെ കണ്ടോനേഷൻ നിബന്ധനകൾ പാലിക്കാതെ പരീക്ഷ എഴുതിച്ചത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. രതീഷ് പി. ബി., ഡോ. ജോജി അലക്സ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 207/24.07/75946/ACA8-4/2023** **മൂന്നാം സെമസ്റ്റർ പരീക്ഷാഫലവുമായി ബന്ധപ്പെട്ട് ദേവമാതാ കോളേജിലെ B.com Taxation & Co-operation പ്രോഗ്രാം വിദ്യാർത്ഥികൾ സമർപ്പിച്ചിരിക്കുന്ന പരാതി സംബന്ധിച്ച് :-**

സി.ബി.സി.എസ് B.com Taxation & Co-operation' പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്റർ ജനുവരി 2023 പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിൽ വലിയ വ്യത്യാസം കാണാത്ത സാഹചര്യത്തിൽ സർവ്വകലാശാല നിയമമനുസരിച്ച് ഫലം പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 208/24.07/123824/EI 33-3/2023** **ത്രിവത്സര എൽ.എൽ.ബി. (ആനുവൽ സ്കീം) - മൂന്നാം വർഷം മെയ് 1999 - ടാബുലേഷൻ രജിസ്റ്ററിലെ പിഴവ് - ഫലവ്യത്യാസം- അന്വേഷണം -സംബന്ധിച്ച്:-**

എറണാകുളം ലോ കോളേജിൽ 1996-1999 കാലയളവിലെ ത്രിവത്സര LLB (ANNUAL SCHEME) പഠിച്ച വിദ്യാർത്ഥിനിയായ ശ്രീമതി റീന എബ്രഹാം (രജി നം. 68039)-ന്റെ മാർക്ക് ടാബുലേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിലുണ്ടായ പിഴവ് സംബന്ധിച്ച പുനരന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. സതീഷ് കുമാർ പിബി., ഹരികൃഷ്ണൻ പി. എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 209/24.07/3621/EXAM AUDIT 2-1/2023** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2020 - 2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി യുജിസി അധ്യാപകർക്ക് പരീക്ഷ മൂല്യ നിർണയത്തിന് പ്രതിഫലം അനുവദിക്കുന്നത്- ഖണ്ഡിക 3 -2 ലെ ആക്ഷേപം - പരിഹാര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മഹാത്മാഗാന്ധി സർവകലാശാലയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി യുജിസി അധ്യാപകർക്ക് പരീക്ഷ മൂല്യനിർണയത്തിന് പ്രതിഫലം അനുവദിച്ചത് സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ. എസ്. സുമേഷ്, ഡോ. സെനോ ജോസ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 210/24.07/117964/CBCSS3 SO/2024** **കെ.ഇ കോളേജ്, മാന്നാനം - രണ്ടാം സെമസ്റ്റർ സിബിസിഎസ് മെയ് 2024 പരീക്ഷയിൽ B.Sc Botany Model I വിഭാഗത്തിലെ 14 വിദ്യാർത്ഥികളുടെ ഇന്റേണൽ മാർക്കുകൾ സമയബന്ധിതമായി സർവ്വകലാശാലയിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ ചുമത്തിയ പിഴ തുക ഒഴിവാക്കണമെന്ന അപേക്ഷ സംബന്ധിച്ച്:-**

മാന്നാനം കെ. ഇ. കോളേജിലെ രണ്ടാം സെമസ്റ്റർ സിബിസിഎസ് മെയ് 2024 പരീക്ഷയിൽ മോഡൽ I ബോട്ടണി വിഭാഗത്തിലെ 14 വിദ്യാർത്ഥികളുടെ ഇന്റേണൽ മാർക്ക് സമയബന്ധിതമായി സമർപ്പിക്കാത്തതിന്മേൽ സർവ്വകലാശാല ചുമത്തിയ ₹17,150/- പിഴത്തുക Rs.8575/- രൂപയായി കുറവ് ചെയ്യുന്നതിനും ടി തുക ഈടാക്കിയ ശേഷം ഫലം പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 211/24.07/83443/EI 39-1/2024**

**സ്വയംഭരണ കോളേജുകൾ മുഖാന്തിരം വിദ്യാർത്ഥികൾക്ക് നൽകി വരുന്ന പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് – ആവശ്യമായ രേഖകൾ സമർപ്പിച്ച് – സർവകലാശാലയിൽ നിന്നും ലഭ്യമാക്കുന്നത് സംബന്ധിച്ച് :-**

സ്വയംഭരണ കോളേജുകൾ/കോളേജുകളിലെ വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന പക്ഷം, മറ്റ് കോളേജുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന അതേ നിരക്കിൽ ഫീസ് ഈടാക്കി സർവകലാശാലയിൽ നിന്നും വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 212/24.07/100336/EI 38-1/2024**

**എറണാകുളം സെൻറ് തെരേസാസ് കോളേജിലെ (ഓട്ടോണോമസ്) 2019 അഡ്മിഷൻ വിദ്യാർത്ഥിനിയുടെ പരീക്ഷാഫലം തെറ്റായി രേഖപ്പെടുത്തിയത് തിരുത്തി സമർപ്പിച്ചിട്ടുള്ള ടാബുലേഷൻ രജിസ്റ്ററുകൾ, റിസൾട്ട് വിജ്ഞാപനം എന്നിവ അംഗീകരിക്കുന്നതിനായുള്ള കോളേജ് പ്രിൻസിപ്പലിൻറെ അപേക്ഷ സംബന്ധിച്ച് :-**

എറണാകുളം, സെൻറ് തെരേസാസ് കോളേജിലെ (ഓട്ടോണോമസ്) 2019 അഡ്മിഷൻ വിദ്യാർത്ഥിനിയുടെ പരീക്ഷാഫലം തെറ്റായി രേഖപ്പെടുത്തിയത് തിരുത്തി സമർപ്പിച്ചിട്ടുള്ള ടാബുലേഷൻ രജിസ്റ്ററുകൾ, റിസൾട്ട് വിജ്ഞാപനം എന്നിവ അംഗീകരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം)-നെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 213/24.07/100004/EI 32-2/2024**

**HOLY CRESCENT COLLEGE OF ARCHITECTURE ലെ 2012-2017 ബാച്ച് B ARCH വിദ്യാർത്ഥിയായ AARIJ S JIVAN (PRN: 12051001) എന്ന വിദ്യാർത്ഥിയുടെ CONSOLIDATED GRADE CARD, PROVISIONAL CERTIFICATE, DEGREE CERTIFICATE എന്നിവ നൽകാൻ അനുവാദം ലഭിക്കുന്നത് – സംബന്ധിച്ച്**

കോവിഡ് കാലയളവിൽ പരീക്ഷകൾ യഥാസമയം നടന്നിരുന്നില്ല എന്ന കാരണത്താലും കോഴ്സ് കാലയളവിനുള്ളിൽ (2022 നുള്ളിൽ) ടി വിദ്യാർത്ഥിയ്ക്ക് ഒരു പരീക്ഷാ അവസരം നഷ്ടപ്പെട്ടിരുന്നു എന്നത് കണക്കിലെടുത്തും, ടി വിദ്യാർത്ഥി അനുവദനീയമായ മേഴ്സി ചാൻസ് പരീക്ഷ എഴുതിയാണ് വിജയിച്ചിരിക്കുന്നത് എന്നത് പരിഗണിച്ചും, AARIJ S JIVAN (PRN: 12051001) എന്ന വിദ്യാർത്ഥിക്ക് കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, വിദ്യാർത്ഥി അപേക്ഷിക്കുന്ന മുറയ്ക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 214/24.07/83364/EI 32-1/2024**

**DC SCHOOL OF ARCHITECTURE & DESIGN കോളേജിലെ 2021 അഡ്മിഷൻ ബാച്ച് വിദ്യാർത്ഥിയായ ADARSH ANIL (PRN : 213241910276) ന്റെ നാലാം സെമസ്റ്റർ റെഗുലർ ഒക്ടോബർ 2023 പരീക്ഷയിലെ 19AR04001: ARCHITECTURAL DESIGN 4 എന്ന വിഷയത്തിന്റെ JURY MARK തിരുത്തി നൽകുന്നത് – സംബന്ധിച്ച്**

DC SCHOOL OF ARCHITECTURE & DESIGN കോളേജിലെ 2021 അഡ്മിഷൻ ബാച്ച് വിദ്യാർത്ഥിയായ ADARSH ANIL (PRN : 213241910276) ന്റെ നാലാം സെമസ്റ്റർ റെഗുലർ ഒക്ടോബർ 2023 പരീക്ഷയിലെ 19AR04001: ARCHITECTURAL DESIGN 4 എന്ന വിഷയത്തിന്റെ JURY MARK തിരുത്തിനൽകുന്നതിനുള്ള അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം)-നെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 215/24.07/88582/EB 7-2/2024**

**അങ്കമാലി, ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ ജേർണലിസം ഡിപ്പാർട്മെന്റ് മുൻ വകുപ്പ് മേധാവി ഡോ. നിർമൽ ജേക്കബിന് എതിരെ ടി കോളേജിലെ MAJMC പ്രോഗ്രാം 2022 അഡ്മിഷൻ വിദ്യാർത്ഥിനി ആയിരുന്ന പ്രീതി രവീന്ദ്രന്റെ മാതാവ് ശ്രീമതി.രാധാ രവീന്ദ്രൻ നൽകിയ പരാതി – സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്**

ഡോ. നിർമൽ ജേക്കബ് എന്ന അദ്ധ്യാപകൻ നിലവിൽ ടി കോളേജിൽ ജോലി ചെയ്യുന്നില്ലാത്തതിനാലും, പരാതിക്കാരിയായ ശ്രീമതി. രാധാ രവീന്ദ്രന്റെയും മകൾ പ്രീതി രവീന്ദ്രന്റെയും മൊഴിയിൽ വൈരുദ്ധ്യം ഉള്ളതിനാലും പ്രസ്തുത വിഷയത്തിൽ നടപടി എടുക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 216/24.07/42089/AC A8-3/2024**

**മുണ്ടക്കയം, ശ്രീ ശബരീശ കോളേജിലെ ബി കോം ഫിനാൻസ് ആൻഡ് ടാക്സേഷൻ അവസാന വർഷ (ആറാം സെമസ്റ്റർ) വിദ്യാർത്ഥിയായ ശ്രീ അരുൺ സുരേഷ് ഇംഗ്ലീഷ് വിഭാഗം മേധാവിയായ ശ്രീമതി സൽമ എം-ന് എതിരെ നല്കിയ പരാതി സംബന്ധിച്ച്.**

പ്രിൻസിപ്പലിന്റെ വിശദീകരണം തൃപ്തികരമായതിനാൽ ടി വിഷയത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 217/24.07/30600/ACA8-4/2024**

**ശ്രീ ശബരീശാ കോളേജ്, മുണ്ടക്കയം- ബി.കോം ഫിനാൻസ് & ടാക്സേഷൻ, വകുപ്പ് മേധാവി വിദ്യാർത്ഥികളോട് വിവേചനം കാണിക്കുന്നുവെന്നും, വ്യക്തി വൈരാഗ്യത്താൽ അർഹതപ്പെട്ട ഹാജർ നൽകുന്നില്ലായെന്നും ആരോപിച്ചുകൊണ്ട് വിദ്യാർത്ഥിയായ ശ്രീ.അഹമ്മദ് സഹിൻ ഷാ സർവകലാശാല യൂണിയൻ അധ്യക്ഷൻ മുഖേന സമർപ്പിച്ച പരാതി – B.A.S.G – ശുപാർശ -സംബന്ധിച്ച്**

പ്രസ്തുത വിഷയത്തിൽ ബി.എ.എസ്.ജി.-യുടെ ശിപാർശ അംഗീകരിക്കുന്നതിനും, ഹാജർ സംബന്ധമായ വിഷയം ഇതിനോടകം കോളേജിൽ പരിഹരിക്കപ്പെട്ടതിനാൽ ടി പരാതി തീർപ്പാക്കുന്നതിനും കൂടാതെ സ്ഥിര അദ്ധ്യാപകരിൽ സീനിയർ ആയ ഒരു അദ്ധ്യാപകനെ പ്രസ്തുത വകുപ്പ് മേധാവി ആയി ചുമതലപ്പെടുത്തുന്നതിന് കോളേജ് പ്രിൻസിപ്പലിന് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 218/24.07/95323/AC A8-3/2024**

**കടമ്മനിട്ട, മൗണ്ട് സിയോൺ ലോ കോളേജ് -ലെ ലേഡീസ് ഹോസ്റ്റൽ വാർഡന് എതിരെ ഹോസ്റ്റലിലെ അന്തേവാസികളുടെ പേരിൽ സർവകലാശാലയിൽ ലഭിച്ച പരാതി – സിന്റിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

പ്രസ്തുത വിഷയത്തിൽ അന്വേഷണ കമ്മീഷൻ ആയി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, ശ്രീ. അമൽ എബ്രഹാം, ഡോ. സുജ ടി. വി. എന്നിവരെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 219/24.07/86159/AC A8-3/2024**

**പാമ്പനാർ, ശ്രീ നാരായണ ഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ രണ്ടും മൂന്നും വർഷ ബി.ബി.എ, ബി.എ വിദ്യാർത്ഥികളുടെ പേരിൽ സർവകലാശാലയിൽ ലഭിച്ച പരാതി – സിന്റിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

പ്രിൻസിപ്പലിന്റെ വിശദീകരണം തൃപ്തികരമായതിനാൽ ടി വിഷയത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 220/24.07/151549/AD A3-4/2023**

**സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സായാഹ്ന കോഴ്സുകളിലും പാർട്ട് ടൈം കോഴ്സുകളിലും വിദൂര വിദ്യാഭ്യാസ / ഓൺലൈൻ കോഴ്സുകളിലും പങ്കെടുക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് വ്യക്തത/ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.**

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സായാഹ്ന കോഴ്സുകളിലും പാർട്ട് ടൈം കോഴ്സുകളിലും വിദൂര വിദ്യാഭ്യാസ / ഓൺലൈൻ കോഴ്സുകളിലും പങ്കെടുക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ) നം.6/2024 P&ARD,തീയതി 07/06/2024, സ.ഉ.(സാധാ) നം. 381/2024-P&ARD, തീയതി 24/09/2024 എന്നീ ഉത്തരവുകൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനു തീരുമാനിച്ചു.

**ഇനംനമ്പർ 221/24.07/117117/AD C2-1/2021**

**ശ്രീ. രമേശ് ആർ. (PEN -2990) ക്ലറിക്കൽ അസിസ്റ്റന്റിനു അനുവദിച്ച 232 ശൂന്യവേതനാവധിയിൽ അധികമായി അനുവദിച്ച 52 ദിവസത്തെ ശൂന്യവേതനാവധി ക്രമപ്പെടുത്തുന്നതിനും, ടിയാന്റെ അപേക്ഷ പരിഗണിച്ച് 91 ദിവസത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതും സംബന്ധിച്ച് -**

ശ്രീ.. രമേശ് ആർ., ക്ലറിക്കൽ അസിസ്റ്റന്റിന് 26.01.2024 മുതൽ 13.09.2024 വരെ അനുവദിച്ച 232 ദിവസത്തെ ശൂന്യവേതനാവധിയിൽ അധികമായി അനുവദിച്ചിരിക്കുന്ന 52 ദിവസത്തെ ശൂന്യവേതനാവധി (24.07.2024 മുതൽ 13.09.2024 വരെ) ക്രമപ്പെടുത്തുന്നതിനും, ടിയാന്റെ അപേക്ഷ പരിഗണിച്ച് 14.09.2024 മുതൽ 13.12.2024 വരെ ടിയാന് 91 ദിവസത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 222/24.07/120295/AD A5-2/2024**

**മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഡേറ്റ അനലിറ്റിക്സ്, സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ പഠന വകുപ്പുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺടാക്ട് അദ്ധ്യാപകരെ നിയോഗിക്കുന്നത് സംബന്ധിച്ച് :-**

സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഡേറ്റ അനലിറ്റിക്സ്, സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വിഷയത്തിൽ അസിസ്റ്റന്റ് പ്രൊഫെസ്സർ ഓൺ കോൺടാക്ട് അദ്ധ്യാപരെ ചുവടെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നതനുസരിച്ച് നിയോഗിക്കുന്നതിന് തീരുമാനിച്ചു.

| Sl no | School | Number of post | Discipline | Category |
|---|---|---|---|---|
| 1 | School of Data Analytics | 2 | Statistics | O.C<br>LC/AI |
| 2 | School of Mathematics | 1 | Statistics | E.W.S |

**ഇനംനമ്പർ 223/24.07/38883/AD C1-1/2024**

**ശ്രീ.വിവേക് നോയൽ എൻ (PEN 3819) അസ്സിസ്റ്റന്റിന് അനുവദിച്ച 182 ദിവസത്തെ ശൂന്യവേതനാവധിയിൽ അധികമായി അനുവദിച്ച രണ്ട് ദിവസത്തെ ശൂന്യവേതനാവധി ക്രമപ്പെടുത്തുന്നതും, ടിയാന്റെ അപേക്ഷ പരിഗണിച്ച് 31 ദിവസത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതും സംബന്ധിച്ച്:-**

ശ്രീ. വിവേക് നോയൽ എൻ, അസ്സിസ്റ്റന്റിന് 02.04.2024 മുതൽ 30.09.2024 വരെ അനുവദിച്ച 182 ദിവസത്തെ ശൂന്യവേതനാവധിയിൽ അധികമായി അനുവദിച്ച രണ്ട് ദിവസത്തെ ശൂന്യവേതനാവധി (29.09.2024, 30.09.2024 എന്നീ തീയതികൾ) ക്രമപ്പെടുത്തുന്നതിനും, ടിയാന്റെ അപേക്ഷ പരിഗണിച്ച് 01.10.2024 മുതൽ 31.10.2024 വരെ 31 ദിവസത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 224/24.07/Ad AIX/1/3175/2006** — **ശ്രീ രാജേഷ് ഇ (അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്) – മൂല്യനിർണ്ണയത്തിനായി നൽകിയ ഉത്തരക്കടലാസുകൾ തിരികെ നൽകാത്തത് – വിശദീകരണം – മറുപടി – സംബന്ധിച്ച്.**

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വകുപ്പിലെ മൂല്യനിർണ്ണയത്തിനായി നൽകിയ ഉത്തരക്കടലാസുകൾ ശ്രീ. രാജേഷ് ഇ, അസിസ്റ്റന്റ് പ്രൊഫസർ, തിരികെ നൽകാത്തത് സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗം ഡോ. ജോജി അലക്സ്-നെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 225/24.07/46010/AD A4-1/2024** — **സർവ്വകലാശാല എൻജിനീയറിംഗ് യൂണിറ്റിൽ നിന്നും ഇലക്ട്രിക്കൽ സാമഗ്രികൾ നഷ്ടപ്പെട്ടത്- സർവ്വകലാശാല എൻജിനീയറിംഗ് യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ആളുകൾ അനധികൃതമായി പ്രവേശിക്കുന്നത് - പ്രാഥമിക അന്വേഷണ റിപ്പോർട്ട്, അനുബന്ധ റിപ്പോർട്ട് എന്നിവ സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്.**

ജോയിന്റ് രജിസ്ട്രാർ 1 (ഭരണവിഭാഗം) സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പ്രകാരം സർവ്വകലാശാലാ ഫണ്ടിൽ നിന്നും 32,700/- രൂപ വിലമതിക്കുന്ന വസ്തുക്കൾ ബന്ധപ്പെട്ട ജീവനക്കാരുടെ വീഴ്ചമൂലം നഷ്ടപ്പെട്ടതായി കണ്ടെത്തിയിരിക്കുന്നതിനാൽ, ടി തുക ആ കാലയളവിൽ ജോലി ചെയ്തിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തലം വരെയുള്ള ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ആനുപാതികമായി ഈടാക്കുന്നതിനും, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പാക്കുന്നതിനായി സ്റ്റോക്ക് രജിസ്റ്ററുകളുടെ നിയമപരമായ പരിപാലനം മുൻനിർത്തി ആയത് സംബന്ധിച്ചുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശം, ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ എന്നിവ കൃത്യമായി നിർവ്വചിച്ചു നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 226/24.07/68865/AD A1-2/2024** — **പാമ്പനാർ, ശ്രീ നാരായണ ട്രസ്റ്റ് ആർട്സ് & സയൻസ് കോളേജ് - 2016 -17 അദ്ധ്യയന വർഷത്തിലേയ്ക്ക് നൽകിയ അഫിലിയേഷൻ പുതുക്കാത്തത് സംബന്ധിച്ച് - ജോയിന്റ് രജിസ്ട്രാർ 1, ഭരണ വിഭാഗം സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് - സിന്ഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് -**

പാമ്പനാർ, ശ്രീ. നാരായണ ട്രസ്റ്റ് ആർട്സ് & സയൻസ് കോളേജിന്റെ 2016 -17 അദ്ധ്യയന വർഷത്തെ അഫിലിയേഷൻ പുതുക്കാതിരുന്നത് സംബന്ധിച്ച് ജോയിന്റ് രജിസ്ട്രാർ 1, ഭരണ വിഭാഗം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 227/24.07/1117/AD A9/1/2019** — **സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ രാജേഷ് ഇ, 2010 യു.ജി.സി റെഗുലേഷൻസിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസ്സർ (സ്റ്റേജ് 3) തസ്തികയിൽ നിന്നും അസ്സോസിയേറ്റ് പ്രൊഫസ്സർ (സ്റ്റേജ് 4) തസ്തികയിലേക്ക് 15.01.2021 മുതൽ സ്ഥാനക്കയറ്റം നൽകുന്നതിന് സമർപ്പിച്ച അപേക്ഷ യുജിസി റെഗുലേഷൻസ് 2018 4th Amendment, തീയതി 06.06.2024 പ്രകാരം പുനഃപരിശോധിക്കുന്നത് സംബന്ധിച്ച്.**

യുജിസി റെഗുലേഷൻസ് 2018 4th Amendment, തീയതി 06.06.2024 പ്രകാരം സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ രാജേഷ് ഇ,-ക്ക് അസിസ്റ്റന്റ് പ്രൊഫസ്സർ (സ്റ്റേജ് 3) തസ്തികയിൽ നിന്നും അസ്സോസിയേറ്റ് പ്രൊഫസ്സർ (സ്റ്റേജ് 4) തസ്തികയിലേക്ക് 15.01.2021 മുതൽ സ്ഥാനക്കയറ്റം നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 228/24.07/78416/AD A4-1/2024**

**സർവ്വകലാശാല എൻജിനീയർ തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ₹68,700 – 1,10,400/- (Pre-Revised) ശമ്പള സ്കെയിലിൽ ശ്രീമതി രജനി ജോണിന് സ്ഥിര നിയമനം നൽകിയത് – സർവ്വകലാശാല എൻജിനീയർ തസ്തിക പതിനൊന്നാം ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ – ശമ്പളം നൽകുന്നതിന് – ക്രമീകരണം ഏർപ്പെട്ടത്തി വൈസ് ചാൻസലർ ഉത്തരവായത് – സംബന്ധിച്ച്**

ശ്രീമതി. രജനി ജോണിനെ ₹68,700 – 1,10,400/- (Pre-Revised) ശമ്പള സ്കെയിലിൽ സർവ്വകലാശാല എൻജിനീയർ തസ്തികയിൽ നിയമിച്ച നടപടിയും, ടി തസ്തിക പതിനൊന്നാം ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ, മഹാത്മാഗാന്ധി സർവ്വകലാശാല ഓർഡിനൻസ് 2023 ന്റെ അംഗീകാരത്തിനും, സർവ്വകലാശാല എഞ്ചിനീയർ തസ്തിക ശമ്പളപരിഷ്കരണ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിഷയത്തിലുമുള്ള ഗവണ്മെന്റ് തീരുമാനത്തിനും വിധേയമായി, പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം സർവ്വകലാശാലയ്ക്ക് അനുവദനീയമായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 95,600 – 1,53,200/- രൂപ ശമ്പള സ്കെയിലിൽ ടിയാരിക്ക് ശമ്പളം നൽകുന്നതിന് അനുമതി നൽകിയ നടപടിയും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 229/24.07/4939/AD A3/3/2019**

**സർവകലാശാലാ ഹോസ്റ്റൽ – റസിഡന്റ് ട്യൂട്ടർ (കരാർ) – വേതനം പരിഷ്കരിക്കുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാല ഹോസ്റ്റലുകളിലെ റസിഡന്റ് ട്യൂട്ടർമാരുടെ വേതനം Rs.21,000/- (ഇരുപത്തിയൊന്നായിരം രൂപ മാത്രം) രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 230/24.07/81659/AD A5-2/2023**

**മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് പഠന വകുപ്പിൽ സൈക്കോളജി വിഭാഗത്തിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയോഗിക്കുന്നത് സംബന്ധിച്ച് :-**

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് പഠന വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് (സൈക്കോളജി, ഒഴിവ്-1)- 'Muslim' കാറ്റഗറിയിലേക്ക് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നതിലേക്കു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു തീരുമാനിച്ചു.

**ഇനംനമ്പർ 231/24.07/23487/AD A1-1/2024**

**ശ്രീമതി ഷോഭ പി ആന്റണി., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ- KSR Part I, Rule 110B, appendix XII A പ്രകാരം അനുവദിച്ച അവധിയ്ക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാത്തത് – സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്.**

ശ്രീമതി ഷോഭ പി ആന്റണി., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ- KSR Part I, Rule 110B, appendix XII A പ്രകാരം അനുവദിച്ച അവധിയ്ക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാത്തത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണവിഭാഗം)-നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 232/24.07/84037/AD A4-3/2024**

**സർവ്വകലാശാലയിൽ ഇലക്ട്രീഷ്യൻ തസ്തികയിൽ പി എസ് സി മുഖേന ജോലിയിൽ പ്രവേശിച്ച ഇലക്ട്രീഷ്യന്മാർ, ടിയാളുകൾക്ക് ഓവർസീർ ഗ്രേഡ് II തസ്തികയിലെ ശമ്പള സ്കെയിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്.**

സർവ്വകലാശാലയിൽ ഇലക്ട്രീഷ്യൻ തസ്തികയിൽ പി എസ് സി മുഖേന ജോലിയിൽ പ്രവേശിച്ച ഇലക്ട്രീഷ്യന്മാർ, ടിയാളുകൾക്ക് ഓവർസീർ ഗ്രേഡ് II തസ്തികയിലെ ശമ്പള സ്കെയിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ, അനുവദനീയമല്ലാത്തതിനാൽ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 233/24.07/51738/AD A5-2/2023**

**മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസ് പഠന വകുപ്പിൽ വിസിറ്റിംഗ് / ഗസ്റ്റ് അദ്ധ്യാപകരെ നിയോഗിക്കുന്നത് സംബന്ധിച്ച് :-**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 234/24.07/53450/AD A7-1/2023**

**ഇന്റർയൂണിവേഴ്സിറ്റി സെന്ററായ ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് (IUCDS) - താൽകാലിക നിയമനങ്ങളിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതല പെടുത്തിയ അന്വേഷണ കമ്മീഷൻ അംഗങ്ങൾ ഉൾപ്പെട്ട സിൻഡിക്കേറ്റിന്റെ കാലാവധി കഴിഞ്ഞതിനാൽ, അന്വേഷണ കമ്മീഷൻ പുനഃസംഘടിപ്പിക്കുക എന്ന വിഷയം സംബന്ധിച്ച്**

ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ (IUCDS) താൽകാലിക നിയമനങ്ങളിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപെടുത്തിയ അന്വേഷണ കമ്മീഷൻന്റെ കാലാവധി കഴിഞ്ഞതിനാൽ, ടി കമ്മീഷൻ ഡോ. സുജ റ്റി. വി., ഡോ. ജോജി അലക്സ് എന്നീ സിൻഡിക്കേറ്റ് അംഗങ്ങളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 235/24.07/97515/AD A3-4/2024**

**ഉന്നത വിദ്യാഭ്യാസ വകുപ്പ്-കോളേജ് വിദ്യാഭ്യാസം-ജീവനക്കാര്യം - സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് കോളേജുകളിൽ യു.ജി.സി ലൈബ്രേറിയൻ തസ്തികയിലെ നേരിട്ടുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.**

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ലോ കോളേജുകളിലും സംസ്കൃത കോളേജുകളിലും അറബിക് കോളേജുകളിലും സർവകലാശാലകളിലും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള ഉയർന്ന പ്രായ പരിധി 50 വയസായി നിശ്ചയിച്ചുകൊണ്ടുള്ള 07/08/2024 തീയതിയിലെ സ.ഉ.(അച്ചടി)നം.19/2024/HEDN ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 236/24.07/36264/AD A10-2/2024**

**31.05.2024-ൽ സർവകലാശാലാ സേവനത്തിൽ നിന്നും ക്ലറിക്കൽ അസിസ്റ്റന്റ് (ഹ.ഗ്രേ) തസ്തികയിൽ വിരമിച്ച ശ്രീമതി സിന്ധു സി. ബി.-യ്ക്ക്, കേരള സ്റ്റേറ്റ് ഓഡിറ്റ്, വ്യവസ്ഥകൾക്ക് വിധേയമായി ശിപാർശ ചെയ്ത വിരമിക്കൽ ആനുകൂല്യങ്ങൾ താത്കാലികമായി അനുവദിക്കുന്നത് സംബന്ധിച്ച് :-**

ശ്രീമതി സിന്ധു സി. ബി, ക്ലറിക്കൽ അസ്സിസ്റ്റന്റ് (ഹ.ഗ്രേ.)-ന്, സ്റ്റേറ്റ് ഓഡിറ്റ് ശിപാർശ ചെയ്ത പെൻഷൻ ആനുകൂല്യങ്ങൾ താത്കാലികമായി അനുവദിക്കുന്നതിനും, ടിയാരിയുടെ ഡി.സി.ആർ.ജി. തുകയായ ₹9,69,555/- രൂപയിൽ നിന്നും എം.ജി.യു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ പ്രത്യക്ഷബാധ്യതയായ ₹3,20,174/- രൂപ കിഴിവ് ചെയ്ത് ടി സ്ഥാപനത്തിന് നൽകുന്നതിനും, ഡി.സി.ആർ.ജി.-യിൽ അവശേഷിക്കുന്ന തുകയായ ₹6,49,381/- മറ്റ് ആനുകൂല്യങ്ങൾക്കൊപ്പം ടിയാരിക്ക് വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 237/24.07/123674/AD A1-4/2024**

**ഡെപ്യൂട്ടേഷൻ - വിദ്യാഭ്യാസ വകുപ്പിലേക്ക് മാത്രമായി നിജപ്പെടുത്താതെ എല്ലാ വകുപ്പുകളിലേക്കും അനുവദിക്കുന്നത് സംബന്ധിച്ച് -**

സർവകലാശാല ജീവനക്കാർക്ക് വിദ്യാഭ്യാസ വകുപ്പിലേക്ക് മാത്രമായി നൽകിയിരുന്ന ഡെപ്യൂട്ടേഷൻ, എല്ലാ വകുപ്പുകളിലേക്കും അനുവദിച്ചു നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 238/24.07/27614/AD A7-3/2024**

**സർവ്വകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി/ഇന്റർ സ്കൂൾ സെന്ററുകൾക്ക് ഗസ്റ്റ് അധ്യാപക (അസിസ്റ്റന്റ് പ്രൊഫസ്സർ ഓൺ കോൺട്രാക്ട്) തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച്.**

ഇന്റർ യൂണിവേഴ്സിറ്റി/ഇന്റർ സ്കൂൾ സെന്ററുകളിൽ ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ IUCSSM ന്റെ ഫണ്ട് ഉപയോഗിച്ച് സംവരണ തത്ത്വങ്ങൾ പാലിച്ച് സർവ്വകലാശാലയിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിച്ച് ഗസ്റ്റ്/കോൺട്രാക്ട് ഫാക്കൽറ്റികളെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 239/24.07/8091/AD A5/1/2019**

**സർവകലാശാലാ ലൈബ്രറിയിലെ അസിസ്റ്റന്റ് ലൈബ്രേറിയൻ ആയ ശ്രീ . നികേഷ് എൻ, ശൂന്യ വേതനാവധിക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാത്തത് സംബന്ധിച്ച് :-**

സർവകലാശാലാ ലൈബ്രറിയിലെ അസിസ്റ്റന്റ് ലൈബ്രേറിയൻ ആയ ശ്രീ. നികേഷ് എൻ, ശൂന്യ വേതനാവധിക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാത്തത് സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ജോജി അലക്സ്, (സിൻഡിക്കേറ്റ് അംഗം)-നെ നിയോഗിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

**ഇനംനമ്പർ 240/24.07/97615/AD A5-1/2022**

**ശ്രീ. അശോകൻ പി.എസും മറ്റ് നാലുപേരും ചേർന്ന് സമർപ്പിച്ച, WP(C) 27750 of 2019 നമ്പർ ഹർജിയിന്മേലുള്ള ബഹു: കേരള ഹൈക്കോടതിയുടെ വിധി നടപ്പാക്കുന്നത് - സ്റ്റാൻഡിംഗ് കോൺസലിന്റെ അഭിപ്രായം വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നത് സംബന്ധിച്ച് :-**

ശ്രീ. അശോകൻ പി.എസും മറ്റ് നാലുപേരും ചേർന്ന് സമർപ്പിച്ച, WP(C) 27750 of 2019 നമ്പർ ഹർജിയിന്മേലുള്ള ബഹു: കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം സർവ്വകലാശാല രജിസ്ട്രാർ ടി കക്ഷികളെ കേട്ടതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. അശോകൻ പി.എസ്, ശ്രീമതി. ഷീബ പി. ചെറിയാൻ, ശ്രീമതി. ശ്യാമ കെ. ആർ., ശ്രീ. സണ്ണി സി. പി., ശ്രീ. സലാഹുദീൻ പുതുഒറ്റയിൽ എന്നീ ലൈബ്രറി വിഭാഗം ജീവനക്കാർക്ക് സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിച്ച നാൾ മുതലുള്ള സർവ്വീസ് സർവ്വകലാശാല സർവ്വീസായി പരിഗണിച്ച് പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തീരുമാനിച്ചു.

**(ii) മുൻ ഇനങ്ങൾ**

**ഇനംനമ്പർ O.A 29/24.06/127622/AC B1-2/2023**

**സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ- അധ്യാപക തസ്തികകളിലെ നിയമനം- ഭിന്നശേഷി സംവരണം- സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശകൾ - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്- സംബന്ധിച്ച്.**

18.05.2022 തീയതിയിലെ സ.ഉ.(കൈ) നം.242/2022/HEDN സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പൂർണ്ണമായ അർത്ഥത്തിൽ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചു.

1. സ്വകാര്യ എയ്ഡഡ് കോളേജുകളിൽ 18.05.2022 മുതൽ നടത്തുന്ന എല്ലാ നിയമനപ്രക്രിയയും 18.05.2022 തീയതിയിലെ സ.ഉ.(കൈ) നം.242/2022/HEDN ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചു വേണം നടത്തേണ്ടത് എന്ന് നിഷ്കർഷിക്കുന്നു. ടി മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നത് സംബന്ധിച്ച നിർദ്ദേശം എല്ലാ കോളേജ് മാനേജർക്കും നൽകേണ്ടതാണ്.
2. മറ്റു നിയമനങ്ങളിൽ നിന്നും വിഭിന്നമായി അഫിലിയേറ്റഡ് എയ്ഡഡ് കോളേജുകളിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സിലെ വ്യവസ്ഥ അനുസരിച്ച് അദ്ധ്യാപക നിയമനങ്ങളിൽ 50% ഓപ്പൺ/ കമ്മ്യൂണിറ്റി/റിസർവേഷൻ ആയതിനാൽ ഭിന്നശേഷി സംവരണം, ഓപ്പൺ ക്വോട്ട/കമ്മ്യൂണിറ്റി ക്വോട്ട എന്ന നിബന്ധന ഒഴിവാക്കി ഒറ്റ യൂണിറ്റായി നടപ്പിലാക്കാവുന്നതാണ്.
3. 18.05.2022-ലെ ഉത്തരവിൽ clause 5 മുൻഗണനാക്രമം 1. കാഴ്ച പരിമിതർ, 2. ശ്രവണപരിമിതർ, 3. അംഗവൈകല്യമുള്ളവർ, 4. ലോക്കോമോട്ടോർ ഡിസബിലിറ്റി/സെറിബ്രൽ പാൾസി എന്ന ക്രമപ്രകാരം ഒഴിവുകൾ സംബന്ധിച്ച് കൃത്യമായി വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതാണ്.കൂടാതെ സംവരണം സംബന്ധിച്ച് പ്രത്യേകമായി റാങ്ക് പട്ടികയും തയാറാക്കേണ്ടതാണ് (Separate rank list should be prepared including candidates from the category of persons with disabilities).
4. ഭിന്നശേഷി വിഭാഗത്തിലെ സംവരണം ചെയ്ത ഉപവിഭാഗത്തിൽ നിന്നും ഉദ്യോഗാർത്ഥികളെ ലഭിക്കുന്നില്ല എങ്കിൽ, അടുത്ത ഉപവിഭാഗത്തെ/ഉപവിഭാഗങ്ങളെ മുൻഗണനാക്രമത്തിൽ പരിഗണിക്കേണ്ടതാണ്. ഇപ്രകാരം മാറ്റി നൽകുന്ന ഒഴിവുകൾ പിന്നീട് ഉണ്ടാകുന്ന PWD വിഭാഗം ഒഴിവിലേക്ക് നിയമനം നടത്തുമ്പോൾ നികത്തേണ്ടതാണ്.
5. അർഹതപ്പെട്ട എല്ലാ വിഷയങ്ങൾക്കും സംവരണം ലഭിക്കുന്ന രീതിയിൽ റൊട്ടേഷൻ പ്രകാരമായിരിക്കണം നിയമനം നടത്തേണ്ടത്.
6. ഒഴിവുകൾ നിലവിലുള്ള പഠന വിഭാഗങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുവാൻ മുൻഗണന നൽകേണ്ടതാണ്. അപേക്ഷകരുടെ അഭാവത്തിൽ 18.05.2022 തീയതിയിലെ സർക്കാർ ഉത്തരവിലെ ക്ലോസ് 12-ലെ നിർദ്ദേശം പാലിക്കേണ്ടതാണ്.
7. നിലവിലുള്ള/നികത്തിയിട്ടുള്ള ബാക്ക് ലോഗ് ഒഴിവുകളോടൊപ്പം 4 ശതമാനം സംവരണം കണക്കാക്കി 25 ബ്ലോക്ക് - ലെ ആദ്യതസ്തികയിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതാണ്.

8. നാല് ശതമാനം സംവരണം കണക്കാക്കി വിജ്ഞാപനം ചെയ്ത പഠനവിഭാഗത്തിൽ തന്നെ തസ്തിക തുടർന്നും വന്നാൽ, തൊട്ടടുത്ത പഠന വിഭാഗത്തിലേക്ക് സംവരണം മാറ്റാവുന്നതാണ്. ഇപ്രകാരം മറ്റ് പഠന വിഭാഗങ്ങളിൽ ഒഴിവുകൾ ഉണ്ടാകുന്നില്ല എങ്കിൽ, സംവരണം നൽകിയ പഠന വിഭാഗത്തിൽ തുടർന്നും നിയമനം നൽകാവുന്നതാണ്.

9. സംവരണം ചെയ്ത വിജ്ഞാപനം പുറപ്പെടുവിച്ച തസ്തികളിലെ നിയമന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, ഉദ്യോഗാർഥികളുടെ അഭാവത്തിൽ നിർദ്ദേശപ്രകാരമുള്ള പുനർ വിജ്ഞാപനം സംബന്ധിച്ച നടപടികൾ എല്ലാം പൂർത്തിയാക്കി പഠന വകുപ്പുകളുടെ ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിലെ പട്ടിക തയാറാക്കി അതിലെ ക്രമപ്രകാരം അടുത്ത പഠന വിഭാഗത്തിലേക്ക് ഒഴിവുകൾ മാറ്റാവുന്നതാണ്.

10. ഉദ്യോഗാർഥികളുടെ അഭാവത്തിൽ സംവരണ ഒഴിവുകൾ നികത്താത്ത പക്ഷം, പ്രസ്തുത തസ്തിക ഒഴിച്ചിടേണ്ടതും, അതോടൊപ്പം തന്നെ മറ്റ് പഠനവിഭാഗങ്ങളിൽ നിയമിതരാകുന്ന അധ്യാപകരുടെ നിയമനാംഗീകാര ശുപാർശകൾ പരിഗണിയ്ക്കാവുന്നതുമാണ്.

11. 25 നിയമനങ്ങളുടെ ഒരു ബ്ലോക്കിൽ ആദ്യത്തെ നിയമനം PWD വിഭാഗത്തിന് ആയിരിക്കണം എന്ന് സർക്കാർ ഉത്തരവിൽ നിബന്ധന ഉള്ളതിനാൽ റോസ്റ്ററിന്റെ 1, 26, 51 & 76 ക്രമ നമ്പറുകളിൽ വരുന്ന നിയമനങ്ങൾ ഭിന്നശേഷി വിഭാഗത്തിലെ വിവിധ വിഭാഗങ്ങൾക്ക് ആയി സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ക്രമത്തിൽ സംവരണം ചെയ്യാവുന്നതാണ്.

12. ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനായി ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ കോളേജുകളിലെ മുഴുവൻ വിഷയങ്ങളുടെയും പട്ടിക തയാറാക്കേണ്ടതാണ്.

13. സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ Backlog ഒഴിവുകൾ തിട്ടപ്പെടുത്തിയപ്പോൾ decimals ഉണ്ടാകുന്ന സാഹചര്യത്തിൽ തൊട്ടടുത്ത പൂർണ സഖ്യ വരുന്ന രീതിയിൽ ആണ് decimals round off ചെയ്യുന്നത്. ( 1.1 is rounded off as 2)

14. ഒരു കോളേജ് / കോർപറേറ്റ് മാനേജ്മെന്റ് –ന്റെ ഒഴിവുകൾ ഒന്നിച്ച് വിജ്ഞാപനം ചെയ്യുമ്പോൾ 07.02.1996 മുതൽ 18.04.2017 വരെയും, 19.04.2017 മുതൽ അപേക്ഷ സമർപ്പിക്കുന്ന തീയതി വരെയും നടത്തിയിട്ടുള്ള നിയമനങ്ങളുടെ എണ്ണം (സർവ്വകലാശാല അംഗീകാരം നൽകിയിട്ടുള്ളത്), മാനേജർ സാക്ഷ്യപ്പെടുത്തി സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ 07.02.1996 തീയതി മുതൽ നടത്തിയിട്ടുള്ള ഭിന്നശേഷി നിയമനങ്ങളുടെ പട്ടിക (ഉപ വിഭാഗം രേഖപ്പെടുത്തി) സമർപ്പിക്കേണ്ടതാണ്.

15. വിജ്ഞാപനം പ്രസിദ്ധീകരിയ്ക്കുമ്പോൾ റിസർവേഷൻ റോസ്റ്റർ ക്രമത്തിൽ വിഷയങ്ങളും, ഭിന്നശേഷി ഉപവിഭാഗങ്ങളും കൃത്യമായി പരിഗണിച്ച് വേണം സർവ്വകലാശാലയിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

16. ഒഴിവുകൾ സംബന്ധിച്ച വിജ്ഞാപനം, പൊതുവിഭാഗങ്ങൾ/കമ്മ്യൂണിറ്റി/ഭിന്നശേഷി (ഉപവിഭാഗം രേഖപ്പെടുത്തി) എന്ന് വ്യക്തമായി രേഖപ്പെടുത്തി പ്രസിദ്ധീകരിയ്ക്കേണ്ടതാണ്.

17. വിജ്ഞാപനം പ്രസിദ്ധീകരിച്ച ഭിന്നശേഷി സംവരണ വിഷയങ്ങളിൽ അപേക്ഷകരെ ലഭിയ്ക്കാത്ത പക്ഷം വിജ്ഞാപനം പുനഃ പ്രസിദ്ധീകരിയ്ക്കേണ്ടതും, എന്നിട്ടും അപേക്ഷകരെ ലഭിയ്ക്കുന്നില്ല എങ്കിൽ, സർക്കാർ ഉത്തരവിലെ ഉപവിഭാഗങ്ങളുടെ റൊട്ടേഷൻ അനുസരിച്ച് നിയമനം നടത്തുമെന്നും, അപേക്ഷകരുടെ അഭാവത്തിൽ പൊതുവിഭാഗത്തിൽ നിന്നും നിയമനം നടത്തുമെന്നും രേഖപ്പെടുത്തി വിജ്ഞാപനം പ്രസിദ്ധീകരിയ്ക്കേണ്ടതാണ്. ഇപ്രകാരം നിയമനം നടത്തുന്ന സാഹചര്യത്തിൽ, തുടർന്ന് വരുന്ന ഒഴിവുകളിൽ ഭിന്നശേഷി സംവരണം മാറ്റിനൽകുന്നതാണ് എന്ന കോളേജ് മാനേജരുടെ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.

18. നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അനുസരിച്ചും, സർക്കാർ പ്രതിനിധിയെ അനുവദിച്ച ഉത്തരവിനും വിധേയമായി ജോലിഭാരം കണക്കാക്കി സർക്കാർ അനുമതിയോടെ മാനേജ്മെന്റിന് നിയമനം നടത്താവുന്നതാണ്.

19. മതിയായ ജോലിഭാരം ഉള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് മാനേജ്മെന്റുകൾ സർവ്വകലാശാലയോട് മുൻകൂർ അനുവാദം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ പൊതു വിഭാഗം, കമ്മ്യൂണിറ്റി, ഭിന്നശേഷി എന്നീ വിഭാഗങ്ങൾ ഒന്നിച്ച് വിജ്ഞാപനം നടത്താൻ അനുവാദം നൽകാവുന്നതാണ്. പ്രസ്തുത സാഹചര്യത്തിൽ ഭിന്നശേഷി റൊട്ടേഷൻ ക്രമപ്രകാരമാണ് എന്ന സത്യവാങ്മൂലം മാനേജർ സമർപ്പിക്കേണ്ടതാണ്.

**<u>ഔട്ട് ഓഫ് അജണ്ട</u>**

**ഇനം.നമ്പർ: ഒ.എ.1/24.07/131750/CBCSS 17-3/2023 എടത്വ സെൻറ് അലോഷ്യസ് കോളേജിലെ സി.ബി.സി.എസ്. ബിഎസ് സി. മാത്തമാറ്റിക്സ് മോഡൽ 1 വിദ്യാർത്ഥി SREEJITH SUBASH (PRN: 210021032565) ഉടനെ പരീക്ഷ ഇല്ലാത്ത സാഹചര്യത്തിൽ 5, 6 സെമസ്റ്ററുകളിലെ ഇന്റേണൽ പരീക്ഷകളും, പ്രോജക്ട് വൈവ എന്നിവ പ്രത്യേകമായി എഴുതാൻ അനുമതി ലഭിക്കുന്നതിനായി സർവ്വകലാശാലയിൽ സമർപ്പിച്ച അപേക്ഷ – അന്വേഷണ കമ്മീഷൻ റിപ്പോർട്ട് – സംബന്ധിച്ച്.**

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും, എടത്വ, സെൻറ് അലോഷ്യസ് കോളേജിലെ സി.ബി.സി.എസ്., ബിഎസ്.സി. മാത്തമാറ്റിക്സ് മോഡൽ 1 വിദ്യാർത്ഥി SREEJITH SUBASH–ന് 5, 6 സെമസ്റ്ററുകളിലെ ഇന്റേണൽ പരീക്ഷകളും, പ്രോജക്ട് വൈവയും പ്രത്യേകമായി നടത്തി റിസൾട്ട് പ്രസിദ്ധീകരിച്ച്, ഒരു മാസത്തിനുള്ളിൽ ടി വിവരം സർവ്വകലാശാലയെ അറിയിക്കുന്നതിന് പ്രിൻസിപ്പലിന് കർശ്ശന നിർദ്ദേശം നൽകുന്നതിനും, മുൻപ് ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള 31.05.2024–ലെ 4543/CBCSS 17/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ് കോളേജ് പ്രൻസിപ്പൽ നടപ്പിലാക്കാത്ത വിഷയം

കോളേജ് മാനേജരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും, തുടർന്നും ഇത്തരം നടപടികൾ കോളേജ് പ്രൻസിപ്പൽ ആവർത്തിക്കുന്ന പക്ഷം, കോളേജ് പ്രൻസിപ്പലിന്റെ നിയമനാംഗീകാരം റദ്ദാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കോളേജ് മാനേജരെ അറിയിക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്യ.2/24.07** **മഹാത്മാഗാന്ധി സർവ്വകലാശാല 2024-25 കലോത്സവത്തിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.**

2024-25 അധ്യയന വർഷം മുതലുള്ള കലോത്സവത്തിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുജ റ്റി. വി., ഡോ. പി. എസ്. രാധാകൃഷ്ണൻ, ശ്രീ. അരുൺ കെ. ശശീന്ദ്രൻ, ശ്രീ. അമൽ എബ്രഹാം എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്യ.3/24.07** Degrees to be awarded to successful candidates who have passed various examinations conducted by the University under different faculties - reg.

Resolved to award Certificate/Degree/Diploma to successful candidates who have passed various examinations conducted by the University, including the candidates of Autonomous Colleges under the University, who have followed University regulations under different faculties till 14.11.2024.

**ഇനം.നമ്പർ: ഒ.എ്യ.4/24.07/129446/OFFICE OF THE CE 1/2024** **പരീക്ഷാ മൂല്യനിർണ്ണയ പ്രക്രിയ** Automate **ചെയ്യുന്നതുമായി ബന്ധപ്പെട്ട്** Tata Consultancy Services **സമർപ്പിച്ച** Proposal **പരീക്ഷണാടിസ്ഥാനത്തില് നടപ്പാക്കുന്നത്- സംബന്ധിച്ച്.**

പരീക്ഷാ മൂല്യനിർണ്ണയ പ്രക്രിയ Automate ചെയ്യുന്നതുമായി ബന്ധപ്പെട്ട് Tata Consultancy Services സമർപ്പിച്ച Proposal അനുസരിച്ച്, 08.11.2024-ന് അവസാനിച്ചിട്ടുള്ള മൂന്നാം സെമസ്റ്റർ B.Ed (2023 Admission Regular/Supplementary/Mercy Chance) പരീക്ഷയുടെ മൂല്യനിർണ്ണയ പ്രക്രിയ പരീക്ഷണാടിസ്ഥാനത്തിൽ Automate ചെയ്യുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്യ.5/24.07/66440/AC B2-1/2024** **യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ - ശ്രീ. സവാദ് കെ.എസ് - അസിസ്റ്റന്റ് പ്രൊഫസർ നിയമനാംഗീകാരം - സംബന്ധിച്ച്.**

Crl.MC.No-1476/2024-മേൽ, 27.09.2024 തീയതിയിലെ ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം, ശ്രീ. സവാദ് കെ.എസ്-ന്റെ പേരിൽ നിലനിൽക്കുന്ന കേസ് റദ്ദാക്കിയ സാഹചര്യത്തിൽ, സർവ്വകലാശാല സ്റ്റാന്റിംഗ് കോൺസൽ നൽകിയ നിയമോപദേശം പരിഗണിച്ച്, 31.05.2022 തീയതിയിൽ ഡോ. മാർക്കോസ് വി. പി. വിരമിച്ച ഒഴിവിൽ, ഭിന്നശേഷി സംവരണ പ്രകാരം (ശാരീരിക-വൈകല്യം) ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ്, മലയാളം വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 06.02.2024 പൂർവാഹ്നം മുതൽ നിയമിതനായ ശ്രീ. സവാദ് കെ.എസ്-ന് നിയമനാംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്യ.6/24.07** **MGU UGP (Honours) ഒന്നാം സെമസ്റ്റർ ചോദ്യബാങ്കിന്റെ പ്രാഥമിക പരിശോധന - വിഷയ വിദഗ്ദ്ധർക്ക് പ്രതിഫലം അനുവദിക്കുന്നത് സംബന്ധിച്ച്.**

MGU UGP (Honours) ഒന്നാം സെമസ്റ്റർ ചോദ്യബാങ്കിന്റെ പ്രാഥമിക പരിശോധനയ്ക്ക് വിഷയ വിദഗ്ദ്ധരായി നിയോഗിക്കപ്പെട്ട അധ്യാപകർക്ക് അർഹമായ TA/DA-ക്ക് പുറമേ കോഴ്സ് ഒന്നിന് Rs. 500/- (അഞ്ഞൂറ് രൂപ മാത്രം) രൂപ നിരക്കിൽ പ്രതിഫലം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്യ.7/24.07** Awarding of Ph. D. Degree - reg:-

The action taken by the Vice-Chancellor in having constituted the Boards of Examiners for the adjudication of the theses was reported to the Syndicate.

Further resolved to award the Degree of Doctor of Philosophy to all the candidates whose files are submitted to the Syndicate till 14.11.2024 in the faculty concerned.

| Sl. No | File No. | Name & Address of Candidate | Name & Address of Supervising Teacher | Name & Address of the Co-Guide | Subject Area and Faculty | Title of the proposed Thesis |
|---|---|---|---|---|---|---|
| **1** | 37135/AC A14-3/2024 | Smt. Maya Mathew Thadathil (H), Manalumkal P O, Kottayam- 686 503. | Dr. Radhakrishnan E. K Associate Professor, School of Biosciences, Mahatma Gandhi University, Kottayam. | Dr. Sandhya C Associate Professor of Biochemistry, Kuriakose Elias College, Mannanam, Kottayam | Biotechnology / Science | PHENOTYPIC AND MOLECULAR CHARACTERISATION OF MULTIDRUG RESISTANT MASTITOGENS FROM COW MILK AND THEIR NANOTHERAPEUTIC MANAGEMENT |
| **2** | 15545/AC A15-2/2024 | Smt. Jasmin Baby Varickamackal(H) Muttom P O Idukki-685 587 | Dr. Amstrong Sebastian Research Guide & Associate Professor Post Graduate & Research Dept. of English Nirmala College Muvattupuzha | Nil | English / Language & Literature | From Text to Performance: The Politics of Regietheatre in Deepan Sivaraman's Select Plays |
| **3** | 26359/AC A15-2/2024 | Smt. Ajitha Kumari A R Thayyil Malayil (H) Kuttoor P O Thiruvalla Pathanamthitta Pin-689106 | Dr. Praneetha P Supervising Teacher Maharaja's College Ernakulam | Nil | Hindi / Language & Literature | MAHILA RANGKARMI NADIRA ZAHIR BABBAR KE SAMAGRA YOGDAN KA VISHLESHNATMAK ADHYAYAN |
| 4 | 130812/AC A15-2/2023 | Smt. Merin Jose Kuttamparambil(H) Karippadom P O Thalayolaparambu Kottayam-686605 | Dr. K M Krishnan Professor of English (Retd) School of Letters Mahatma Gandhi University. | Nil | English/ Language & Literature | Myths in Contemporary Visual Narratives: A Study in the Politics of Advertisements |

| | | | | | | |
|---|---|---|---|---|---|---|
| 5 | 30977/AC A15-2/2024 | Smt. Harsha Vincent<br>Kanhirakkattu<br>Cheppanool<br>Kurumathoor<br>Muyyam<br>Kannur - 670 142 | Dr. Ashley Susan Philip<br>Assistant Professor & Research Guide<br>Department of English<br>Mar Thoma College<br>Thiruvalla. | Nil | English/ Language & Literature | Territorializing Identity: A Spatial Critique of Select Fictions from Northeast India |
| 6 | 158875/ AC A15-2/2023 | Smt. Bhagyalakshmi Mohan<br>Kalappurayidathil<br>Kanam P O<br>Kangazha<br>Kottayam-686515 | Dr. K M Krishnan<br>Professor of English (Retd)<br>School of Letters<br>Mahatma Gandhi University. | Nil | English / Language & Literature | Feminisms & Womanisms: A Historical Study of the Literary Culture of women writers in Kerala |
| 7 | 44808/AC A15-2/2024 | Smt. Ramseena P<br>Poomangalorakth(HO)<br>Peringome<br>Peringome P O<br>Aravanchal (Via)<br>Payyannur<br>Kannur-670307 | Dr. Merly K Punnoose<br>Assistant Professor & Research Guide<br>Department of Hindi<br>St. Stephen's College<br>Uzhavoor | Nil | Hindi / Language & Literature | BHAGWANDASS MORWAL KA RACHANA SANSAR |
| 8 | 98143/AC A15-2/2023 | Sri. Mohammed V<br>Vaisiar (H)<br>Kappu<br>Perinthalmanna<br>Malappuram, 679 325 | Prof. (Dr.) Liyaqath Ali<br>Professor & HOD of Arabic<br>Govt. College<br>Mokeri<br>Kozhikode Dt. | Nil | Arabic / Language & Literature | An Analytical Study of The Arabic Didactic Verses Written by Scholars of Kerala |
| 9 | 4442/AC A15-3/2024 | Smt. Athira V T<br>3A, NJK<br>Ratnalayam<br>Chittoor Road, Kochi<br>PIN - 682 011 | Dr. Joseph George<br>Research Guide<br>PG and Research Department of Commerce<br>Sacred Heart College (Autonomous)<br>Thevara, Kochi - 682 013 | Nil | Commerce / Commerce | The effects of demonetisation on digital transactions - A customer centric study with special reference to public and private sector banks in Kerala |

| | | | | | | |
|---|---|---|---|---|---|---|
